■ നാളികേരകൃഷി അറിയേണ്ടതെല്ലാം

www.facebook.com/samakalikajanapadham/

# സമകാലിക ജനപഥം

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

2021 മാർച്ച് 1 ₹ 12 പുസ്തകം 7 ലക്കം 8



## മഹാമാരിയെ മറികടന്ന് ബൂത്തിലേക്ക്



**2021 മാർച്ച് 14**

# കേരള വനിതാ കമ്മിഷൻ
# രജത ജൂബിലി നിറവിൽ

കേരള വനിതാ കമ്മിഷൻ
25-ാം
വാർഷികം
1996-2021

**ഒരു വർഷം നീളുന്ന ആഘോഷ പരിപാടികൾ**

ലോക വനിതാ സമ്മേളനം
സെമിനാറുകൾ
വെബിനാറുകൾ
വനിതാ പുരസ്കാര വിതരണം
ഷോർട്ട് വീഡിയോ മത്സരം

മാധ്യമ പുരസ്കാര വിതരണം
അന്താരാഷ്ട്ര വനിതാ ദിനാചരണം
കലാ-കായിക മത്സരങ്ങൾ
പ്രസിദ്ധീകരണങ്ങളുടെ പ്രകാശനം
ഡോക്യുമെന്ററി പ്രദർശനം

स्त्रीशक्ति


**ആസ്ഥാനം:**
**കേരള വനിതാ കമ്മിഷൻ**
പട്ടം പാലസ് പി.ഒ, പിഎംജി,
തിരുവനന്തപുരം-695 004.
ഫോൺ: 0471 2302590, 2300509, 91883 80783
E-mail: keralawomenscommission@yahoo.co.in

**റീജണൽ ഓഫീസ്:**
ഗ്രൗണ്ട് ഫ്ളോർ,
ജില്ലാ പഞ്ചായത്ത് കാര്യാലയം
കോഴിക്കോട്-673 020.
ഫോൺ: 0495 2377590
E-mail: kwckkd@gmail.com


PRO, KWC

ഇൻഫർമേഷൻ
പബ്ളിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

ചീഫ് എഡിറ്റർ
**എസ്. ഹരികിഷോർ ഐ.എ.എസ്**
അഡീഷണൽ ചീഫ് എഡിറ്റർ
**കെ. സന്തോഷ് കുമാർ**
ഡപ്യൂട്ടി ചീഫ് എഡിറ്റർ
**കെ.പി. സരിത**
എഡിറ്റർ
**നാഫിഹ് എം.**
അസിസ്റ്റന്റ് എഡിറ്റർ
**മെർലിൻ ജെ.എൻ**
സർക്കുലേഷൻ ഓഫീസർ
**അഭിലാഷ് എ.സി.**
കവർ & ലേഔട്ട്
**ദീപക് മൗത്താട്ടിൽ**
ടൈപ്പ് സെറ്റിങ്
**വിനിത.വി.എസ്**
എഡിറ്റോറിയൽ അസിസ്റ്റന്റ്സ്
**സഞ്ജന സുനിൽ**
**സംഗീത ഒ.**

March 1, 2021, Volume 7, Issue 8
e-mail : prdmalayalam@gmail.com
Website : www.prd.kerala.gov.in

പ്രതികരണങ്ങൾ അയക്കേണ്ട വിലാസം

എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാംനില,
തിരുവനന്തപുരം-695001
prdmalayalam@gmail.com
0471-2518171

വാർഷിക വരിക്കാരാകാൻ
120 രൂപയുടെ മണി ഓർഡർ,
ഡയറക്ടർ,
ഇൻഫർമേഷൻ പബ്ളിക്
റിലേഷൻസ് വകുപ്പ്, എഡിറ്റോറിയൽ
വിഭാഗം, 1-ാം നില, സെക്രട്ടേറിയറ്റ്
അനക്സ്-1, തിരുവനന്തപുരം-1
എന്ന വിലാസത്തിൽ അയയ്ക്കുക.

0471-2517036

ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.

സമകാലിക
ജനപഥം
2021 മാർച്ച് 1
പുസ്തകം 7 ലക്കം 8

# സജ്ജമാണ് കേരളം

വീണ്ടുമൊരു നിയമസഭാ തെരഞ്ഞെടുപ്പിനുള്ള അവസാനഘട്ട ഒരുക്കങ്ങളിലാണ് കേരളം. സമസ്തമേഖലകളേയും മന്ദീഭവിപ്പിച്ച കോവിഡ്-19 ഉയർത്തുന്ന വെല്ലുവിളികളെ മറികടന്നുകൊണ്ടാണ് ഏപ്രിൽ ആറിന് ബൂത്തിലേക്ക് നീങ്ങാനുള്ള തയാറെടുപ്പുകൾ അതിവേഗം പുരോഗമിക്കുന്നത്. ഒരു ബൂത്തിൽ ആയിരത്തിലധികം പേർ പാടില്ലെന്ന തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദേശാനുസരണം 15,730 ആക്സിലറി ബൂത്തുകളാണ് സംസ്ഥാനത്ത് തയാറാവുന്നത്. കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ചുള്ള മറ്റു നടപടിക്രമങ്ങളും അനുബന്ധ സൗകര്യങ്ങളും അടക്കം അഭൂതപൂർവമായ സജ്ജീകരണങ്ങളാണ് ഒരുങ്ങുന്നത്. കള്ളവോട്ട് തടയാൻ അമ്പതു ശതമാനം ബൂത്തുകളിലും വെബ്കാസ്റ്റിങ് അടക്കമുള്ള നിരവധി പ്രത്യേകതകളും ഇക്കുറിയുണ്ട്. മഹാമാരിയുടെ കാലത്തും ജനാധിപത്യത്തിന്റെ അന്തസത്ത ഉയർത്തിപ്പിടിച്ചുകൊണ്ട് നീതിപൂർവവും സമാധാനപരവും സമ്പൂർണവുമായ വോട്ടെടുപ്പിനുള്ള സംവിധാനങ്ങളാണ് തെരഞ്ഞെടുപ്പ് കമ്മീഷൻ ഒരുക്കുന്നത്. വോട്ട് രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനായി ബഹുമുഖമായ പ്രചാരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. അവയെ കുറിച്ചെല്ലാം സംസ്ഥാന മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ ശ്രീ.ടീക്കാറാം മീണ ഈ ലക്കം ജനപഥത്തോട് സംസാരിക്കുന്നുണ്ട്.

തെരഞ്ഞെടുപ്പ് ചൂടിന് മേൽ അന്തരീക്ഷ താപനിലയും വർധിക്കുകയാണ്. ലോകത്താകമാനം താപനിലയിൽ ഉണ്ടായ വ്യതിയാനങ്ങളുടെ പ്രത്യാഘാതങ്ങൾ പലവിധത്തിൽ പ്രതിഫലിക്കുന്നു. വർഷങ്ങൾ കഴിയുന്തോറും ആഗോളതാപനം വർധിക്കുന്നതായി പഠനങ്ങൾ സൂചിപ്പിക്കുന്നു. സൂര്യാഘാതം, വരൾച്ച, പലതരം രോഗങ്ങൾ തുടങ്ങി മനുഷ്യരാശിക്കും മറ്റു ജീവജാലങ്ങൾക്കും ഭീഷണി ഉയർത്തിക്കൊണ്ടാണ് ഇക്കുറിയും വേനൽ കനക്കുന്നത്. അതുസംബന്ധിച്ച കാലാവസ്ഥാ വിദഗ്ദ്ധരുടെ വിശദമായ ലേഖനങ്ങളും ഈ ലക്കത്തിൽ വായിക്കാം.

നാളികേരത്തിന്റെ നാടാണ് കേരളമെങ്കിലും വീട്ടാവശ്യത്തിനുള്ള നാളികേരം പോലും വിലകൊടുത്തു വാങ്ങേണ്ട അവസ്ഥയിലാണ് ഇന്ന് മലയാളികളിൽ ബഹുഭൂരിപക്ഷവും. അൽപം ശ്രദ്ധിച്ചാൽ വീട്ടുവളപ്പിലെ തെങ്ങുകളിൽ നിന്നു തന്നെ നമുക്കാവശ്യമായ നാളികേരം ഉത്പാദിപ്പിക്കുക അസാധ്യമല്ല. അതിനുതകുന്ന തരത്തിൽ നാളികേര ഗവേഷണ രംഗത്തുള്ള വിദഗ്ദ്ധർ തയാറാക്കിയ പ്രത്യേക ലേഖനവും ഈ ലക്കത്തിൽ വായനക്കാർക്ക് മുതൽക്കൂട്ടാവും.

മലയാള സാഹിത്യത്തിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച വിഷ്ണുനാരായണൻ നമ്പൂതിരിയെക്കുറിച്ചുള്ള അനുസ്മരണം, എഴുത്തച്ഛൻ പുരസ്കാര ജേതാവായ സക്കറിയയുടെ കഥകളെക്കുറിച്ചുള്ള പഠനം, ചലച്ചിത്രപ്രേമികളുടെ ആഘോഷമായ അതിജീവനത്തിന്റെ ചലച്ചിത്രോത്സവം, മഹാമാരി ഒരുവർഷം പിന്നിടുമ്പോൾ, വിഷമുക്തമായ പച്ചക്കറി കൃഷി തുടങ്ങിയവയും ഈ ലക്കത്തിൽ വായിക്കാം.

**എസ്. ഹരികിഷോർ ഐ.എ.എസ്**
ചീഫ് എഡിറ്റർ

ജനപഥം മാർച്ച് 2021

# ഉള്ളടക്കം




**06 സവിശേഷം**

**08 മഹാമാരിയെ മറികടന്ന് ബൂത്തിലേക്ക്**
ടീക്കാറാം മീണ/ ആശിഷ് സി.ആർ

**12 ഉരുകുന്ന കേരളം ഉഷ്ണതരംഗങ്ങളും സൂര്യാഘാതവും**
എൻ.റ്റി. നിയാസ്,
ഷിബിൻ ജെ ബാബു, ഗ്രീഷ്മ ജി.എസ്

**22 ചരിത്രം മാറ്റിയെഴുതിയ പെൺവഴി**
ഇന്ദുലേഖ കെ

**24 മഹാമാരി ഒരുവർഷം പിന്നിടുമ്പോൾ**
ഡോ. ചിന്ത എസ്

**26 വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കാവ്യലോകം**
ശ്രീജാറാണി എസ്.എൻ

**29 സാധ്യ–അസാധ്യ ഇടങ്ങളുടെ കണ്ടെടുക്കൽ**
രാജേഷ് കെ എരുമേലി

**32 നാളികേരകൃഷി അറിയേണ്ടതെല്ലാം**
ഡോ. എൻ.വി. രാധാകൃഷ്ണൻ
ശ്രീ.കവിത.ജി.വി, ഡോ.കെ.പ്രതാപൻ

**40 വിഷമുക്തമായ പച്ചക്കറി**
ഷിഹാബ് കോട്ടൂർ







44 **അതിജീവനത്തിന്റെ ചലച്ചിത്രോത്സവം**
സഞ്ജന സുനിൽ

48 **സ്മൃതിപഥത്തിലെ ചില ജീവചരിത്ര സിനിമകൾ**
ജി. കൃഷ്ണസ്വാമി




ചിത്രങ്ങൾ

**ഐ. പി. ആർ. ഡി. ഫോട്ടോഗ്രാഫി വിഭാഗം**







# കോവിഡ്–19
# തെരഞ്ഞെടുപ്പ് മാർഗനിർദേശങ്ങൾ

**നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് രാഷ്ട്രീയപാർട്ടികൾക്കുള്ള കോവിഡ് മാർഗ നിർദേശങ്ങൾ പുറത്തിറക്കി. ജനങ്ങളുമായി ഇടപഴകുമ്പോൾ ശാരീരിക അകലം പാലിക്കുകയും മാസ്ക് കൃത്യമായി ധരിക്കുകയും വേണം. സംസാരിക്കുമ്പോൾ മാസ്ക് താഴ്ത്താൻ പാടില്ല. സാനിറ്റൈസർ കൃത്യമായ ഇടവേളകളിൽ ഉപയോഗിക്കേണ്ടതുമാണ്. മാസ്ക്, കൈയ്യുറകൾ എന്നിവ കോവിഡ് മാനദണ്ഡപ്രകാരം സംസ്ക്കരിക്കുന്നതിന് ശ്രദ്ധിക്കണം.**

## പ്രധാന നിർദേശങ്ങൾ

**1. യോഗങ്ങൾ നടത്തുന്ന ഹാളുകളിലും/ മുറിയുടെ കവാടത്തിലും സാനിറ്റൈസർ, സോപ്പ്, വെള്ളം എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തേണ്ടതാണ്.**

കഴിയുന്നതും വലിയ ഹാൾ കണ്ടെത്തുകയും എ.സി പ്രവർത്തിപ്പിക്കാതിരിക്കുകയും ജനാലകൾ തുറന്നിട്ട് വായു സഞ്ചാരം ഉറപ്പുവരുത്തുകയും വേണം. കൈ കഴുകാനുള്ള സൗകര്യം, വിശ്രമ മുറി, ശൗചാലയം എന്നിവിടങ്ങളിൽ സോപ്പും വെള്ളവും ഉറപ്പുവരുത്തുകയും അണുനശീകരണം നടത്തുകയും ചെയ്യേണ്ടതാണ്.

**2. പ്രചാരണ സമയങ്ങളിൽ പാലിക്കേണ്ട മുൻകരുതൽ**

- ഗൃഹസന്ദർശനത്തിന് സ്ഥാനാർഥിയടക്കം അഞ്ചു പേർ മാത്രമേ പങ്കെടുക്കാൻ പാടുള്ളൂ.
- മാസ്ക്, ശാരീരിക അകലം എന്നിവ കർശനമായി പാലിക്കണം.
- മാസ്ക് മുഖത്ത് നിന്ന് താഴ്ത്തി ആരെയും അഭിമുഖീകരിക്കരുത്.
- പ്രചാരണ സമയത്ത് വോട്ട് തേടുന്നതിനായി വീടിന് അകത്തേക്ക് പ്രവേശിക്കാനും പാടുള്ളതല്ല.
- ക്വാറന്റൈനിലുള്ള വീടുകളിലും, കോവിഡ് രോഗികൾ, ഗർഭിണികൾ, വയോധികർ, ഗുരുതര രോഗബാധിതർ എന്നിവരുള്ള വീടുകളിലും പ്രചാരണം നടത്തുമ്പോൾ പ്രത്യേകം ശ്രദ്ധ വേണ്ടതാണ്.
- പനി, ചുമ, ജലദോഷം, മറ്റ് അസ്വസ്ഥതകൾ ഉള്ളവർ പ്രചാരണത്തിന് പോകരുത്.
- കൃത്യമായ ഇടവേളകളിൽ സോപ്പ്, സാനിറ്റൈസർ എന്നിവ ഉപയോഗിച്ച് കൈകൾ അണുവിമുക്തമാക്കി, വ്യക്തി ശുചിത്വം പാലിക്കേണ്ടതാണ്.
- ജാഥകളും പൊതുയോഗങ്ങളും കോവിഡ് മാർഗനിർദേശങ്ങൾ പാലിച്ചുകൊണ്ട് മാത്രം നടത്തുക.
- പൊതുയോഗത്തിനുള്ള മൈതാനത്തിൽ കയറുന്നതിനും ഇറങ്ങുന്നതിനും പ്രത്യേക കവാടങ്ങൾ ഒരുക്കുകയും വേണം.
- മൈതാനങ്ങളിൽ ശാരീരിക അകലം പാലിക്കുന്നതിനായി പ്രത്യേകം അടയാളങ്ങൾ വയ്ക്കണം.
- പൊതുയോഗങ്ങളിൽ തെർമൽ സ്കാനിങ് നടത്തുകയും മാസ്ക്, സാനിറ്റൈസർ എന്നിവയുടെ ഉപയോഗം ഉറപ്പുവരുത്തേണ്ടതുമാണ്.
- കോവിഡ് രോഗികൾക്ക് പി.പി.ഇ കിറ്റ് ധരിച്ച് വന്ന് വോട്ട് ചെയ്യാനും തപാൽ വോട്ട് തെരഞ്ഞെടുക്കാനും സൗകര്യമുണ്ടായിരിക്കും.
- കോവിഡ് രോഗികൾക്ക് പുറമെ 80 വയസ്സിനു മുകളിലുള്ളവർ, ഭിന്നശേഷിക്കാർ എന്നിവർക്കും തപാൽ വോട്ട് തെരഞ്ഞെടുക്കാം.
- നാമനിർദേശപത്രിക സമർപ്പിക്കാനെത്തുമ്പോൾ സ്ഥാനാർഥിക്കൊപ്പം രണ്ടുപേരെ മാത്രമേ അനുവദിക്കൂ.
- പ്രചാരണ വാഹനജാഥകൾക്ക് പരമാവധി അഞ്ചു വാഹനങ്ങളാകും അനുവദിക്കുക.

പ്രചാരണ യോഗങ്ങളിലെ ഇൻഡോർ യോഗങ്ങളിൽ 100 പേരും ഔട്ട്ഡോർ യോഗങ്ങളിൽ 200 പേരിലും കൂടാൻ പാടില്ല.

# സി-വിജിൽ മൊബൈൽ ആപ്പ്

തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ട ലംഘനം അതിവേഗം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്താൻ സഹായകമായ സംവിധാനമാണ് സി-വിജിൽ മൊബൈൽ ആപ്പ്. പണം, മദ്യം, ലഹരി, മറ്റ് പാരിതോഷികങ്ങൾ എന്നിവയുടെ വിതരണം, ഭീഷണിപ്പെടുത്തൽ, മതസ്പർധയുണ്ടാക്കുന്ന പ്രസംഗങ്ങൾ, പെയ്ഡ് ന്യൂസ്, വ്യാജ വാർത്തകൾ, അനധികൃതമായി പ്രചാരണ സാമഗ്രികൾ പതിക്കുക തുടങ്ങി പെരുമാറ്റച്ചട്ട ലംഘനത്തിന്റെ പരിധിയിൽ വരുന്ന ഏതു പ്രവർത്തനങ്ങൾക്കെതിരെയും പൊതുജനങ്ങൾക്ക് ഈ സംവിധാനം വഴി പരാതി നൽകാൻ കഴിയുന്നതാണ്.

ആപ്പ് പ്ലേ സ്റ്റോറിൽ നിന്ന് നേരിട്ട് ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഈ ആപ്ലിക്കേഷൻ മുഖേന പരാതികൾ തത്സമയ ചിത്രങ്ങൾ, രണ്ടു മിനിറ്റു വരെ ദൈർഘ്യമുള്ള വീഡിയോകൾ, ശബ്ദരേഖകൾ എന്നിവ സമർപ്പിക്കാനാകും. ജി.ഐ.എസ് ഉപയോഗിച്ച് പ്രവർത്തിക്കുന്ന സംവിധാനത്തിൽ ലൊക്കേഷൻ ലഭ്യമാകുന്നതു കൊണ്ടുതന്നെ അന്വേഷണവും പരിഹാര നടപടികളും വേഗത്തിലാക്കുന്നു. സിറ്റിസൺ വിജിലന്റ് എന്ന വാക്കിന്റെ ചുരുക്കരൂപമാണ് സി വിജിൽ ആപ്ലിക്കേഷൻ കൊണ്ട് അർഥമാക്കുന്നത്.

പരാതി സമർപ്പിക്കുന്നതിനുള്ള കാലതാമസം, തെളിവുകളുടെ അഭാവം, വ്യാജ പരാതികൾ തുടങ്ങിയവ ഒഴിവാക്കുന്നത് ലക്ഷ്യമിട്ട് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ ഏർപ്പെടുത്തിയിട്ടുള്ള ആപ്ലിക്കേഷനിൽ പൊതുജനങ്ങൾക്ക് സ്വന്തം പേരുവിവരങ്ങൾ വെളുപ്പെടുത്തിയും അല്ലാതെയും പെരുമാറ്റച്ചട്ട ലംഘനങ്ങളെക്കുറിച്ച് വിവരങ്ങൾ നൽകാവുന്നതാണ് . ഫോട്ടോ, വീഡിയോ, ഓഡിയോ തുടങ്ങിയവ എടുത്തശേഷം അഞ്ചു മിനിറ്റിനുള്ളിൽ പരാതി സമർപ്പിച്ചിരിക്കണം. ഫോണിൽ നേരത്തെ സ്റ്റോർ ചെയ്തിട്ടുള്ള വീഡിയോകളും ഫോട്ടോകളും സി വിജിൽ ആപ്പിൽ അപ്‌ലോഡ് ചെയ്യാൻ സാധിക്കുന്നതല്ല. സി വിജിൽ ആപ്പിൽ ലഭിക്കുന്ന പരാതികൾ കളക്ടറേറ്റിൽ പ്രവർത്തിക്കുന്ന സി വിജിൽ ജില്ലാ കൺട്രോൾ റൂമിലാണ് ആദ്യം ലഭിക്കുക. ഉടൻതന്നെ അതത് നിയോജക മണ്ഡലങ്ങളിലെ സ്ക്വാഡുകൾക്ക് കൈമാറും. ഫ്ളൈയിങ് സ്ക്വാഡ്, ആന്റീ ഡീഫേയ്സ്മെന്റ് സ്ക്വാഡ്, സ്റ്റാറ്റിക് സർവൈലൻസ് ടീം എന്നിവരാണ് പരാതികളെക്കുറിച്ച് അന്വേഷിക്കുന്നത്. സി വിജിൽ ഇൻവെസ്റ്റിഗേറ്റർ എന്ന ജി.ഐ.എസ് ആപ്ലിക്കേഷൻ മുഖേനയാണ് ഇവർ പരാതിയുടെ ലൊക്കേഷൻ കണ്ടെത്തുക. അന്വേഷണം നടത്തുന്ന സ്ക്വാഡ് അതത് വരണാധികാരിക്ക് മൊബൈൽ ആപ്ലിക്കേഷനിലൂടെ തന്നെ റിപ്പോർട്ട് നൽകും. അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് വരണാധികാരി നടപടി സ്വീകരിക്കും.

cVIGIL

പരാതിയിൽ സ്വീകരിച്ച തുടർ നടപടി സംബന്ധിച്ച വിവരം 100 മിനിറ്റിനുള്ളിൽ പരാതിക്കാരനെയും അറിയിക്കുന്നതാണ്. പരാതി സമർപ്പിക്കുമ്പോൾ ലഭിക്കുന്ന യുണീക് ഐഡി ഉപയോഗിച്ച് പരാതി ട്രാക്ക് ചെയ്യാനും കഴിയും. അജ്ഞാത പരാതിക്കാർക്ക് പരാതിയുടെ സ്ഥിതി മൊബൈലിൽ അറിയാൻ കഴിയില്ല. എന്നാൽ ഇവർക്ക് അതത് റിട്ടേണിങ് ഓഫീസർമാരെ നേരിട്ട് ബന്ധപ്പെട്ടാൽ വിവരം ലഭിക്കുന്നതാണ്. ആപ്പിന്റെ ദുരുപയോഗം തടയുന്നതിനായി ഇൻബിൽറ്റ് ഫീച്ചേഴ്സുള്ള ആപ്ലിക്കേഷൻ തെരഞ്ഞെടുപ്പ് നടക്കുന്ന സംസ്ഥാനത്തിന്റെ അതിർത്തിക്കുള്ളിൽ മാത്രമേ പ്രവർത്തിക്കൂ എന്നതാണ് പ്രത്യേകത.

**തയ്യാറാക്കിയത്: സംഗീത.ഒ**

# പരിസ്ഥിതി സൗഹൃദമാകണം തെരഞ്ഞെടുപ്പ്

2021 ലെ നിയമസഭാ തെരഞ്ഞെടുപ്പ് പരിസ്ഥിതി സൗഹൃദമാക്കുന്നതിനായി ഇലക്ഷൻ വകുപ്പ് മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചു. സ്ഥാനാർഥികളും രാഷ്ട്രീയ പാർട്ടികളും പി.വി.സി പ്ലാസ്റ്റിക് ഫ്ളക്സുകൾ, ബാനറുകൾ, ബോർഡുകൾ, കൊറിയൻ ക്ലോത്ത്, നൈലോൺ, പോളിസ്റ്റർ തുണി, പ്ലാസ്റ്റിക് കൊടി തോരണങ്ങൾ തുടങ്ങി പ്ലാസ്റ്റിക്കിന്റെ അംശമോ, പ്ലാസ്റ്റിക്ക് കോട്ടിങ്ങോ ഉള്ള പുന:ചംക്രമണ സാധ്യമല്ലാത്ത പ്രചാരണ സാമഗ്രികളുടെ ഉപയോഗം ഒഴിവാക്കണം. പകരം കോട്ടൺ തുണി, പേപ്പർ, പോളി എത്തിലീൻ തുടങ്ങിയ പുനരുപയോഗ പുന:ചംക്രമണം സാധ്യമായ വസ്തുക്കൾ പ്രചാരണ പരിപാടികൾക്ക് ഉപയോഗിക്കാവുന്ന താണ്. രാഷ്ട്രീയ പാർട്ടികളുടെ ഇലക്ഷൻ ഓഫീസുകൾ അലങ്കരിക്കുന്നതിന് പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കണം. പ്രചാരണ സാമഗ്രികളിൽ റീസൈക്ലബിൾ, പി.വി.സി ഫ്രീ എന്ന ലോഗോയും, ഉപയോഗം അവസാനിക്കുന്ന തീയതിയും, പ്രിന്റു ചെയ്യുന്ന സ്ഥാപനത്തിന്റെ പേരും, പ്രിന്റിങ് നമ്പരും നിർബന്ധമായും ഉൾപ്പെടുത്തണം. പോളിങ് ബൂത്തുകളിൽ നിരോധിത പ്ലാസ്റ്റിക് വസ്തുക്കൾ പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. പ്രചാരണ സാമഗ്രികൾ ഉപയോഗശേഷം അതത് രാഷ്ട്രീയ പാർട്ടികൾ ശേഖരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഹരിതകർമ്മ സേന മുഖേന ക്ലീൻ കേരള കമ്പനിക്ക് കൈമാറണം. ഹരിതചട്ടം പാലിക്കുന്നതിനുള്ള നോഡൽ ഓഫീസർ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറായിരിക്കു മെന്നും ഉത്തരവിൽ പറയുന്നു.

അഭിമുഖം

ടീക്കാറാം മീണ/
ആശിഷ് സി.ആർ




15730 ആക്സിലറി ബൂത്തുകൾ, മൂന്നര ലക്ഷം പോളിങ് ഉദ്യോഗസ്ഥർ, കർശനമായ കോവിഡ് പ്രോട്ടോക്കോൾ, കൂടുതൽ വോട്ടിങ് മെഷീനുകൾ, കൂടുതൽ വിഭാഗങ്ങൾക്ക് തപാൽ വോട്ട് സംവിധാനം, കർശനമായ ഹരിതചട്ടങ്ങൾ, നാമനിർദേശ സമർപ്പണത്തിന് ഓൺലൈൻ സംവിധാനം, 50 ശതമാനം ബൂത്തുകളിലും വെബ്കാസ്റ്റിങ്... ഇത്തവണ നിയമസഭാ തെരഞ്ഞെടുപ്പിന് പ്രത്യേകതകൾ ഏറെയാണ്.

കോവിഡ് മഹാമാരി ഉയർത്തിയ വെല്ലുവിളികളെ നേരിട്ടാണ് ഏപ്രിൽ ആറിന് കേരളം പോളിങ് ബൂത്തിലേക്ക് നീങ്ങുന്നത്. മുൻ മാതൃകയില്ലാത്ത പ്രതിസന്ധികളുടെ സാഹചര്യത്തിൽ നടക്കുന്ന വോട്ടെടുപ്പ് ചരിത്രത്തിൽ സവിശേഷ സ്ഥാനം നേടുമെന്ന കാര്യത്തിൽ തർക്കമില്ല. പ്രതിസന്ധികളെ അതിജീവിച്ച് തെരഞ്ഞെടുപ്പ് സമ്പൂർണ വിജയമാക്കാൻ രാപകലില്ലാതെ ഒരുക്കങ്ങൾ പുരോഗമിക്കുകയാണ്. സംസ്ഥാന മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ **ടീക്കാറാം മീണ** സംസാരിക്കുന്നു.

# മഹാമാരിയെ മറികടന്ന് ബൂത്തിലേക്ക്

## കോവിഡ് പശ്ചാത്തലത്തിലെ മുന്നൊരുക്കങ്ങൾ, വെല്ലുവിളികൾ എന്തൊക്കെയാണ്?

നിയമസഭാ തെരഞ്ഞെടുപ്പിനുള്ള മുന്നൊരുക്കങ്ങൾ കൃത്യമായി തെരഞ്ഞെടുപ്പ് കമ്മീഷനിൽ നിന്നുള്ള നിർദേശങ്ങൾക്കനുസൃതമായി ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർമാരെ ഏകോപിപ്പിച്ച് നടപ്പാക്കുന്നുണ്ട്.

തെരഞ്ഞെടുപ്പ് നടത്തിപ്പുമായി ബന്ധപ്പെട്ട് ഇത്തവണ നേരിട്ട ഏറ്റവും വലിയ വെല്ലുവിളി പുതുതായി 15,730 ആക്സിലറി ബൂത്തുകൾ സ്ഥാപിക്കേണ്ടിവന്നതാണ്. കോവിഡ് സാഹചര്യത്തിൽ സാമൂഹ്യ അകലവും ആരോഗ്യ മാനദണ്ഡങ്ങളും പാലിക്കാനായി ഒരു ബൂത്തിൽ 1000 വോട്ടർമാരിൽ അധികമാകരുത് എന്ന തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദേശം പാലിക്കാനാണ് ആക്സിലറി ബൂത്തുകൾ സജ്ജമാക്കേണ്ടിവന്നത്. നിലവിലുള്ള ബൂത്ത് പ്രവർത്തിക്കുന്ന അതേ കെട്ടിടത്തിൽ തന്നെ ആക്സിലറി ബൂത്തിനു മുറി കണ്ടെത്തണമെന്നായിരുന്നു നിർദേശം. അതു ലഭ്യമല്ലെങ്കിൽ ആ വളപ്പിൽ തന്നെ താത്കാലികമായി ബൂത്തിനുള്ള സൗകര്യം തെരഞ്ഞെടുപ്പ് കമ്മീഷന്റെ മാനദണ്ഡങ്ങൾ അനുസരിച്ച് തയാറാക്കണം. അതും ലഭിക്കാത്ത സാഹചര്യമാണെങ്കിൽ 200 മീറ്ററിനുള്ളിൽ തന്നെ മറ്റൊരു താത്കാലിക സൗകര്യമൊരുക്കാം. അതിനും സാധിക്കാത്ത സാഹചര്യമാണെങ്കിൽ ഈ പരിധിക്കുള്ളിൽ വാടക കെട്ടിടം കണ്ടെത്തണമെന്നാണ് നിർദേശം. ഇത്തരത്തിൽ 595 ബൂത്തുകൾ 200 മീറ്ററിനുള്ളിൽ സ്ഥാപിക്കേണ്ടിവന്നു. പോളിങ് സ്റ്റേഷനുകളിൽ മാനദണ്ഡ പ്രകാരമുള്ള സൗകര്യങ്ങളെല്ലാം ഒരുക്കിയിട്ടുണ്ട്. റാമ്പ്, വീൽ ചെയർ, കൃത്യമായ വെളിച്ചം, വെള്ളം, കാത്തിരിപ്പ് കേന്ദ്രം, ഹെൽപ് ഡെസ്ക് എന്നിവ ഉൾപ്പെടുത്തും. ഇത്തരം പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്.

## മുൻകാലത്തെക്കാൾ കൂടുതൽ പോളിങ് ജീവനക്കാരെ ഇത്തവണ നിയോഗിച്ചിട്ടുണ്ടോ?

തീർച്ചയായും. ബൂത്തുകൾ കൂടിയതിനാൽ കൂടുതൽ പോളിങ് ഉദ്യോഗസ്ഥരെ ഇത്തവണ ആവശ്യമായി വന്നിട്ടുണ്ട്. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ 2,30,000 ഓളം പേരെയാണ് റിസർവ് ജീവനക്കാർ ഉൾപ്പെടെ നിയോഗിച്ചിരുന്നത്. ഇത്തവണ മൂന്നര ലക്ഷം പേരുടെ പട്ടികയാണ് തയാറാക്കിയത്. ഇവർക്ക് രണ്ടു, മൂന്നു ഘട്ടം പരിശീലനവും നൽകാനായി. സംസ്ഥാന സർക്കാർ ജീവനക്കാർക്ക് പുറമേ, കേന്ദ്ര സർക്കാർ, പൊതു മേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാരെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

## കോവിഡ് പശ്ചാത്തലത്തിൽ കൈക്കൊണ്ടിരിക്കുന്ന ആരോഗ്യ മുന്നൊരുക്കങ്ങൾ എന്തൊക്കെയാണ്?

പോളിങ് ഉദ്യോഗസ്ഥർക്ക് ഇത്തവണ കോവിഡ് വാക്സിനേഷൻ നിർബന്ധമാക്കിയിട്ടുണ്ട്.

കോവിഡ് മാനദണ്ഡങ്ങൾ ബൂത്തുകളിലും കർശനമായി പാലിക്കും. ബൂത്തുകളിൽ സ്ത്രീകൾക്കും, പുരുഷൻമാർക്കും, മുതിർന്ന പൗരൻമാർക്കും മൂന്നു പ്രത്യേക വരികളുണ്ടാകും. ഭിന്നശേഷിക്കാർക്കും മുതിർന്ന പൗരൻമാർക്കും മുൻഗണന നൽകും. വരിയിൽ നിൽക്കുമ്പോൾ രണ്ടടി അകലം പാലിക്കണം. ഒരു വരിയിൽ 15 മുതൽ 20 വരെ ആളുകളേ നിൽക്കാവൂ. ഇവർക്ക് അകലം കണക്കാക്കി നിൽക്കാനുള്ള സ്ഥലം പ്രത്യേകം അടയാളപ്പെടുത്തണം. ബാക്കിയുള്ളവർ കാത്തിരിപ്പുകേന്ദ്രത്തിലിരിക്കണം.




വോട്ട് രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം വ്യക്തമാക്കി സ്വീപിന്റെ നേതൃത്വത്തിൽ പത്തനംതിട്ടയിൽ പ്രയാണം ആരംഭിച്ച 'വോട്ട് വണ്ടി'യുടെ ഫ്ളാഗ് ഓഫിനോട് അനുബന്ധിച്ച് നടത്തിയ ഫ്ളാഷ് മോബ്.

എല്ലാ ബൂത്തുകളിലും കോവിഡ് കിറ്റ് നൽകും. പോളിങ് സാമഗ്രികളുടെ വിതരണത്തിനൊപ്പം ഇതും ഉദ്യോഗസ്ഥർക്ക് നൽകും. സാനിറ്റൈസർ/സോപ്പ്, മാസ്ക്, ഗ്ലൗസ് തുടങ്ങിയവ കിറ്റിലുണ്ടാകും. ബൂത്തുകളിൽ തെർമൽ സ്കാനിങ്ങിന് സൗകര്യമൊരുക്കും. ഇതിനായി ആരോഗ്യ വകുപ്പിന്റെ സഹകരണവും തേടും. കോവിഡ് കിറ്റ് കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ വഴിയാണ് ലഭ്യമാക്കുന്നത്.

പ്രചാരണം, നാമനിർദേശപത്രിക സമർപ്പിക്കൽ തുടങ്ങിയ നടപടികൾക്കും ശക്തമായ കോവിഡ് മാനദണ്ഡങ്ങൾ പാലിക്കണമെന്ന് രാഷ്ട്രീയകക്ഷികളോട് നിർദേശിച്ചിട്ടുണ്ട്.

നാമനിർദേശപത്രിക സമർപ്പിക്കുമ്പോൾ സ്ഥാനാർഥിക്കൊപ്പം രണ്ടുപേരെ മാത്രമേ അനുവദിക്കൂ. അഞ്ചുവാഹനങ്ങളിൽ കൂടുതൽ പത്രികാസമർപ്പണത്തിന് എത്താനുമാകില്ല.




വാഹനജാഥയിലും അഞ്ചു വാഹനങ്ങളേ അനുവദിക്കൂ. ഒരു റാലി പോയി അരമണിക്കൂർ കഴിഞ്ഞേ അടുത്ത റാലി പാടുള്ളൂ.

## കൂടുതൽ ഇലക്ട്രോണിക് വോട്ടിങ് മെഷീനുകൾ ഉണ്ടാകുമോ ?

ഇത്തവണ ബൂത്തുകൾ കൂടുന്നതിനനുസരിച്ച് കൂടുതൽ ഇലക്ട്രോണിക് വോട്ടിങ് മെഷീനുകളും ആവശ്യമാണ്. ഇവ ലഭ്യമായിട്ടുണ്ട്. 30 ശതമാനത്തോളം റിസർവ് മെഷീനുകളും സജ്ജമാണ്. രണ്ടുതവണ മെഷീനുകൾ റാൻഡമൈസേഷൻ നടത്തും. ആദ്യം ഏത് നിയമസഭാ മണ്ഡലത്തിലേക്കാണ് എന്ന് തിരഞ്ഞെടുക്കാനും രണ്ടാമത് ഏത് പോളിങ് സ്റ്റേഷനിലേക്കാണ് എന്ന് കണ്ടെത്താനും. പോളിങ് ഉദ്യോഗസ്ഥരുടെ റാൻഡമൈസേഷനും പൂർണമായും കമ്പ്യൂട്ടറൈസ്ഡാണ്.

## ഇത്തവണ തപാൽ വോട്ട് സൗകര്യവും വിപുലീകരിച്ചിട്ടുണ്ടോ?

ഇത്തവണ പൊതു തെരഞ്ഞെടുപ്പിന് മൂന്നു വിഭാഗങ്ങൾക്ക് തപാൽ വോട്ട് ആദ്യമായി ഏർപ്പെടുത്തി. 80 വയസ് കഴിഞ്ഞവർ, ഭിന്നശേഷിക്കാർ, കോവിഡ്ബാധിതർ/സംശയിക്കുന്നവർ എന്നിവർക്ക് ആവശ്യമെങ്കിൽ ഫോറം 12 ഡിയിൽ അപേക്ഷിക്കാൻ അവസരം നൽകിയിരുന്നു. ഇതിനുപുറമേ, തെരഞ്ഞെടുപ്പ് ഡ്യൂട്ടിയുള്ള അവശ്യ സർവീസുകളിൽപെട്ടവർക്കും തപാൽ വോട്ടിന് സൗകര്യമൊരുക്കി.

**സംസ്ഥാനത്താകെ 70 പൊതു നിരീക്ഷകരെയും 20 പോലീസ് നിരീക്ഷകരെയും 41 ചെലവ് നിരീക്ഷകരെയും തെരഞ്ഞെടുപ്പ് കമ്മീഷൻ നിയോഗിച്ചിട്ടുണ്ട്.**

## ഹരിതച്ചട്ടങ്ങൾ പാലിക്കുന്നതിനും കർശന നിർദേശങ്ങൾ ഉണ്ടോ?

അതെ. ഹരിതച്ചട്ടം പാലിച്ചായിരിക്കണം പ്രചാരണ സാമഗ്രികളും ബോർഡുകളും ഒരുക്കേണ്ടതെന്ന് രാഷ്ട്രീയ കക്ഷികളെ ഓർമിപ്പിച്ചിട്ടുണ്ട്. പി.വി.സി ഫ്ളക്സുകൾ, ബാനറുകൾ, ബോർഡുകൾ, പ്ലാസ്റ്റിക് കൊടിതോരണങ്ങൾ എന്നിവ പ്രചാരണത്തിന് ഉപയോഗിക്കരുത്. കോട്ടൺ തുണി, പേപ്പർ, പോളി എത്തിലീൻ തുടങ്ങിയ പുനരുപയോഗ പുന:ചംക്രമണ സാധ്യമായ വസ്തുക്കൾ ഉപയോഗിച്ചുള്ള ബാനറുകളും ബോർഡുകളും മാത്രമേ ഉപയോഗിക്കാവൂ. ഇത്തരം മെറ്റീരിയൽ അച്ചടിക്കുമ്പോൾ റീസൈക്കബിൾ, പി.വി.സി ഫ്രീ എന്ന ലോഗോയും ഉപയോഗം അവസാനിക്കുന്ന തീയതിയും പ്രിന്റ് ചെയ്യുന്ന സ്ഥാപനത്തിന്റെ പേരും പ്രിന്റിങ് നമ്പരും നിർബന്ധമായും ഉൾപ്പെടുത്തണം. പുനരുപയോഗ യോഗ്യമായ പ്രചാരണ സാമഗ്രികൾ ഉപയോഗശേഷം അതത് രാഷ്ട്രീയ പാർട്ടികൾ ശേഖരിച്ച് തദ്ദേശ സ്ഥാപനങ്ങളിലെ ഹരിതകർമ സേന മുഖേന സർക്കാർ കമ്പനിയായ ക്ലീൻ കേരള ലിമിറ്റഡിന് കൈമാറണം.

## പത്രികാസമർപ്പണത്തിന് ഓൺലൈൻ സേവനങ്ങൾ ലഭ്യമാണല്ലോ?

അതെ. നാമനിർദേശപത്രിക സമർപ്പിക്കാൻ ഓൺലൈൻ വഴിയും സൗകര്യമുണ്ട്. സ്ഥാനാർഥികൾക്ക് കുറ്റകൃത്യങ്ങളുടെ പശ്ചാത്തലമുണ്ടെങ്കിൽ പത്രികയ്ക്കൊപ്പം അതും വിശദമാക്കണം. കുറ്റകൃത്യ പശ്ചാത്തലമില്ലാത്ത സ്ഥാനാർഥിയെ എന്തുകൊണ്ട് കണ്ടെത്താനായില്ലെന്ന് രാഷ്ട്രീയ കക്ഷികളും വിശദീകരിക്കണം. സ്ഥാനാർഥിയെ നിശ്ചയിച്ച് 48 മണിക്കൂറിനുള്ളിലോ പത്രിക സ്വീകരിക്കുന്നതിന് രണ്ടാഴ്ച മുമ്പോ ഏതാണോ ആദ്യം ആ തീയതിയിൽ പത്രങ്ങളിലും സാമൂഹ്യ മാധ്യമങ്ങളിലും പാർട്ടിയുടെ വെബ്സൈറ്റിലും വിശദീകരണം പ്രസിദ്ധീകരിക്കണം. ഇത് സംബന്ധിച്ച് സ്ഥിരീകരണം സ്ഥാനാർഥിയെ തിരഞ്ഞെടുത്ത് 72 മണിക്കൂറിനുള്ളിൽ തെരഞ്ഞെടുപ്പ് കമ്മീഷന് നൽകുകയും വേണം.

സ്ഥാനാർഥികളുടെ കുറ്റകൃത്യങ്ങളുടെയും കേസിന്റെയും വിവരങ്ങൾ മൂന്നു തവണ മാധ്യമങ്ങൾ വഴി പരസ്യപ്പെടുത്തണം. പത്രിക പിൻവലിക്കാനുള്ള ആദ്യ നാല് ദിവസത്തിനുള്ളിൽ ആദ്യ ഘട്ടവും അടുത്ത അഞ്ചു മുതൽ എട്ട്

ദിവസങ്ങൾക്കിടയിൽ രണ്ടാം ഘട്ടവും പരസ്യം നൽകണം. ഒമ്പതാമത്തെ ദിവസം മുതൽ പ്രചാരണത്തിനുള്ള അവസാന ദിവസത്തിനുള്ളിൽ മൂന്നാംഘട്ട പരസ്യം നൽകണം.

### കള്ളവോട്ട് തടയാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്?

കള്ള വോട്ടിനുള്ള ശ്രമമുണ്ടായാൽ ശക്തമായ നടപടിയുണ്ടാകും. ഇത്തവണ 50 ശതമാനം പോളിങ് ബൂത്തുകളിൽ വെബ് കാസ്റ്റിങ് ഏർപ്പെടുത്തും. പ്രശ്നബാധിത, പ്രശ്നസാധ്യതാ ബൂത്തുകളിൽ പ്രത്യേക ശ്രദ്ധയും സുരക്ഷയുമുണ്ടാകും. മലബാർ മേഖലയിലാകും കൂടുതൽ. ഇത്തരം ബൂത്തുകളിൽ സൂക്ഷ്മ നിരീക്ഷകരുമുണ്ടാകും.

പോളിങ് ഉദ്യോഗസ്ഥർ ചുമതലകളിൽ വീഴ്ച വരുത്തിയാൽ ശക്തമായ നടപടിയുണ്ടാകും. ഇക്കാര്യത്തിൽ വരണാധികാരികൾക്കും ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർമാർക്കും പ്രത്യേക നിർദേശം നൽകിയിട്ടുണ്ട്.

രാഷ്ട്രീയ കക്ഷികൾ നിർബന്ധമായി എല്ലാ ബൂത്തുകളിലും ഏജന്റുമാരെ നിയോഗിക്കണം. ഇവർക്ക് ആവശ്യമായ സുരക്ഷ നൽകും. കള്ളവോട്ട് തടയാൻ ഇതും സഹായകമാകും.






തെരഞ്ഞെടുപ്പിന് മുന്നോടിയായി വാഹനപരിശോധനയിൽ ഏർപ്പെട്ടിരിക്കുന്ന പോലീസ്.

### നിരീക്ഷണ സംവിധാനങ്ങൾ എത്രത്തോളം സജ്ജമാണ്?

സംസ്ഥാനത്താകെ 70 പൊതു നിരീക്ഷകരെയും 20 പോലീസ് നിരീക്ഷകരെയും 41 ചെലവ് നിരീക്ഷകരെയും തെരഞ്ഞെടുപ്പ് കമ്മീഷൻ നിയോഗിച്ചിട്ടുണ്ട്.

പൊതുവായി എല്ലാ മാർഗനിർദേശങ്ങളും പാലിച്ചാണോ തെരഞ്ഞെടുപ്പ് പ്രക്രിയ നടക്കുന്നതെന്നാണ് പൊതു നിരീക്ഷകർ വിലയിരുത്തുക. ക്രമസമാധാന, സുരക്ഷാ വിഷയങ്ങൾ സ്വതന്ത്രവും നീതിപൂർവവുമായി നടക്കുന്നുണ്ടോയെന്ന് പോലീസ് നിരീക്ഷകർ വിലയിരുത്തും. സ്ഥാനാർഥികളുടെ ദൈനംദിന ചെലവ് കണക്കുകൾ ചെലവ് നിരീക്ഷകർ വിലയിരുത്തും.

ഇത്തവണത്തെ പ്രത്യേകത സംസ്ഥാനതലത്തിൽ മൂന്ന് പ്രത്യേക നിരീക്ഷകരെ നിയമിച്ചിട്ടുള്ളതാണ്. ജില്ലാതലങ്ങളിലും മണ്ഡലതലങ്ങളിലും നിയോഗിച്ച പൊതു, ചെലവ്, പോലീസ് നിരീക്ഷകർക്ക് പുറമേയാണ് ഇത്തവണ സംസ്ഥാനതലത്തിൽ മൂന്ന് നിരീക്ഷകരെ കൂടി കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ നിയോഗിച്ചത്.

പ്രത്യേക പൊതു നിരീക്ഷകൻ, പ്രത്യേക ചെലവ് നിരീക്ഷകൻ, പ്രത്യേക പോലീസ് നിരീക്ഷകൻ എന്നിവരാണ് പുതുതായി എത്തുക.

മുതിർന്ന റിട്ട. ഐ.എ.എസ് ഓഫീസറായ ജെ. രാമകൃഷ്ണ റാവുവാണ് പ്രത്യേക പൊതു നിരീക്ഷകൻ. മുതിർന്ന റിട്ട. ഐ.പി.എസ് ഓഫീസറായിരുന്ന ദീപക് മിശ്ര പ്രത്യേക പോലീസ് നിരീക്ഷകനും, മുതിർന്ന റിട്ട. ഐ.ആർ.എസ് ഓഫീസറായ പുഷ്പീന്ദർ സിംഗ് പൂനിയ പ്രത്യേക ചെലവ് നിരീക്ഷകനുമാണ്.

### ജനങ്ങൾക്ക് നൽകാനുള്ള സന്ദേശമെന്താണ്?

നിഷ്പക്ഷവും നീതിപൂർവവും സമാധാനപരവുമായ തെരഞ്ഞെടുപ്പ് നടത്തുകയാണ് തെരഞ്ഞെടുപ്പ് കമ്മീഷന്റെ ലക്ഷ്യം. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ജനങ്ങൾ തങ്ങളുടെ കടമ നിറവേറ്റണം.

പെരുമാറ്റച്ചട്ട ലംഘനങ്ങൾ കണ്ടാൽ ജനങ്ങൾ തെരഞ്ഞെടുപ്പ് കമ്മീഷന്റെ ശ്രദ്ധയിൽ കൊണ്ടുവരണം. ഇതിനായി സി-വിജിൽ ആപ്പ് ഉപയോഗിക്കണം. ജനങ്ങൾ ജാഗരൂകരായിരിക്കണം.

'സ്വീപ്' പ്രവർത്തനങ്ങളിലൂടെ ജനങ്ങളുടെ അവബോധം വർധിപ്പിക്കാൻ കമ്മീഷൻ ശ്രമങ്ങൾ നടത്തുണ്ട്. വോട്ടർപ്പട്ടിക കുറ്റമറ്റതാക്കാൻ ശക്തമായ നടപടികളും കൈക്കൊള്ളുന്നുണ്ട്. ആവർത്തനങ്ങൾ ഒഴിവാക്കാൻ പട്ടികയിൽ ഡിഎസ്ഇ (ഡെമോഗ്രാഫിക്കലി സിമിലർ എൻട്രീസ്) ന്റെ പേരുകൾ വിശദമായി പരിശോധിച്ച് പരാതികൾ ഇല്ലാത്ത പട്ടിക ഉറപ്പാക്കാനാണ് ശ്രമിക്കുന്നത്. ■

**കാലാവസ്ഥ**

എൻ. റ്റി. നിയാസ്
ഹിബിൻ ജെ. ബാബു
ഗ്രീഷ്മ ജി. എസ്

# ഉരുകുന്ന കേരളം

## ഉഷ്ണതരംഗങ്ങളും സൂര്യാഘാതവും

**ആഗോളതാപനത്തിന്റെ പ്രത്യാഘാതങ്ങളായ ഉഷ്ണതരംഗം, സൂര്യാഘാതം, സൂര്യതാപം എന്നിവയെ സംസ്ഥാന സവിശേഷദുരന്തങ്ങളായി ഔദ്യോഗികമായി കണക്കാക്കുന്നു. ഇന്ന് കേരളത്തെ ഞെട്ടിച്ചുകൊണ്ട്, സൂര്യാഘാതം കൊണ്ടുള്ള മരണങ്ങൾ കൂടിവരുന്നു. കടുത്ത ചൂടിൽ ഉരുകുന്ന സംസ്ഥാനത്ത് സൂര്യാഘാതം ഏൽക്കുന്നവരുടെ എണ്ണം കൂടിക്കൂടി വരുന്നു.**

ഇന്ന് ലോകം നേരിട്ടുകൊണ്ടിരിക്കുന്ന ഭയാനകമായ പ്രശ്നങ്ങളിൽ ഒന്നാണ് ആഗോളതാപനം. ഇത് നിയന്ത്രിക്കുന്നതിനു വേണ്ടിയാണ് 2016 ൽ ഇന്ത്യയടക്കമുള്ള 195 രാജ്യങ്ങൾ  പാരീസ് ഉടമ്പടിയിൽ ഒപ്പുവച്ചത്. കാലാവസ്ഥ വ്യതിയാനം മൂലമുണ്ടാകുന്ന ദുരന്തങ്ങൾ നേരിടാൻ ബഹുമുഖ നടപടികളെടുക്കാൻ ആഹ്വാനം ചെയ്യുന്നതാണ് ഈ ഉടമ്പടി.

കാർബൺ പുറത്ത് വിടുന്ന ഫോസിൽ ഇന്ധനങ്ങൾ ഉപയോഗിക്കുന്നത് ക്രമേണ നിറുത്തലാക്കുക, കാലാവസ്ഥ വ്യതിയാനത്തിന്റെ അനന്തരഫലങ്ങൾ നേരിടുന്നതിന് കൂടുതൽ പണം ചെലവഴിക്കാൻ പ്രോത്സാഹിപ്പിക്കുക, അഞ്ചു വർഷത്തിലൊരിക്കൽ ലക്ഷ്യം നേടിയോ എന്ന് വിലയിരുത്തുക, 2050–2100 നിടയിൽ ഭൂമിയെ കാർബൺ ന്യൂട്രൽ ആക്കുക എന്നിവയാണ് ഈ ഉടമ്പടിയുടെ പ്രധാനലക്ഷ്യങ്ങൾ.

ആഗോളതാപനത്തിന്റെ പ്രത്യാഘാതങ്ങളായ ഉഷ്ണതരംഗം, സൂര്യാഘാതം, സൂര്യതാപം എന്നിവയെ സംസ്ഥാന സവിശേഷദുരന്തങ്ങളായി ഔദ്യോഗികമായി കണക്കാക്കപ്പെടുന്നു. ഇന്ന് കേരളത്തെ ഞെട്ടിച്ചുകൊണ്ട്, സൂര്യാഘാതം കൊണ്ടുള്ള മരണങ്ങൾ കൂടിവരുന്നു. കടുത്ത ചൂടിൽ ഉരുകുന്ന സംസ്ഥാനത്ത് സൂര്യാഘാതം ഏൽക്കുന്നവരുടെ എണ്ണം കൂടിക്കൂടി വരുന്നു.

1864 ൽ കൊൽക്കത്തയിലുണ്ടായ അതിവിനാശകരമായ ചുഴലിക്കാറ്റും അതിന് ശേഷം 1866ലും 1871 കളിലും തുടരെയുണ്ടായ വരൾച്ചയും പ്രകൃതിക്ഷോഭങ്ങളും അതുമൂലമുണ്ടായ കെടുതികളും 1875 ൽ ഐ.എം.ഡി. എന്ന കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ രൂപീകരണത്തിലും പിൽക്കാലത്ത് ഇന്ത്യയിൽ ഉടനീളം നിരീക്ഷണ കേന്ദ്രങ്ങളും മഴയും താപനിലയും അളക്കുന്നതിനുള്ള ഉപകരണങ്ങളും സ്ഥാപിക്കാനും അവയിലൂടെ ശേഖരിക്കുന്ന വിവരങ്ങൾ വിവിധ മേഖലയിലെ ഉപയോഗപ്പെടുത്തലിനും അവസരം ഒരുക്കി. അതുമൂലം രാജ്യത്ത് പല വർഷങ്ങളിലും അനുഭവപ്പെട്ട വരൾച്ചയും വെള്ളപ്പൊക്കവും കൃത്യമായി അപഗ്രഥിക്കാനും അവയെ അതിജീവിക്കാനുള്ള കർമ്മ പരിപാടികൾ ആസൂത്രണം ചെയ്യാനും നമ്മെ പര്യാപ്തമാക്കി.

### ഉഷ്ണ തരംഗം (Heat wave)

പൊതുവെ ഉഷ്ണതരംഗം എന്നത് കുറേ കാലത്തേക്ക് നീണ്ടു നിൽക്കുന്ന ഉയർന്ന ചൂടുള്ള കാലാവസ്ഥയാണ്. കടലിനോട് ചേർന്ന് കിടക്കുന്ന പ്രദേശമായതുകൊണ്ടു കേരളത്തിൽ സാധാരണ ഉഷ്ണതരംഗ സാധ്യത വിരളമാണ്. ഉയർന്ന ചൂടിനോടൊപ്പം തന്നെ ഉയർന്ന ആർദ്രതയും ഉണ്ടാകും. ഉഷ്ണതരംഗത്തിന്റെ നിർവചനം ഓരോ പ്രദേശത്തിനനുസരിച്ചുള്ള മാറ്റം ഉൾകൊള്ളിച്ചു കൊണ്ടാണ് നിർവചിക്കപ്പെട്ടിട്ടുള്ളത്.

ഉഷ്ണതരംഗത്തിനായി ഭാരത കാലാവസ്ഥ വകുപ്പ് പറയുന്നത് ഇപ്രകാരമാണ്, സമതലങ്ങളിൽ 40°സെൽഷ്യസോ അതിലധികമോ, തീര പ്രദേശങ്ങളിൽ 37° സെൽഷ്യസോ അതിലധികമോ മലയോര പ്രദേശങ്ങളിൽ 30° സെൽഷ്യസോ അതിലധികമോ ഉയർന്ന ഊഷ്മാവ് മാറുകയാണെങ്കിൽ ഉഷ്ണതരംഗമായി കണക്കാക്കാം.

ഉഷ്ണതരംഗം പ്രഖ്യാപിക്കുന്നതിനുവേണ്ടി ഭാരത

**സാധാരണ ഊഷ്മാവിൽ നിന്നുള്ള വ്യതിയാനമനുസരിച്ച് ഒരു പ്രദേശത്തെ സാധാരണ ഊഷ്മാവ് 4.5°C മുതൽ 6.4°C വരെ കൂടിയാൽ ഉഷ്ണതരംഗമായും, 6.4°Cൽ അധികമോ കൂടിയാൽ തീവ്ര ഉഷ്ണതരംഗമായും പ്രഖ്യാപിക്കും.**

കാലാവസ്ഥാവകുപ്പ് ചില മാനദണ്ഡങ്ങൾ ചേർത്തിട്ടുണ്ട്.

സാധാരണ ഊഷ്മാവിൽ നിന്നുള്ള വ്യതിയാന മനുസരിച്ച് ഒരു പ്രദേശത്തെ സാധാരണ ഊഷ്മാവ് 4.5°C മുതൽ 6.4°C വരെ കൂടിയാൽ ഊഷ്ണതരംഗമായും, 6.4°C ൽ അധികമോ കൂടിയാൽ തീവ്ര ഊഷ്ണതരംഗമായും പ്രഖ്യാപിക്കും.

യഥാർഥ പരമാവധി ഊഷ്മാവിൽ നിന്നുള്ള വ്യതിയാനമനുസരിച്ച് പരമാവധി ഉയർന്ന താപനില 45°C അല്ലെങ്കിൽ 45°Cൽ അധികമോ ആയാൽ ഉഷ്ണതരംഗ മായും 47°C അല്ലെങ്കിൽ 47°C ൽ അധികമോ ആയാൽ അതിനെ തീവ്ര ഉഷ്ണതരംഗമായും പ്രഖ്യാപിക്കാം.

ഏതെങ്കിലും രണ്ട് സ്റ്റേഷനുകളിൽ തൊട്ടടുത്ത രണ്ട് ദിവസത്തോളമെങ്കിലും മുകളിൽ പറഞ്ഞ മാനദണ്ഡങ്ങൾ അനുസരിച്ചു ഉണ്ടായാൽ മാത്രമേ അവയെ ഉഷ്ണതരംഗ ത്തിന്റെ ശ്രേണിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിക്കാൻ സാധിക്കൂ. ഇതിനു പുറമെ ഉഷ്ണതരംഗ മുന്നറിയിപ്പു നൽകുന്നതിനായി വ്യത്യസ്ത ജാഗ്രത കോഡുകളുണ്ട്. ഗ്രീൻ അലർട്ട്, യെല്ലോ അലർട്ട്, ഓറഞ്ച് അലർട്ട്, റെഡ് അലർട്ട് എന്നിവയാണവ. ഇവയിൽ 'ഗ്രീൻ അലർട്ട്' സാധാരണ ദിവസത്തെയാണ് സൂചിപ്പിക്കുന്നത്. കൂടാതെ കൂടിയതാപം സാധാരണ നിലയിലായിരിക്കും. 'യെല്ലോ അലർട്ട്' ചൂട് കൂടാൻ സാധ്യതയുണ്ടെന്ന മുന്നറിയിപ്പ് കാണിക്കുന്നു. അത് കൂടാതെ ജില്ലയിൽ രണ്ട് ദിവസത്തേക്ക് ഉഷ്ണതരംഗത്തിനു സാധ്യതയു ണ്ടെന്നുമുള്ള മുന്നറിയിപ്പ് കാണിക്കുന്നു.
'ഓറഞ്ച് അലർട്ട്' മറ്റൊരു പ്രധാനപ്പെട്ട മുന്നറിയിപ്പാണ്. ഈ അലർട്ട് പ്രഖ്യാപിച്ചാൽ ചില ജാഗ്രത മുൻകരുതലുകൾ പാലിക്കുന്നത് നന്ന്. കാരണം ഇത് തീവ്രതയേറിയ ചൂടുള്ള ദിവസമെന്ന മുന്നറിയിപ്പ് നൽകുന്നു. രണ്ട് ദിവസത്തേക്ക് കനത്ത ഉഷ്ണതരംഗത്തിന്റെ സാധ്യത കാണിക്കുക മാത്രമല്ല, ഉഷ്ണതരംഗം നാലോ അതിലധികമോ നാൾ നീണ്ടുനിന്നേക്കാമെന്ന സൂചനയും നൽകുന്നു. 'റെഡ് അലർട്ട്' അതീവ ജാഗ്രത നിർദേശമാണ്. ഉടനടി നടപടി എടുക്കണമെന്ന മുന്നറിയിപ്പും ഇത് നൽകുന്നു. അതിതീവ്രമായ ചൂടുള്ള ദിവസമായിരിക്കുമെന്ന മുന്നറിയിപ്പ് മാത്രമല്ല രണ്ടിലധികം ദിവസം ഉഷ്ണതരംഗത്തിനുള്ള സാധ്യതയും ആറിലധികം ദിവസം ഉഷ്ണതരംഗം നീണ്ടുനിൽക്കാനുള്ള സാധ്യതയും സൂചിപ്പിക്കുന്നു.

## ഉഷ്ണതരംഗങ്ങളുടെ രൂപീകരണം.

ഭൗമോപരിതലത്തിൽ നിന്ന് ഏകദേശം 3000 മുതൽ 7000 വരെ മീറ്റർ ഉയരത്തിൽ ഉന്നത മർദ്ദമേഖല രൂപ പ്പെടുമ്പോൾ അത് ചൂടിനെ ഭൗമോപരിതലത്തോട് ചേർത്തുനിർത്തുമ്പോഴാണ് ഉഷ്ണതരംഗം രൂപപ്പെടുന്നത്. വേനൽക്കാലത്തു കാലാവസ്ഥാ മാറ്റങ്ങൾ സാവധാനത്തിൽ നടക്കുന്നതുകൊണ്ട് ഭൂമധ്യ രേഖാ പ്രദേശത്ത് അന്തരീക്ഷത്തിന്റെ മധ്യ പാളികളിൽ ഉണ്ടാകുന്ന ഉന്നത മർദ്ദ മേഖല സാവധാനത്തിലേ മാറുകയുള്ളൂ. അതിനാൽ വായു ഉന്നത മർദ്ദ മേഖലയ്ക്ക് താഴെ ഭൗമോപരിതലത്തിലേക്ക് അടിഞ്ഞു ഒരു പുതപ്പു പോലെയാകും. ഈ വായു കവചം ചൂടിനെ മുകളിലേക്ക് പോകാൻ അനുവദിക്കാതെ തടയുന്നു അതിനാൽ വായു പ്രവാഹം ഇല്ലാതെയാകുന്നു. ഇതോടെ മേഘങ്ങൾ ഉണ്ടാകാതെ വരികയും മഴയുടെ സാധ്യത കുറയുകയും ചൂട് കൂടിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ഇത് ഉഷ്ണതരംഗങ്ങൾക്ക് വഴിയാകുന്നു.

ഉഷ്ണതരംഗങ്ങളുടെ പ്രകൃതം നിർണ്ണയിക്കുന്നതിന് എൽനിനോ -ദക്ഷിണദോലന പ്രവാഹങ്ങൾക്കുള്ള സ്വാധീനം മുൻപേ തന്നെ ഗവേഷണങ്ങളിലൂടെ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. കാലാവസ്ഥയിൽ വൻതോതിൽ ഉണ്ടായി വരുന്ന കാലാവസ്ഥാ വ്യതിയാനങ്ങൾക്കു പുറമെ സമുദ്രത്തിലെ താപവ്യതിയാനം, കൂടാതെ മർദ്ദം, ആർദ്രത ഇവയെല്ലാം. ഉഷ്ണതരംഗങ്ങളുണ്ടാക്കുന്നതിൽ ഏറേ സ്വാധീനം ചെലുത്തുന്നവയാണ്.

കാലാവസ്ഥാ വ്യതിയാനം, ആഗോളതാപനം എന്നിവയുടെ ഭാഗമായാണ് അറബിക്കടൽ ചൂടുപിടിക്കുന്നത്. അന്തരീക്ഷതാപം കൂടാൻ ഒരു കാരണം അറബിക്കടലിൽ നിന്നുള്ള ചൂടുകാറ്റെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. അറബിക്കടലിൽ നിന്നുള്ള ചൂടുകാറ്റ് അന്തരീക്ഷത്തിൽ എത്തുന്ന വഴി അന്തരീക്ഷതാപനില ക്രമാതീതമായി കൂടാൻ കാരണമാകുന്നു.
അന്തരീക്ഷതാപത്തിന്റെ ഒരു പങ്ക് സമുദ്രങ്ങൾ ആഗിരണം ചെയ്യുന്നുണ്ട്. അങ്ങനെ സമുദ്രങ്ങളുടെ സംഭരിത താപം കൂടി ഇത് കടൽ ജലത്തിന്റെ ഉപരിതലം ചൂടാവുന്നതിനു കാരണമാകുന്നു. ഇത്തരത്തിൽ ചൂടേറിയ കടലിലെ ചൂടുകാറ്റ് കരയിലേക്ക് വീശിയടിക്കുന്നതും അന്തരീക്ഷതാപം വർധിക്കുന്നതിന് കാരണമാകുന്നുവെന്ന് ഗവേഷകർ വ്യക്തമാക്കുന്നു. അന്തരീക്ഷത്തിലെ കാർബൺ ഡൈ ഓക്സൈഡിനെ അറബിക്കടൽ ആഗിരണം ചെയ്യുന്നുമുണ്ട്.

ഉഷ്ണതരംഗങ്ങൾ ഏറെ തകർത്തേക്കാവുന്ന ഒരു മേഖലയാണ് കാർഷികമേഖല. ദക്ഷിണേഷ്യയെ സംബന്ധിച്ച് മാറുന്ന കാലാവസ്ഥ, കാർഷികമേഖലയിൽ ഉളവാക്കുന്ന പ്രത്യാഘാതം, മേഖലയിലെ ഭക്ഷ്യവിതരണത്തെ സംബന്ധിച്ചിടത്തോളം നിർണായകമാണ്. ഉയർന്ന തോതിൽ ഊഷ്മാവ് കൂടുന്നത് ഉയർന്ന തോതിൽ വൈദ്യുത ഉപയോഗത്തിന് കാരണമാകുന്നു. ഇത് ഒരുപക്ഷേ ഊർജ്ജപ്രതിസന്ധിയും സൃഷ്ടിച്ചേക്കാം.

## ഉഷ്ണതരംഗങ്ങൾ മറ്റുള്ള രാജ്യങ്ങളിൽ

ലോകത്തിൽ പല സ്ഥലങ്ങളിലും ഉഷ്ണതരംഗങ്ങൾ ഉണ്ടാക്കിയ ആഘാതങ്ങൾ പലതാണ്. 1880 മുതൽ 2019 വരെയുള്ള വർഷങ്ങളിലെ താപനിലയുടെ മാസംതോറുമുള്ള ലോക ശരാശരി പരിശോധിച്ചാൽ, ഏറ്റവും ചൂട് രേഖപ്പെടുത്തിയത് 2016 ലാണ്. വേൾഡ് മെട്രോളജിക്കൽ ഓർഗനൈസേഷന്റെ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരാർദ്ധഗോളത്തിലെ രാജ്യങ്ങളായ യു.എസ്, കസാഖ്സ്ഥാൻ, മംഗോളിയ, ചൈന, ഹോങ്കോങ്, നോർത്ത് ആഫ്രിക്ക തുടങ്ങി യൂറോപ്യൻ ഭൂഖണ്ഡത്തിൽ പൂർണമായും ഉഷ്ണതരംഗത്തിന്റെ ആഘാതം ഉണ്ടായി. 1757 തൊട്ട് ഉഷ്ണതരംഗങ്ങൾ പ്രതിസന്ധിയായി കഴിഞ്ഞു. അടുത്തിടെ നടത്തിയ പഠനങ്ങൾ പറയുന്നത് ഓരോ വർഷം തോറും ഇവയുടെ തീവ്രത കൂടുന്നതായിട്ടാണ്. വേനൽകാലമല്ലാത്ത സമയങ്ങളിൽപോലും ഇതിനുള്ള മുന്നറിയിപ്പ് കിട്ടാറുണ്ട്. ഉഷ്ണതരംഗങ്ങൾ ലോകത്ത് പലയിടത്തും നാശനഷ്ടം ഉണ്ടാക്കിയിട്ടുണ്ട്. അമേരിക്കയിൽ 1979–1999 കാലഘട്ടത്തിൽ 3629 ആളുകളാണ് ഉഷ്ണതരംഗങ്ങൾ കാരണം മരിച്ചിട്ടുള്ളത്. 2011 ജൂലൈയിൽ അമേരിക്കയിൽ ഉഷ്ണതരംഗം കാരണത്താൽ അനേകമാളുകൾ മരിച്ചു. യൂറോപ്പിൽ 2003 ലെ ഉഷ്ണതരംഗങ്ങൾ മരണനിരക്ക് ഏതാണ്ട് 1540 ആണ്. മരണനിരക്കിനു പുറമെ വരൾച്ചയും ഉണ്ടായി. തന്മൂലം തെക്കൻ യൂറോപ്പിൽ ഭക്ഷ്യ പ്രതിസന്ധിയും നേരിടേണ്ടി വന്നു. കൂടാതെ 1979 മുതൽ 2003 വരെയുള്ള കാലയളവിൽ യൂറോപ്പിൽ തുടർച്ചയായി തീവ്രമായ ഉഷ്ണതരംഗങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവമലെ എന്ന ഗവേഷകൻ 2006ൽ എൽനിനോയുടെ സ്വാധീനം ഉഷ്ണതരംഗങ്ങൾക്കു മേൽ ചെലുത്തുന്നുണ്ടെന്ന് കണ്ടെത്തി. വേൾഡ് മെട്രോളജിക്കൽ ഓർഗനൈസേഷന്റെ പഠന പ്രകാരം 1880–2018 കാലയളവിൽ പോലും ആഗോളതാപനില തുടർച്ചയായി വർധിക്കുകയാണ് എന്ന് കണ്ടെത്തി. ആഗോളതാപത്തിന്റെ ആഘാതങ്ങളിലൊന്നായി ലോകത്ത് ഉഷ്ണതരംഗങ്ങൾ ഭീതി പടർത്തുന്നു.

## ഉഷ്ണതരംഗങ്ങൾ ഇന്ത്യയിൽ

ലോകത്താകമാനം താപനിലയിൽ കാര്യമായ വർധനവുണ്ടായിട്ടുണ്ട്. ഇത് ഇന്ത്യയിലും പ്രതിഫലിക്കുകയായിരുന്നു. ഭാരത കാലാവസ്ഥാ വകുപ്പ് നൽകിയ റിപ്പോർട്ട് പ്രകാരം ഇന്ത്യയുടെ താപനിലയിൽ കഴിഞ്ഞ 118 വർഷത്തിനിടെ (1901–2018), വാർഷിക ശരാശരിയിൽ നിന്നും 0.6°C ന്റെ വർധനവുണ്ടായി. തീവ്രമായ ഉഷ്ണതരംഗങ്ങൾ കാരണം ആയിരക്കണക്കിന് ആളുകൾ ഓരോ വർഷവും മരണപ്പെടുന്നുണ്ട്.

തെക്കു കിഴക്കൻ സംസ്ഥാനമായ ആന്ധ്രാപ്രദേശിൽ 2002 മെയ് 9 മുതൽ 15 വരെ ഉണ്ടായ ഉഷ്ണ തരംഗത്തെ തുടർന്ന് ആയിരത്തിലധികം പേർ മരണമടഞ്ഞു. താപനിലയിൽ ഉണ്ടായ അതിതീവ്രമായ വർധനവാണ് കാരണം. അതേ മാസത്തിൽ തന്നെ രാജ്യത്തിന്റെ മറ്റു പല ഭാഗങ്ങളിലായി ഏകദേശം ഇരുന്നൂറോളം പേർ മരണപ്പെട്ടു. 2003 മെയ് മുതൽ ജൂൺ വരെ അനുഭവപ്പെട്ട ഉഷ്ണതരംഗം മൂലം ആന്ധ്രാപ്രദേശിൽ വീണ്ടും ആയിരക്കണക്കിനാളുകൾ മരണപ്പെട്ടു. 2010 മേയിൽ വടക്കേ ഇന്ത്യയിൽ 250ലധികം പേർക്ക് ജീവഹാനിയും ഉണ്ടായി. ഐ.എം.ഡി.യുടെ പഠനറിപ്പോർട്ട് പ്രകാരം 1961–2010 കാലയളവിൽ 1998ന് ശേഷം ഏതാണ്ട് 1681 ഓളം ഉയർന്ന മരണനിരക്ക് 2003 ൽ ഉണ്ടായി.

ഇന്ത്യയിലെ ഉഷ്ണതരംഗങ്ങളെ സ്വാധീനിക്കുന്നതിൽ എൽനിനോ പ്രതിഭാസത്തിനും പങ്കുണ്ടെന്ന് ഗവേഷണങ്ങൾ വ്യക്തമാക്കുന്നുണ്ട്. ഇന്ത്യയിൽ ഉഷ്ണ തരംഗങ്ങൾ അനുഭവപ്പെടുന്നത് മെയ്, ജൂൺ





കാലയളവിലാണ്. തീവ്രതയനുസരിച്ച് ജൂലൈ വരെയും ആകാം. ഉഷ്ണ തരംഗങ്ങൾ പൊതുവേ ഏറെ ബാധിക്കുന്നത് രാജസ്ഥാൻ, പഞ്ചാബ്, ഹരിയാന, തെലുങ്കാന, ആന്ധ്രാപ്രദേശ്, ബീഹാർ, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളെയാണ്. ഏറ്റവും കൂടുതൽ തവണ കൂടാതെ ഏറ്റവും കൂടുതൽ ദിവസം (30 ദിവസം) ഉഷ്ണതരംഗം ഉണ്ടായത് ആന്ധ്രാപ്രദേശിലെ നെല്ലോർ എന്ന നഗരത്തിലാണ്. രാജ്യത്തിലെ പലയിടത്തും അതിതീവ്രമായ ഉഷ്ണതരംഗം ഒരാഴ്ചയിലേറെ നീണ്ടു നിന്ന കണക്കുകളും വ്യക്തമാക്കുന്നു. ഭാരത കാലാവസ്ഥ വകുപ്പിന്റെ 2015 വാർഷിക റിപ്പോർട്ട് പ്രകാരം മെയ് 5 – 31 വരെ ഒഡീഷയിൽ ഉണ്ടായ ഉഷ്ണതരംഗത്തിൽ 36 ആളുകൾ മരണപ്പെട്ടു. മെയ് 21 – ജൂൺ 3 വരെ തെലങ്കാന യിൽ അനുഭവപ്പെട്ട ഉഷ്ണതരംഗങ്ങൾ 580 ആളുകളുടെ മരണത്തിനിടയായി. ആന്ധ്രാപ്രദേശിൽ മെയ് 21 മുതൽ ജൂൺ 3 വരെ ഉണ്ടായ ഉഷ്ണതരംഗത്താൽ 1400– ഓളം ആളുകൾ മരണമടഞ്ഞു.

2016 വാർഷിക റിപ്പോർട്ട് പ്രകാരം ഏപ്രിൽ മാസം മുതൽ മെയ് മാസം വരെ നീണ്ടു നിന്നത് തീവ്രതയേറിയ ഉഷ്ണതരംഗമായിരുന്നു. മാർച്ച് 24 മുതൽ ഏപ്രിൽ 4 വരെ നീണ്ടു നിന്ന തീവ്രതയേറിയ ഉഷ്ണതരംഗങ്ങൾ ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും വൻതോതിൽ ആളപായമുണ്ടാക്കി. ഉഷ്ണതരംഗം അപൂർവമായി നിന്നിരുന്ന ദക്ഷിണേന്ത്യയിലെ കേരളത്തെയും 2016 ലെ തീവ്രതയേറിയ ഉഷ്ണതരംഗം ബാധിച്ചു. ഇന്ത്യയിൽ പല ഭാഗത്തെയും താപനില ഏകദേശം 47°C ആയിരുന്നു. വടക്കുപടിഞ്ഞാറൻ, മധ്യ, ഉപദ്വീപിയ പ്രദേശങ്ങളെയും വൻതോതിൽ പിടിച്ചുലച്ചു. രാജസ്ഥാനിലെ ഫലോടി എന്ന പ്രദേശത്തെ 2016 മെയ് 19 ന് 51.6°C താപനിലയാണ് അനുഭവപ്പെട്ടത്. ഏപ്രിൽ–മെയ് കാലയളവിൽ തീവ്രതയേറിയ ഉഷ്ണതരംഗത്തെ തുടർന്ന് ഗുജറാത്തിൽ 87 മരണം, മഹാരാഷ്ട്രയിൽ 43 മരണം, തെലങ്കാനയിൽ 300 മരണം, ആന്ധ്രാപ്രദേശിൽ 100 മരണം എന്നിങ്ങനെയാണ് കണക്കുകൾ സ്ഥിരീകരിച്ചിട്ടുള്ളത്. 2017 വാർഷിക കാലാവസ്ഥ റിപ്പോർട്ട് പ്രകാരം മാർച്ച് 26 മുതൽ ഏപ്രിൽ 4 വരെ ഉണ്ടായ ഉഷ്ണതരംഗങ്ങളുടെ ആഘാതം രാജ്യത്ത് പലയിടത്തും വ്യാപകമായി ബാധിച്ചു. തെലങ്കാനയിൽ 2017 ഏപ്രിൽ 10–21 വരെ നീണ്ടുനിന്ന ഉഷ്ണതരംഗത്തെ തുടർന്ന് 100 പേർ മരണപ്പെട്ടു. മാർച്ച് 1 മുതൽ ജൂൺ 29 വരെ ആന്ധ്രാപ്രദേശിലുണ്ടായ ഉഷ്ണതരംഗത്തിൽ 236 ആയിരുന്നു മരണനിരക്ക്. ഇതിനു പുറമെ വിദർഭ, കേരളം, രാജസ്ഥാൻ, ആന്ധ്രാപ്രദേശ്, ഉത്തർപ്രദേശ് എന്നിവിടങ്ങളെയും ഇത് ബാധിച്ചു.

ഭാരത കാലാവസ്ഥ വകുപ്പിന്റെ റിപ്പോർട്ട് പ്രകാരം ഇന്ത്യയിൽ 2018–ഏപ്രിൽ–1 മുതൽ ജൂൺ 30 വരെ ഉഷ്ണതരംഗങ്ങളനുഭവപ്പെട്ടു. ഏറ്റവും കൂടുതൽ ഉഷ്ണതരംഗങ്ങൾ അനുഭവപ്പെട്ട ദിവസങ്ങൾ മെയ് മാസത്തിലാണ്. ഓരോ വർഷം കഴിയുംതോറും ഇത് മനുഷ്യജീവന് ഭീഷണി ആയിമാറുന്നു. 2019 മാർച്ച് മാസത്തിൽ ഉഷ്ണതരംഗങ്ങളുടെ കാഠിന്യം അനുഭവപ്പെട്ടുതുടങ്ങി. വടക്ക് പടിഞ്ഞാറൻ ഇന്ത്യയിലും മധ്യ ഇന്ത്യയിലും ഇവയുടെ കാഠിന്യം ഏറിനിൽക്കുന്നു.

**ഇന്ത്യയിലെ ഉഷ്ണതരംഗങ്ങളെ സ്വാധീനിക്കുന്നതിൽ എൽനിനോ പ്രതിഭാസ ത്തിനും പങ്കുണ്ടെന്ന് ഗവേഷണങ്ങൾ വ്യക്തമാക്കുന്നുണ്ട്. ഇന്ത്യയിൽ ഉഷ്ണ തരംഗങ്ങൾ അനുഭവ പ്പെടുന്നത് മെയ്–ജൂൺ കാലയളവിലാണ്.**

1961 മുതൽ 2010 വരെയുള്ള 50 വർഷങ്ങളിലെ ഉഷ്ണതരംഗം പരിശോധിച്ചതിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ സാധിച്ചത് വടക്കുകിഴക്ക് പ്രദേശങ്ങളിൽ ഒന്നോ രണ്ടോ ദിവസം നീണ്ടു നിൽക്കുന്ന ഉഷ്ണതരംഗം, ഇന്ത്യൻ പെനിസുല ഒഴികെയുള്ള ഭൂരിഭാഗം പ്രദേശത്തും രണ്ട് ദിവസത്തിന് മുകളിൽ വരെ നീണ്ടുനിൽക്കുന്ന ഉഷ്ണതരംഗം കാണപ്പെട്ടിരുന്നു. പടിഞ്ഞാറൻ രാജസ്ഥാൻ, പഞ്ചാബ്, ഹരിയാന, ഇന്ത്യൻ പെനിസുല കിഴക്കൻ രാജസ്ഥാന്റെ വടക്കുഭാഗങ്ങൾ, മധ്യപ്രദേശ്,




ഛത്തീസ്ഗഢ്, വിദർഭ, പടിഞ്ഞാറൻ ഉത്തരാഞ്ചൽ, കിഴക്കൻ ഉത്തർപ്രദേശ്, ബീഹാറിന്റേയും ജാർഖണ്ഡിന്റേയും പടിഞ്ഞാറു ഭാഗങ്ങൾ, ഗംഗാറ്റിക് പശ്ചിമ ബംഗാൾ, ഒറീസ്സയുടെ വടക്കുഭാഗങ്ങൾ, തെലുങ്കാന, ആന്ധ്രാപ്രദേശിന്റെ സമുദ്രതീരങ്ങൾ, വടക്കൻ തമിഴ്നാട് എന്നിവിടങ്ങളിൽ എട്ട് ദിവസത്തിന് മുകളിൽ നീണ്ടുനിൽക്കുന്ന ഉഷ്ണതരംഗവും രേഖപ്പെടുത്തിയിട്ടുണ്ട്.

മാർച്ച് മുതൽ ജൂലൈ വരെയുള്ള മാസങ്ങൾ കണക്കാക്കിയതിൽ മേയ് ജൂലൈ മാസങ്ങളിലാണ് താരതമ്യേന കൂടുതൽ ഉഷ്ണതരംഗം കാണപ്പെടുന്നത്. പമ്പരം പോലുള്ള ഭൂമിയുടെ ചലനം കാരണമാണ് ഈ മാസങ്ങളിൽ ഇവിടെ ചൂട് ഏറുന്നത്. നോർത്ത് വെസ്റ്റിനും സൗത്ത് പെനിസുലക്കും അടുത്തുള്ള സമുദ്രത്തിലെ ബാഷ്പം കാരണമാണ് ഇവിടങ്ങളിൽ താരതമ്യേന കുറവ് ഉഷ്ണതരംഗം അനുഭവപ്പെടുന്നത്. ജൂണിൽ സൗത്ത് പെനിസുലയിൽ ആരംഭിക്കുന്ന മൺസൂൺ, വടക്ക് ഭാഗങ്ങളിൽ എത്തുന്നതുവരെയും അവിടെ ഉഷ്ണതരംഗം നിലനിൽക്കും. സാധാരണ ഗതിയിൽ 1-3 ദിവസം വരെ മാത്രമേ ഉഷ്ണതരംഗം നിലനിൽക്കുന്നുള്ളു. എന്നാൽ 10-15 ദിവസം വരെ നീണ്ടുനിൽക്കുന്ന ഉഷ്ണതരംഗവും (വെസ്റ്റ് രാജസ്ഥാൻ) അപൂർവമായി രേഖപ്പെടുത്തിയിട്ടുണ്ട്.

1961 -2010, (മാർച്ച്-ജൂലൈ) കാലയളവിലെ, അതായത് കഴിഞ്ഞ 50 വർഷത്തെ ഇന്ത്യയിലുണ്ടായ ഉഷ്ണതരംഗങ്ങളെയും തീവ്ര ഉഷ്ണതരംഗങ്ങളെയും, കുറിച്ച് ഇന്ത്യയിലെ 103 സ്റ്റേഷനുകളിൽ പഠനങ്ങൾ നടന്നിട്ടുണ്ട്. ഇതിൽ നിന്നും എൽനിനോ സതേൺ ഓസിലേഷൻ പ്രതിഭാസത്തിന്റെ ശക്തമായ സ്വാധീനം വ്യക്തമാകുന്നു ഈ പഠനത്തിൽ ഇന്ത്യയിലെ വടക്ക്, വടക്ക് പടിഞ്ഞാറ്, മധ്യ, വടക്ക് കിഴക്കൻ പ്രദേശങ്ങളിലെല്ലാം ശരാശരി എട്ടും അതിലധികം ദിവസങ്ങളോ ഉഷ്ണതരംഗങ്ങൾ നീണ്ടു നിന്നുവെന്നു കാണാം. തീവ്ര ഉഷ്ണതരംഗം പ്രധാനമായും അനുഭവപ്പെട്ടത് ഇന്ത്യയിലെ മധ്യ ദേശങ്ങളിലും വടക്ക്, വടക്ക് കിഴക്കൻ, പ്രദേശങ്ങളിലുമാണ്. കഴിഞ്ഞ നാല് ദശകങ്ങൾ എടുത്താൽ 2001 -2010 കാലയളവിൽ ഉഷ്ണതരംഗങ്ങൾ നീണ്ടു നിന്ന ദിവസങ്ങളിലെ എണ്ണം വർധിച്ചിരിക്കുന്നു. ആഗോളതാപനം വർധിക്കുന്നതും ഉഷ്ണതരംഗങ്ങളുടെ തീവ്രത കൂട്ടുന്നതിനും ഇടയാകുന്നു. 1998 ലാണ് ഉഷ്ണതരംഗത്തെ തുടർന്ന് (1970 -2010 കാലയളവിൽ ) ഏറ്റവും കൂടുതലാളുകൾ (1683 പേർ) മരണപ്പെട്ടത്. എൽനിനോ വർഷങ്ങളുടെ തുടർച്ചയായി വരുന്ന വർഷങ്ങളിൽ (1983,1988,1995,1998, 2003, 2005,2010) ഉഷ്ണതരംഗങ്ങളുടെ തീവ്രത കാരണമായുള്ള മരണനിരക്ക് എൽനിനോ വർഷങ്ങളിലുണ്ടാകുന്ന മരണനിരക്കിനേക്കാളും കൂടുതലാണ്.

1961-2010 കാലയളവിൽ 11 എൽനിനോ വർഷങ്ങളും (1963,1965,1972, 1982,1987,1991,1994,1997,2002,2004 ,2009) ഒൻപത് ലാനിന വർഷങ്ങളും (1964,1970,1973, 1975,1988,1998,1999,2010) ഉണ്ടായിരുന്നു അതുകൊണ്ട് തന്നെ ENSO പ്രതിഭാസത്തിനും ഉഷ്ണതരംഗവും തമ്മിലെങ്ങനെയെല്ലാം ബന്ധപ്പെട്ടിരിക്കുന്നുവെന്നത് ചർച്ചക്ക് കാരണമായി. 1961 -2010 (മാർച്ച്-ജൂലൈ) ഏറ്റവും കൂടുതൽ തീവ്രഉഷ്ണതരംഗം ബാധിക്കപ്പെട്ടത് ഉത്തരേന്ത്യയിലും മധ്യേന്ത്യയിലുമാണ്. ഓരോ പ്രദേശത്തിലും ഉഷ്ണതരംഗത്തിന്റെ തീവ്രത അനുഭവപ്പെടുന്നത് അത് സ്ഥിതി ചെയ്യുന്ന ഭൂസ്ഥിതിക്കനുസരിച്ചാണ്. അതായത് പഠനങ്ങളിൽ നിന്നും ഇന്ത്യയിൽ വടക്കുകിഴക്കൻ, പെനിസുലർ പ്രദേശങ്ങളിലുമൊഴികെ ഇന്ത്യയിലെ ഒട്ടുമിക്ക പ്രദേശങ്ങളിലും ഉഷ്ണതരംഗം രണ്ടോ അതിലധികം ദിവസങ്ങൾ നിലനിൽക്കും മധ്യപ്രദേശ്, പഞ്ചാബ് ഹരിയാന, വിദർഭ, ഉത്തർപ്രദേശ്, ബീഹാർ, തെലുങ്കാന, ആന്ധ്രാപ്രദേശ് ഇവിടെങ്ങളിലെല്ലാം ഉഷ്ണതരംഗമേറെ ബാധിക്കുന്നു. ഇവിടങ്ങളിൽ ഏകദേശം എട്ട് അല്ലെങ്കിൽ അതിലധികം ദിവസങ്ങൾ കനത്ത ചൂട് അനുഭവപ്പെടുന്നു.

1961-2010 കാലയളവിലെ പഠനങ്ങളിൽ മാർച്ച് - ജൂലൈ കാലത്ത് ഉയരുന്ന ഊഷ്മാവ് മേയ് മാസത്തിലേക്കെത്തുമ്പോൾ തീവ്രതയേറിയ ഉഷ്ണതരംഗങ്ങളായി മാറുന്നു. ഇന്ത്യയിൽ ഉഷ്ണതരംഗത്തിനാൽ മേയ് മാസം ഏകദേശം 4°C വർധനവാണ് ഊഷ്മാവിലുണ്ടാകുന്നത്. ഇത് ഏറെയും ബാധിക്കുന്നത് മുന്നേ സൂചിപ്പിച്ച ഇന്ത്യയിലെ ഭാഗങ്ങളെയാണ്. രാജ്യത്തുടനീളമുള്ള ഉഷ്ണതരംഗ/തീവ്രഉഷ്ണതരംഗ ദിനങ്ങളുടെ പ്രവണത പരിശോധിക്കുമ്പോൾ സ്ഥല വ്യാപ്തിയിലും സ്ഥായിയായി നിൽക്കുന്നതിലും ശ്രദ്ധേയമായ ദീർഘകാല പ്രവണതകളൊന്നും കാണിക്കുന്നില്ല. ജൂലൈയോടു കൂടി ഉഷ്ണതരംഗങ്ങളുടെ തീവ്രത കുറയാൻ തുടങ്ങുന്നു. ഈ തീവ്ര ഉഷ്ണതരംഗങ്ങൾ ഏകദേശം 1-2 ദിവസം നീണ്ടു നിൽക്കുന്നു. മേയ്, ജൂൺ, മാസങ്ങളിൽ രാജ്യത്തെ വടക്കൻ ഭാഗങ്ങളിലായിരിക്കും സൂര്യന്റെ താപം ഏറ്റവും കൂടുതൽ. അതിനാൽ ഈ പഠനങ്ങളിൽ നിന്നെല്ലാം മനസിലാകുന്നത് സൂര്യതാപവും, ആർദ്രതയിലുണ്ടാകുന്ന വ്യത്യാസവും, ഇന്ത്യയുടെ ഇരുഭാഗത്തുമുള്ള കടലുകൾ, മൺസൂൺ, ഇവയെല്ലാം ഉഷ്ണതരംഗങ്ങളുണ്ടാകുന്നതിൽ പ്രഭാവം ചെലുത്തുന്നു എന്നാണ്.



മാർച്ച് - ഏപ്രിൽ വേനൽ കാലയളവിൽ ഇന്ത്യയിലെ തെക്കൻ ഭാഗങ്ങളിലും വടക്ക് കിഴക്കൻ ഭാഗങ്ങളിലും കടൽ സാമീപ്യത്താലും സാന്ദ്രതയാലും താപ സംവഹനം ആരംഭിക്കും. അത് ഈ ഭാഗങ്ങളിൽ ഉണ്ടായേക്കാവുന്ന താപ വർധനവ് കുറയ്ക്കും. ജൂൺ മാസത്തിൽ മൺസൂൺ എത്തുന്നതോടെ ആർദ്രത കൂടുന്നു. ഇപ്രകാരം നടക്കുന്നതിനാലാണ് തെക്കേ ഇന്ത്യയിലും വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലും ഉഷ്ണതരംഗം അധികം ബാധിക്കാത്തത്. ഉഷ്ണതരംഗം എന്ന പരിസ്ഥിതി പ്രതിഭാസത്തിന് വളരെയേറെ പ്രാധാന്യം നൽകേണ്ട പ്രശ്നമായി മാറികഴിഞ്ഞു. ഓരോ വർഷം കൂടുംതോറും കാർബൺ വാതകങ്ങളുടെ ബഹിർഗമനം കുറയാത്തത് ആഗോളതാപനത്തിന് ആക്കം കൂട്ടും എന്നതിൽ സംശയിക്കേണ്ടതില്ല. കാലാവസ്ഥയിൽ വൻതോതിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന കാലാവസ്ഥാവ്യതിയാനങ്ങളും ഓരോ പ്രദേശത്തിൽ ഉണ്ടായേക്കാവുന്ന ഉഷ്ണ തരംഗത്തെ സ്വാധീനിക്കുന്നു. വായു പ്രവാഹങ്ങൾ, എൽനിനോ, സമുദ്രത്തിലെ താപ വ്യതിയാനങ്ങൾ, ആർദ്രത, മർദ്ദം ഉഷ്ണ തരംഗത്തെ ഏറെ സ്വാധീനിക്കുന്നവയാണ്. ഓരോ വർഷത്തെയും ഉഷ്ണതരംഗം കാലത്തെ താപനില കണക്കുകൾ പരിശോധിച്ചാൽ താപനില കൂടുന്ന പ്രവണതയും അത് ഉണ്ടാകാവുന്ന പ്രശ്നങ്ങൾ ഏറെയുണ്ടെന്ന സത്യവും വ്യക്തമാക്കുന്നു. മറ്റൊരു പ്രധാനപ്പെട്ട വസ്തുത എന്തെന്നാൽ ഓരോ പ്രദേശത്തിന്റെയും ഭൂപ്രകൃതിക്കനുസരിച്ചു താപനിലയിൽ ഉണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ മാറി വരുന്നു. അതായത് ഉഷ്ണതരംഗത്തിന്റെ സാധ്യതയും ആക്കവും അതനുസരിച്ച് വ്യത്യാസപ്പെടുന്നു.

ഉഷ്ണതരംഗത്തെ അല്ലെങ്കിൽ താപനിലയിലുണ്ടാകുന്ന മാറ്റത്തെ ആർദ്രത സ്വാധീനിക്കുന്നതിനാൽ വായു മലിനീകരണം, മേഘങ്ങൾ എന്നിവയും ഇത്തരം താപ പ്രതിഭാസങ്ങളെ സ്വാധീനിക്കാം. പശ്ചിമ പസഫിക്കിൽ ഉണ്ടാകുന്ന താപനിലയിലുണ്ടാകുന്ന വർധനവ് കാരണമുണ്ടാകുന്ന എൽനിനോ പ്രതിഭാസം ലോകമെമ്പാടുമുള്ള കാലാവസ്ഥയെ തന്നെ താളം തെറ്റിക്കാം. ഇന്ത്യൻ മൺസൂൺ കാറ്റിനെ ഇതൊരു പക്ഷെ ബാധിച്ചാൽ മഴക്കുറവ് കാരണം കടുത്ത ചൂടിന് കാരണമായേക്കാം. കടൽ തീരവുമായി ബന്ധപ്പെട്ടു കിടക്കുന്ന പ്രദേശങ്ങളെ യാണ് ഉഷ്ണതരംഗങ്ങൾ ഏറെ ബാധിക്കുന്നത്. കാരണം ഭൂമിയിലുണ്ടാകുന്ന താപനിലയുടെ വർധനവിന്റെ യഥാർഥ പ്രതിഫലനം കരയിലല്ല, കടലിലായിരിക്കും കൂടുതൽ അനുഭവപ്പെടുക. അതിനാൽ സമുദ്രം ആഗിരണം ചെയ്യുന്ന ഈ ചൂട് സമുദ്രത്തിന്റെ മേൽത്തട്ടിൽ കുടുങ്ങികിടക്കും.ഇത് ഉഷ്ണതരംഗങ്ങൾ ഉണ്ടാകുന്നതിനു കാരണമായി, അവ അടുത്തുള്ള പ്ര ദേശങ്ങളെ വലയ്ക്കും. അതിനാൽ ഇന്ത്യയിൽ കടൽ സാമീപ്യമുള്ള പ്രദേശങ്ങൾ ഉഷ്ണതരംഗങ്ങളെ അതീവ ജാഗ്രതയോടു കൂടി കാണണം. കേരളത്തിന്റെ ഭൂപ്ര കൃതിയും കടലുമായി ചേർന്ന് കിടക്കുന്നതിനാൽ വരും കാലങ്ങളിൽ ഉഷ്ണതരംഗം വെല്ലുവിളി ആകും.കൂടാതെ കേരളത്തിലെ ഉയരുന്ന ചൂടിനെ ഏറ്റവും സ്വാധീനിക്കുന്നതാണ് സാന്ദ്രതയും. ഉഷ്ണതരംഗ ങ്ങളുണ്ടായാൽ ജീവജാലങ്ങളുടെ ജീവനെപ്പോലും വലയ്ക്കുന്ന അവസ്ഥയാണ് ഓരോ വർഷത്തെയും മരണകണക്കുകൾ കാണിക്കുന്നത്. അതൊരു പക്ഷെ കൊടും വരൾച്ചയിലേക്കും പല പ്രതിസന്ധികളിലേക്കും എത്തിക്കാം. അതിനാൽ ഉഷ്ണതരംഗങ്ങൾ ഉണ്ടായാൽ ഉയരുന്ന താപനിലയെ കുറച്ചു പരിസ്ഥിതിയെ സന്തുലിത പ്പെടുത്താനുള്ള മാർഗങ്ങൾക്കാണ് ഇനി നാം ഊന്നൽ നൽകേണ്ടത്.

തെക്ക് പടിഞ്ഞാറൻ കാലവർഷം ഇന്ത്യയിലേക്ക് കടക്കുന്നതിന് മാസങ്ങൾക്ക് മുമ്പ് തന്നെ ഇന്ത്യൻ ഉപദ്വീപിന്റെ വടക്ക് കിഴക്ക് ഭാഗങ്ങളിലും ഇന്ത്യയുടെ വടക്ക്, വടക്ക് പടഞ്ഞാറൻ പ്രദേശത്തും അതിശക്തമായ ഉഷ്ണതരംഗം അനുഭവപ്പെടുന്നതായി കാണുന്നുണ്ട്. ഉഷ്ണതരംഗം മൂലം ഉണ്ടാകുന്ന മരണനിരക്ക് കൂടുതലും എൽനിനോ+1 വർഷങ്ങളിലും, കുറവ് ലാനിനോ+1 വർഷങ്ങളിലും ആണ് രേഖപ്പെടുത്തിയിരിക്കുന്നത്.

കഴിഞ്ഞ അമ്പത് വർഷത്തെ (19612010) കണക്കുകൾ പരിശോധിക്കുമ്പോൾ വരും വർഷങ്ങളിൽ ഉഷ്ണതരംഗത്തിന്റെ തീവ്രത ഇനിയും കൂടാനാണ് സാധ്യത. ആയതിനാൽ പൊതുജനങ്ങൾക്ക് വേണ്ടി അപകട മുന്നറിയിപ്പ് സംവിധാനവും ക്യാമ്പയിനുകളും മറ്റും സംഘടിപ്പിക്കേണ്ടത് അനിവാര്യമാണ്. ■

**കേരളത്തിന്റെ ഭൂപ്രകൃതി കടലുമായി ചേർന്ന് കിടക്കുന്നതിനാൽ വരും കാലങ്ങളിൽ ഉഷ്ണതരംഗം വെല്ലുവിളി ആകും. കൂടാതെ കേരളത്തിലെ ഉയരുന്ന ചൂടിനെ ഏറ്റവും സ്വാധീനിക്കുന്നതാണ് സാന്ദ്രതയും. ഉഷ്ണതരംഗങ്ങളുണ്ടായാൽ ജീവജാലങ്ങളുടെ ജീവനെപ്പോലും വലയ്ക്കുന്ന അവസ്ഥയാണ് ഓരോ വർഷത്തെയും മരണക്കണക്കുകൾ കാണിക്കുന്നത്.**

**എൻ.റ്റി. നിയാസ് തിരുവനന്തപുരം കാലാവസ്ഥാ നിരീക്ഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞനും, ഹിബിൻ ജെ.ബാബുവും ഗ്രീഷ്മ ജി.എസ്സും ഗവേഷക വിദ്യാർത്ഥികളുമാണ്.**

# ഉഷ്ണതരംഗങ്ങൾ കേരളത്തിൽ

**ഇന്ത്യയിൽ ഉഷ്ണതരംഗം കണ്ടുവരാറുണ്ടെങ്കിലും കേരളത്തിൽ അപൂർവ്വമായിരുന്നു. എന്നാൽ കേരളത്തിലും ഇവ വൻതോതിൽ ആഘാതം സൃഷ്ടിച്ചേക്കാമെന്ന ആശങ്ക കഴിഞ്ഞ ഏതാനും വർഷങ്ങൾ കൊണ്ട് വ്യക്തമാണ്. കേരളത്തിൽ വർഷങ്ങൾ കഴിയും തോറും വേനൽക്കാലത്ത് അനുഭവപ്പെടുന്ന താപനിലയിൽ വർധനവ് ഉണ്ടാകുന്നതായി കണക്കുകൾ വ്യക്തമാക്കുന്നു.**



ഇന്ത്യയിൽ 2016 മാർച്ച് 24 മുതൽ ഏപ്രിൽ നാല് വരെ ഉഷ്ണതരംഗം ഉണ്ടായപ്പോഴാണ് കേരളത്തിന്റെ ചരിത്രത്തിൽ ഉഷ്ണതരംഗം ആദ്യമായി അനുഭവപ്പെട്ടത്. സാധാരണ ചൂട് കൂടിയ കാലാവസ്ഥയുള്ള പാലക്കാടിൽ 2016 ഏപ്രിൽ 27ന് ഊഷ്മാവ് 41.9°C ആയിരുന്നു. കണ്ണൂരിൽ 39.1°C ആയിരുന്നു. കോഴിക്കോട് 39.2°C ആണ് അതേ വർഷം മെയ് 1 ന് അനുഭവപ്പെട്ടത്. ഇത് സൂചിപ്പിക്കുന്നത് സാധാരണ താപനിലയെക്കാൾ കൂടിയ താപനിലയും അതിന്റെ പ്രശ്നങ്ങളുമാണ്. കേരളത്തിൽ 2017 മെയ് 30 നോട് കൂടിയെത്തിയ തെക്കുപടിഞ്ഞാറൻ മൺസൂൺ (കാലവർഷം) എത്തിയതോടെ ആ വർഷത്തെ ചൂട് കുറഞ്ഞു. 2018ൽ കോട്ടയത്ത് മാർച്ച് 9 ന് അനുഭവപ്പെട്ട ഉയർന്ന ചൂട് 38.5°C ആയിരുന്നു. അതേ ഉയർന്നചൂടാണ് 2019 മാർച്ച് 27 ന് അനുഭവപ്പെട്ടതും. കേരളത്തിൽ സാധാരണയിലും ചൂടുകൂടുതലുള്ള പാലക്കാട് ജില്ലയിൽ 2019 മാർച്ചിൽ താപനിലയിൽ ഏറെ വർധനവ് ഉണ്ടായില്ല. കോഴിക്കോട്, കോട്ടയം, തിരുവനന്തപുരം, ആലപ്പുഴ എന്നീ ജില്ലകളിൽ മാർച്ച് മാസത്തിൽ പല ദിവസങ്ങളിലും സാധാരണ ഊഷ്മാവിൽ നിന്ന് ഏകദേശം 3°C മുതൽ 5°C വരെ ഏറെ വർധനവ് അനുഭവപ്പെട്ടു. തിരുവനന്തപുരം കാലാവസ്ഥ കേന്ദ്രം മാർച്ച് 4,5 തീയതികളിൽ കോഴിക്കോട് ജില്ലയിൽ ഉഷ്ണതരംഗം മുന്നറിയിപ്പ് നൽകിയെങ്കിലും ഈ വർഷം കോഴിക്കോട് ജില്ലയിൽ ഉഷ്ണതരംഗം ഉണ്ടായില്ല. കേരളത്തിലെ ആർദ്രത ചൂടിനെ ഒരുപാട് സ്വാധീനിക്കുന്നു. കൂടാതെ കോഴിക്കോട് പോലുള്ള നഗരങ്ങളിലെ താപ വർധനവിന് ഒരു കാരണം ഏറിവരുന്ന കോൺക്രീറ്റ് കെട്ടിടങ്ങളും ടാറിട്ട റോഡുകളും ആകാം.

## ഹീറ്റ് ഇൻഡക്സ് (Heat Index)

നമുക്ക് അനുഭവപ്പെടുന്ന ചൂട് അന്തരീക്ഷത്തിലെ ചൂടിനെ മാത്രമല്ല അന്തരീക്ഷത്തിലെ ബാഷ്പത്തിന്റെ അളവിനെയും ആർദ്രതയേയും (humidity)ആശ്രയിച്ചാണിരിക്കുന്നത്.

ഹീറ്റ് ഇൻഡക്സ് (Heat Index) എന്നാണ് ഇതിനെ പറയുക. ചൂടും ആർദ്രതയും ഒരുമിച്ചു കൂട്ടിയാണ് ഇത് കണക്കാക്കുന്നത്. ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെയും മറ്റു വിദഗ്ധരുടെയും ഉപദേശങ്ങൾ വായിക്കുമ്പോൾ അവർ ഹീറ്റ് ഇൻഡക്സിനെ പറ്റിയാണ് പറയുന്നത്, അന്തരീക്ഷത്തിലെ ചൂടിനെപ്പറ്റിയല്ല എന്ന് പ്രത്യേകം ശ്രദ്ധിക്കുക.

കേരളം, ആർദ്രത ഏറെ കൂടിയ സ്ഥലമാണ്. എഴുപത് ശതമാനത്തിലും കൂടുതൽ ആർദ്രത കേരളത്തിൽ സാധാരണമാണ്, തൊണ്ണൂറിന് മുകളിൽ പോകുന്നത് അസാധാരണമല്ലതാനും. 37°C ചൂട് 70% ആർദ്രതയിൽ 58°C പോലെ അനുഭവപ്പെടും. അതേസമയം 55% ആർദ്രതയിൽ 48°C പോലെയേ തോന്നുകയുള്ളൂ. നമ്മുടെ ശരീരത്തിന് 55°C എന്ന അളവിൽ ചൂട് അനുഭവപ്പെടാൻ കേരളത്തിലെ സാഹചര്യത്തിൽ 34°C ചൂട് മതി (85% ആർദ്രതയിൽ).

അന്തരീക്ഷത്തിലെ ഈർപ്പം വായുവിനെ തണുപ്പിക്കുന്നുണ്ടെങ്കിലും നമ്മുടെ ശരീരത്തിന്റെ ബാഷ്പീകരണത്തെ തടസ്സപ്പെടുത്തുന്നതു വഴിയാണ് നമുക്ക് കൂടുതൽ ചൂട് അനുഭവപ്പെടുന്നത്. ഹീറ്റ് ഇൻഡക്സ് കണക്കാക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു:

അന്തരീക്ഷത്തിലെ ഈർപ്പാംശം കൂടുന്നതും അതികഠിനമായ ചൂടിന്റെ ലക്ഷണമാണ്. ഇതിന്റെ ഭാഗമായി താപനില കുറവാണെങ്കിലും

> **ഈർപ്പാധിക്യമുള്ള പ്രദേശങ്ങളിൽ താപനില കുറഞ്ഞാലും കഠിനമായ ചൂട് അനുഭവപ്പെടും അന്തരീക്ഷ പര്യയന വ്യവസ്ഥയിൽ വരുന്ന മാറ്റങ്ങളാണ് ഈർപ്പാംശം കുറയാൻ പ്രധാന കാരണം.**

അസഹനീയമായ ചൂടാണ് അനുഭവപ്പെടുക. ഈർപ്പത്തിന്റെ അളവ് 60% ഉം താപനില 35°C ഉം ആണെങ്കിൽ 40°C ചൂടാണ് അനുഭവപ്പെടുക. അതുപോലെ ഈർപ്പാംശം 95% ഉം താപനില 32°C ഉം ആണെങ്കിൽ അനുഭവപ്പെടുന്ന ചൂട് 52°C ആകും. അന്തരീക്ഷത്തിൽ ഈർപ്പത്തിന്റെ അളവ് വ്യത്യസ്ത പ്രദേശങ്ങളിൽ വ്യത്യസ്ത അളവിലാണ് കാണപ്പെടുക. ഈർപ്പാധിക്യമുള്ള പ്രദേശങ്ങളിൽ താപനില കുറഞ്ഞാലും കഠിനമായ ചൂട് അനുഭവപ്പെടും അന്തരീക്ഷ പര്യയന വ്യവസ്ഥയിൽ വരുന്ന മാറ്റങ്ങളാണ് ഈർപ്പാംശം കുറയാൻ പ്രധാന കാരണം.

താപനിലയും സാന്ദ്രതയും തമ്മിലെ ചാർട്ട് പ്രകാരം അതികഠിനമായ ചൂട് നൽകുന്ന ആഘാതങ്ങൾ ഏറെയും സാന്ദ്രതയുമായി ബന്ധപ്പെടുത്തിയിരിക്കുന്നു. അതായത് നമുക്ക് അനുഭവപ്പെടുന്ന ചൂട് അന്തരീക്ഷത്തിലെ ചൂടിനെ മാത്രമല്ല അന്തരീക്ഷത്തിലെ ബാഷ്പത്തിന്റെ അളവിനെയും ആശ്രയിച്ചാണിരിക്കുന്നത്. ഹീറ്റ് ഇൻഡക്സ് എന്നാണ് ഇതിനെ വിളിക്കുന്നത്. ചൂടും ആർദ്രതയും ഒരുമിച്ചുകൂട്ടി കണക്കാക്കുന്ന ഈ ഹീറ്റ് ഇൻഡക്സ് അടിസ്ഥാനമാക്കി ഉഷ്ണ തരംഗങ്ങളുടെ അപകട തീവ്രത എത്രത്തോളമെന്ന് കണക്കാക്കാം. ഉയർന്ന അന്തരീക്ഷ താപത്തോടൊപ്പം ഉയർന്നതോതിലുള്ള അന്തരീക്ഷ ആർദ്രത കൂടി അനുഭവപ്പെടുമ്പോഴാണ് ചൂടേറിയ കാലാവസ്ഥയുടെ മാരകഫലങ്ങൾ മനുഷ്യന് അനുഭവമാകുന്നത്. ശരീരത്തിലെ ജലാംശം ബാഷ്പീകരിക്കുന്ന പ്രക്രിയയിലൂടെ ആണ് മനുഷ്യ ശരീരത്തിന് അതിന്റെ ആന്തരിക താപനില നിയന്ത്രണ വിധേയമായി നിലനിർത്താൻ ആവുന്നത്. ആർദ്രത കൂടുമ്പോൾ ശരീരത്തിലെ ജലം അന്തരീക്ഷത്തിലേക്ക് ബാഷ്പീകരിച്ചു ചെല്ലുന്നു. അങ്ങനെ ശരീരത്തിലെ താപനിയന്ത്രണ ശേഷിയെ തകരാറിലാക്കാനും ഉഷ്ണതരംഗങ്ങൾക്ക് സാധിക്കുന്നു. ഉഷ്ണതരംഗങ്ങൾ മരണത്തിന് കാരണമാകുന്നു.



## കഠിനമായ ചൂട് മൂലമുള്ള പ്രശ്നങ്ങൾ

**1. ചൂടുകുരു**

വിയർക്കുന്ന ശരീരഭാഗങ്ങളിൽ പ്രത്യക്ഷപ്പെടുന്ന ചെറിയ കുരുക്കളെയാണ് ചൂടുകുരു എന്ന് പറയുന്നത്. അയഞ്ഞ കോട്ടൺ വസ്ത്രങ്ങൾ ധരിക്കുകയും ധാരാളം വെള്ളം കുടിക്കുകയും തണുത്ത വെള്ളത്തിൽ രണ്ടുനേരം കുളിക്കുകയും ചെയ്താൽ ഇത് ഒഴിവാക്കാം.

**2. നിർജ്ജലീകരണം (Dehydration)**

ശരീരത്തിൽ നിന്നും ജലവും ധാതു ലവണങ്ങളും അമിതമായി വിയർപ്പിലൂടെ നഷ്ടപ്പെടുന്ന അവസ്ഥയാണ് ഇത്. നിർജ്ജലീകരണം ഏറ്റവും കൂടുതൽ പ്രതികൂലമായി ബാധിക്കുന്നത് വൃക്കകളെ ആണെങ്കിലും മറ്റ് അവയവങ്ങളുടെ പ്രവർത്തനത്തെയും പ്രതികൂലമായി ബാധിക്കുന്നു. ധാരാളം വെള്ളം കുടിക്കുക മാത്രമേയുള്ളൂ ഇതിനുള്ള പോംവഴി. ഒരു ദിവസം കുറഞ്ഞത് രണ്ടര, മൂന്നു ലിറ്റർ വെള്ളം കുടിക്കുകയും പഴങ്ങളും പഴച്ചാറുകളും ധാരാളം ഉപയോഗിക്കുകയും ചെയ്ത് ഇത് പരിഹരിക്കാം.

**3. സൂര്യാഘാതം**







കഠിനമായ ചൂടിനെ തുടർന്ന് നമ്മുടെ ശരീരത്തിലെ ആന്തരിക താപനില ക്രമാതീതമായി കൂടുന്നതു മൂലം ശരീരത്തിന് താപനിയന്ത്രണം സാധ്യമാകാതെ വരുന്നു. ഇതുവഴി തലച്ചോർ, കരൾ, വൃക്ക, ശ്വാസകോശം, ഹൃദയം തുടങ്ങിയ ആന്തരിക അവയവങ്ങളുടെ പ്രവർത്തനത്തെ ബാധിക്കുന്ന പ്രതിഭാസമാണ് സൂര്യാഘാതം.

സൂര്യനിൽ നിന്നും വരുന്ന അൾട്രാവയലറ്റ് രശ്മികളാണ് ഇതിന് കാരണം. അതിനെത്തന്നെ യു.വി.എ.(320-400nm) എന്നും യു.വി.ബി. (290-320nm) എന്നും തരം തിരിച്ചിരിക്കുന്നു. ഇതിൽ യു.വി.ബി. യാണ് സൂര്യാതാപത്തിന് കാരണം. അതുകൊണ്ട് അതിനെ സൺബേൺ സ്പെക്ട്രം എന്നാണ് പറയുന്നത്. ഇത് സാധാരണയായി യു.വി. ഇൻഡക്സ് (UV Index) കൊണ്ട് സൂചിപ്പിക്കുന്നു. യു.വി. അൾട്രാവയലറ്റ് ശ്രേണിയിലുള്ള സൺലൈറ്റ് സ്പെക്ട്രത്തിന്റേയും എറിത്തെമൽ ആക്ഷൻ സ്പെക്ട്രത്തിന്റേയും ഗുണനഫലമാണിത്. ചുവടെ കൊടുത്തിരിക്കുന്ന ചിത്രത്തിൽ നിന്നും നമുക്ക് മനസിലാക്കാം. കേരളത്തിൽ സൂര്യതാപങ്ങൾ രേഖപ്പെടുത്തുന്ന സ്ഥലങ്ങളിലെ യു.വി. ഇൻഡക്സ് മനസ്സിലാക്കുന്നതിനു വേണ്ട ഗവേഷണ പഠനങ്ങൾ ആവശ്യമാണ്.

ഗുരുതരമായ സൂര്യാഘാതം രണ്ടുതരത്തിൽ പ്രശ്നങ്ങളുണ്ടാക്കുന്നു. ഒന്നാമത്തേത്, രണ്ടോ മൂന്നോ ദിവസങ്ങൾകൊണ്ട് സാവധാനത്തിൽ രൂപപ്പെടുന്നതും മുതിർന്നവരിലും വൃദ്ധജനങ്ങളിലും കണ്ടുവരുന്നതുമാണ്. രണ്ടാമത്തേത്, അമിതചൂടിൽ കഠിനാധ്വാനത്തിൽ ഏർപ്പെടുത്തുന്നതുമൂലം ഉണ്ടാകുന്നതാണ്. കടുത്ത സൂര്യതാപമേറ്റ് അവശരാകുന്നവർക്ക് ഉടൻ ചികിത്സ ലഭ്യമായില്ലെങ്കിൽ മരണം വരെ സംഭവിച്ചേക്കാം.

## സൂര്യാഘാതത്തിന്റെ ചില ലക്ഷണങ്ങൾ

1. തൊലിപ്പുറത്ത് നീറ്റലും വേദനയും പുകച്ചിലും അനുഭവപ്പെടാം.
2. കടുത്ത ക്ഷീണം, തലകറക്കം, ബോധക്ഷയം
3. ചിലർക്ക് തൊലി ചുവക്കുന്നതോടൊപ്പം വേദന, പനി, ഛർദ്ദി എന്നിവയും ഉണ്ടാകാം.
4. സാധാരണയിലധികമായി വിയർക്കുക
5. ഉയർന്ന തോതിലുള്ള ഹൃദയമിടിപ്പ്
6. ആഴം കുറഞ്ഞ, എന്നാൽ വേഗം കൂടിയ ശ്വാസമെടുപ്പ്
7. പേശികൾ വലിഞ്ഞു പിടിക്കുക

ഈ ലക്ഷണങ്ങൾ എന്തെങ്കിലും തോന്നിയാൽ, ഉടനെ അടുത്ത് നിൽക്കുന്നവരോട് പറയുകയോ അടുത്ത തണലിൽ/ തണുപ്പുള്ള സ്ഥലത്തുപോയി വിശ്രമിക്കുകയോ ചെയ്യുക. ഉപ്പും പഞ്ചസാരയും ലയിപ്പിച്ച വെള്ളം ധാരാളം കുടിക്കണം. അരമണിക്കൂർ കഴിഞ്ഞും ബുദ്ധിമുട്ടുകൾ മാറുന്നില്ലെങ്കിൽ ഡോക്ടറെ കാണണം.

## പ്രഥമ ശുശ്രൂഷ

1. സൂര്യാഘാതമേറ്റയാളെ ഉടൻ തന്നെ തണലുള്ള ഒരു സ്ഥലത്തേക്ക് മാറ്റുക
2. ശരീരത്തിലെ വസ്ത്രങ്ങൾ ലൂസാക്കുകയോ ഊരിമാറ്റുകയോ ചെയ്യുക
3. ശരീരം വെള്ളം കൊണ്ട് തുടയ്ക്കുകയോ സ്പ്രേ ചെയ്യുകയോ ആവാം. ഐസ് കട്ടകൾ ശരീരഭാഗങ്ങളിൽ പ്രത്യേകിച്ചും കക്ഷത്തിലും തുടയിടുക്കിലും വെക്കുന്നത് നന്നായിരിക്കും
4. തുടർന്ന് ശക്തിയായി വീശുകയോ ഫാൻ കൊണ്ട് ദേഹം തണുപ്പിക്കുകയോ ചെയ്യുക
5. കൈകാലുകൾ തിരുമ്മിക്കൊടുക്കുന്നത് താപനഷ്ടത്തെ പ്രോത്സാഹിപ്പിക്കും.
6. ബോധമുണ്ടെങ്കിൽ ധാരാളം വെള്ളം കുടിയ്ക്കാനായി നൽകുക.
7. തൊലിപ്പുറത്ത് സൂര്യതാപം മൂലം പൊള്ളലേറ്റാൽ ഉപ്പ് വെള്ളത്തിൽ ഒരു തുണി മുക്കി പൊള്ളലേറ്റ ഭാഗത്ത് വെയ്ക്കുക. മൂന്ന് മിനിറ്റിനുശേഷം വീണ്ടും നനച്ച് വയ്ക്കുക. അതിനു ശേഷം കലാമിൻ

**ഗുരുതരമായ ഹൃദ്രോഗമോ പ്രമേഹമോ അല്ലെങ്കിൽ വൃക്കരോഗമോ ഉള്ളവർക്ക് സൂര്യാഘാതം ബാധിക്കാൻ സാധ്യത കൂടുതലാണ്. അവരെ പ്രത്യേകം ശ്രദ്ധിക്കുക. നാല് വയസ്സിൽ താഴെയുള്ള കുട്ടികളോ അറുപത് വയസ്സിന് മുകളിൽ പ്രായമുള്ളവരോ വീട്ടിൽ ഉണ്ടെങ്കിൽ അവർ ഈ കാര്യങ്ങൾ ശ്രദ്ധിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.**

ലോഷൻ പുരട്ടുക.

ബോധമില്ലാത്ത ആളാണെങ്കിൽ വെള്ളം കുടിപ്പിയ്ക്കാൻ നിൽക്കരുത്, എത്രയും പെട്ടെന്ന് അടുത്തുള്ള ആശുപത്രിയിലെത്തിക്കുക. ആവശ്യമെങ്കിൽ കൃത്രിമ ശ്വാസോച്ഛ്വാസം നൽകുക.

## പ്രതിരോധ മാർഗങ്ങൾ

1. ദിവസവും രണ്ടു മൂന്നു ലിറ്റർ വെള്ളമെങ്കിലും കുടിക്കണം. തിളപ്പിച്ചാറിയ വെള്ളം, കഞ്ഞിവെള്ളം, കരിക്കിൻ വെള്ളം, ജ്യൂസ്, പഞ്ചസാരയോ ഉപ്പോ ഇട്ട നാരങ്ങാവെള്ളം ഒക്കെ കുടിക്കാം. ചൂട് പാനീയങ്ങൾ ഒഴിവാക്കുക.
2. പഴങ്ങൾ, പച്ചക്കറികൾ, ഇലക്കറികൾ തുടങ്ങിയവ ഭക്ഷണത്തിൽ ധാരാളമായി ഉൾപ്പെടുത്തുക. മാംസാഹാരം കുറയ്ക്കുക.
3. രാവിലെ പതിനൊന്ന് മണി മുതൽ ഉച്ചയ്ക്ക് മൂന്ന് മണി വരെ വെയിൽ കൊള്ളുന്നത് കഴിവതും ഒഴിവാക്കുക. വെയിലത്ത് ഇറങ്ങുകയാണെങ്കിൽ കുടയോ തൊപ്പിയോ ഉപയോഗിക്കുക.
4. പാടത്ത് പോകുന്നവരൊക്കെ ഒപ്പം ആരെയെങ്കിലും കൂടെ കൂട്ടുക. ടെറസ്സിലും മറ്റും നിൽക്കുന്നത് ഒഴിവാക്കുക.
5. ഈ നേരത്ത് ബൈക്ക് ഓടിക്കുന്നത് കഴിവതും ഒഴിവാക്കുക. ഒഴിവാക്കാൻ പറ്റാത്ത സാഹചര്യത്തിൽ ഫുൾ സ്ലീവ് ഡ്രസ്സ് ഇടുക.
6. ഇറുകിയതോ ശരീരത്തോട് ഒട്ടിച്ചേർന്നതുമായ നൈലോൺ വസ്ത്രങ്ങൾ ഒഴിവാക്കുക. പകരം അയഞ്ഞ കോട്ടൺ വസ്ത്രങ്ങൾ ഉപയോഗിക്കുക.
7. ദേഹത്തും മുഖത്തും പുരട്ടാവുന്ന സൺസ്ക്രീൻ ലോഷൻ ഇന്ന് വിപണിയിൽ ലഭ്യമാണ്. എസ്.പി.എഫ്. മുപ്പതോ അതിൽ കൂടിയതോ മാത്രം ഉപയോഗിക്കുക.

ഗുരുതരമായ ഹൃദ്രോഗം ഉള്ളവർ, പ്രമേഹം അല്ലെങ്കിൽ വൃക്കരോഗം ഉള്ളവർക്ക് സൂര്യാഘാതം ബാധിക്കാൻ സാധ്യത കൂടുതലാണ്. അവരെ പ്രത്യേകം ശ്രദ്ധിക്കുക. നാല് വയസ്സിൽ താഴെയുള്ള കുട്ടികളോ അറുപത് വയസ്സിന് മുകളിൽ പ്രായമുള്ളവരോ വീട്ടിൽ ഉണ്ടെങ്കിൽ അവർ ഈ കാര്യങ്ങൾ ശ്രദ്ധിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

## സങ്കീർണതകൾ

1. ന്യുമോണിയ
2. വൃക്കകൾ, കരൾ എന്നിവയിലെ കോശങ്ങൾ ഹൃദയ പേശികൾ തുടങ്ങിയവ നിർജ്ജീവമാകുക.
3. വൃക്കയുടെ സ്തംഭനം തലച്ചോറിന്റെ പ്രവർത്തനങ്ങളെ ബാധിക്കുന്നതിനാൽ അസ്വാഭാവിക പെരുമാറ്റങ്ങളും അപസ്മാര ലക്ഷണങ്ങളും അബോധാവസ്ഥയും ഉണ്ടാകാം.
4. ഡി.ഐ.സി. (ചെറിയ രക്തക്കുഴലുകളിൽ രക്തം കട്ടപിടിക്കുകയും വിവിധ കോശങ്ങളിലേക്ക് രക്തം ലഭിക്കാതിരിക്കുകയും ആന്തരാവയവങ്ങൾ പ്രവർത്തന രഹിതമാവുകയും ചെയ്യുന്നതിനോടൊപ്പം പല അവയവങ്ങളിലും രക്തസ്രാവം ഉണ്ടാവുകയും ചെയ്യുന്ന പ്രത്യേക അവസ്ഥയാണിത്.)
5. മാംസ പേശികൾക്കുണ്ടാവുന്ന ക്ഷതങ്ങൾ മൂലം മയോഗ്ലോബിൻ മൂത്രത്തിലൂടെ പുറന്തള്ളപ്പെടുക.

സൂര്യാഘാതം മൂലം ആരെങ്കിലും മരണപ്പെട്ടാലോ അപകടം സംഭവിച്ചാലോ ഉടനടി അടുത്തുള്ള ആരോഗ്യ വകുപ്പ് കേന്ദ്രത്തിൽ അറിയിക്കുക. ■



ഇന്ദുലേഖ കെ

International Women's Day

സാർവ്വദേശീയ വനിതാദിനം- മാർച്ച് - 8

# ചരിത്രം മാറ്റിയെഴുതിയ പെൺവഴി

**യാഥാസ്ഥിതികവും പുരുഷ കേന്ദ്രീകൃതവുമായ സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ട സ്ത്രീകളുടെ ശാരീരികവും, മാനസികവും, സാമൂഹികവുമായ ശാക്തീകരണം വനിതാദിനത്തിന്റെ പ്രധാന സന്ദേശമാണ്. സ്ത്രീകളോടുള്ള വിവേചനവും അതിക്രമങ്ങളും അവസാനിപ്പിക്കാനും ഈ ദിനം ആഹ്വാനം ചെയ്യുന്നു.**

ലോകം കോവിഡ് 19 എന്ന മഹാമാരിയുടെ ഭീതിദമായ അവസ്ഥയിൽനിന്നും ഇനിയും കരകയറിയിട്ടില്ല. കോറോണയുടെ ആക്രമണത്തിൽ എല്ലായിടവും അടച്ചിട്ടപ്പോൾ അതിനെ മറി കടക്കാൻ ഏറ്റവും കൂടുതൽ ത്യാഗം ചെയ്തത് സ്ത്രീകൾ തന്നെയാണ്. വീട്ടിലെ ജോലി ഭാരം വർധിക്കുകയും വിനോദങ്ങൾക്കുള്ള സമയം കുറയുകയും ചെയ്തു. ഇതിനിടയിലും പ്രതീക്ഷയ്ക്ക് വക നൽകുന്ന തരത്തിൽ വ്യത്യസ്തമായ വ്യവഹാര മണ്ഡലങ്ങളിൽ ഇടപെടാനും ലോക്ഡൗൺ കാലത്ത് സ്ത്രീകൾക്ക് സാധിച്ചു എന്നത് മറ്റൊരു യാഥാർഥ്യമാണ്. കോവിഡ് ഇതുവരെയുള്ള ജീവിത കാഴ്ചപ്പാടുകളെ മാറ്റി മറിച്ചുകൊണ്ടിരിക്കുകയാണ്. കുടുംബത്തിനുള്ളിൽ സ്ത്രീകൾ അനുഭവിക്കുന്ന തീഷ്ണ യാഥാർഥ്യങ്ങളെ വെളിച്ചത്തുകൊണ്ടുവരാനും കോവിഡ്കാല അനുഭവങ്ങളിലൂടെ സാധിച്ചു. ഇത്തരത്തിൽ സ്ത്രീ സമൂഹം സവിശേഷമായ മാറ്റങ്ങളെ സ്വീകരിക്കുന്നു എന്നതും വനിതാദിനത്തോടൊപ്പം ചേർത്ത് വായിക്കേണ്ടതുണ്ട്. എല്ലാ വർഷവും വനിതാദിനം അതത് സമയത്തെ പ്രത്യേകതയനുസരിച്ച് ഒരു തീം അടിസ്ഥാനമാക്കിയാണ് ആഘോഷിക്കുന്നത്. ഈ വർഷത്തെ വനിതാദിന ആശയത്തിനും സമകാലികതയുമായി അടുത്ത ബന്ധമുണ്ട്. കോവിഡുമായി ബന്ധപ്പെടുത്തിയാണ് ഇക്കൊല്ലത്തെ തീം.'വെല്ലുവിളിക്കാൻ തിരഞ്ഞെടുക്കുക'എന്നതാണ് ഈ വർഷത്തെ അന്താരാഷ്ട്ര വനിതാ ദിനത്തിന്റെ തീം. വെല്ലുവിളി നിറഞ്ഞ ലോകം മുന്നറിയിപ്പുകളുടെ ലോകമാണ്. ഇത്തരം മുന്നറിയിപ്പുകളെ നേരിട്ടാണ് സ്ത്രീ സമൂഹം മുന്നോട്ടുപോകുന്നത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ത്രീകൾ തങ്ങൾക്കു നേരെയുള്ള വെല്ലുവിളികളെ നേരിട്ടുകൊണ്ട് അവകാശങ്ങൾക്കുവേണ്ടി പൊരുതുകയാണ്.

ലോകമെമ്പാടുമുള്ള സ്ത്രീകൾ ലിംഗസമത്വത്തിനായി വ്യത്യസ്തമായ പോരാട്ടങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് ഒരു സാർവദേശീയ വനിതാദിനം കൂടി എത്തിയത്. 2010 മാർച്ച് എട്ടിന് സാർവദേശീയ വനിതാദിനത്തിന് നൂറ് തികഞ്ഞു. വീണ്ടും ഈ ദിനം കടന്നുവരുമ്പോൾ സ്ത്രീ അവസ്ഥ/ജീവിതം/ഇടപെടലുകൾ/പോരാട്ടങ്ങൾ ഇന്ന് എവിടെ എത്തിനിൽക്കുന്നു എന്നത് ആഴത്തിൽ പരിശോധിക്കേണ്ട ഒന്നാണ്. യാഥാസ്ഥിതികവും പുരുഷ കേന്ദ്രീകൃതവുമായ സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ട സ്ത്രീകളുടെ ശാരീരികവും, മാനസികവും, സാമൂഹികവുമായ ശാക്തീകരണം വനിതാദിനം മുന്നോട്ടുവെക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ലിംഗസമത്വം, ലിംഗനീതി തുടങ്ങിയ ആശയങ്ങൾ ഉയർത്തി സ്ത്രീകൾ നടത്തിയ പോരാട്ടം ചരിത്രത്തെ വ്യത്യസ്ത കാലഘട്ടങ്ങളിൽ മാറ്റിപ്പണിയുന്നുണ്ട്. സ്ത്രീകളോടുള്ള വിവേചനവും അതിക്രമങ്ങളും അവസാനിപ്പിക്കുക എന്നതും അന്താരാഷ്ട്ര വനിതാദിന ആശയങ്ങളിലൊന്നാണ്. സ്ത്രീകൾ നടത്തിയിട്ടുള്ള പലതരം ഇടപെടലുകളെ ചരിത്രത്തിൽ എത്രമാത്രം രേഖപ്പെടുത്തിയിട്ടുണ്ട് എന്നത് വലിയ ചോദ്യമായി ഇന്നും അവശേഷിക്കുന്നു.

## ചരിത്രം

1910-ലാണ് ചരിത്രപ്രസിദ്ധമായ ആദ്യ അന്താരാഷ്ട്ര വനിതാസമ്മേളനം ഡെൻമാർക്കിലെ കോപ്പൺ ഹേഗണിൽ നടന്നത്. ജർമ്മൻ സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന്റെ പ്രവർത്തകയായ ക്ലാരാ സെറ്റ്കിനാണ് സാർവദേശീയ വനിതാദിനം എന്ന പേരിൽ ഒരു ദിനം ആചരിക്കണം എന്ന നിർദേശം മുന്നോട്ട് വെച്ചത്. ഇത് സമ്മേളനം അംഗീകരിച്ചു. അന്ന് തീയതിയൊന്നും തീരുമാനിച്ചില്ല. എന്നാൽ 1911 മാർച്ച് 19 ന് ഓസ്ട്രിയ, ഡെൻമാർക്ക്, ജർമ്മനി, സ്വിറ്റ്സർലാന്റ് എന്നീ രാജ്യങ്ങ

ളിലെ സ്ത്രീകൾ ചേർന്ന് അവരുടെ രാജ്യങ്ങളിൽ അന്തർദേശീയ വനിതാദിനം ആചരിച്ചു. ഇത് ചരിത്ര സംഭവമായി മാറുകയായിരുന്നു. ലോകത്ത് ചിന്താപരമായും സാമൂഹികമായും അതിജീവനത്തിനായുള്ള ഐക്യപ്പെടലിലൂടെയും സ്ത്രീകൾ ഉയർന്നുവരുന്ന സമയത്താണ് നൂറ്റാണ്ടുകൾക്ക് മുമ്പ് 1911 മാർച്ച് 25ന് ട്രയാംഗിൾ അഗ്നിബാധയുണ്ടാകുന്നത്. ന്യൂയോർക്ക് നഗരത്തിൽ ട്രയാംഗിൾ ഷോട്ട് വെയ്സ്റ്റ് എന്ന പേരിൽ പ്രവർത്തിച്ചിരുന്ന വസ്ത്ര നിർമാണ ശാലക്ക് തീപിടിച്ച് 146 സ്ത്രീകൾ മരിച്ച സംഭവമാണിത്. ഇത് ലോകത്തെ ആകമാനം ഞെട്ടിച്ചു. ഈ ദുരന്തത്തിനു ശേഷവും ഒന്നാം ലോക മഹായുദ്ധത്തിനുമുമ്പുള്ള ലോക സാഹചര്യവും വളരെ പ്രക്ഷുബ്ധമായിരുന്നു. ലോകത്തിന്റെ പല ഭാഗങ്ങളിലെയും ജനങ്ങൾ ജീവിക്കാനായുള്ള പാച്ചിലിലായിരുന്നു. ഈ സാഹചര്യത്തിലാണ് 1913 മാർച്ച് എട്ടിന് യൂറോപ്പിൽ സ്ത്രീകൾ സമാധാന റാലി നടത്തിയത്. 1910 നും 1920 നും ഇടയിൽ പാശ്ചാത്യ രാജ്യങ്ങളിൽ അന്തർദേശീയ വനിതാദിനം വ്യത്യസ്ത തീയതികളിൽ ആചരിച്ചു എന്നതും മറ്റൊരു പ്രത്യേകതയാണ്.

1909-ൽ അമേരിക്കൻ സോഷ്യലിസ്റ്റ് പാർട്ടിയുടെ ആഹ്വാനമനുസരിച്ച് ഫെബ്രുവരി 28 വനിതാദിനമായി കൊണ്ടാടി. പിന്നീട് റഷ്യൻ വിപ്ലവം സ്ത്രീകളിൽ വലിയ ആവേശമായി. അവിടുത്തെ സ്ത്രീവിമോചന വാദികളിൽ പ്രമുഖയായ അലക്സാണ്ടർ കൊള്ളൻതായി, ലെനിന് ഒരു നിവേദനം സമർപ്പിച്ചു. മാർച്ച് എട്ട് സാർവദേശീയ വനിതാദിനമായി സോവിയറ്റ് ഭരണകൂടം അംഗീകരിക്കണമെന്നായിരുന്നു നിവേദനത്തിൽ പറഞ്ഞിരുന്നത്. അത് പിന്നീട് അംഗീകരിക്കപ്പെടുകയും ചെയ്തു.

1960കളിൽ പാശ്ചാത്യ നാടുകളിലുണ്ടായ ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങളുടെ മുന്നേറ്റം സ്ത്രീദിനത്തിന്റെ പ്രാധാന്യത്തെ വിളിച്ചോതുന്നതായിരുന്നു. ഇത്തരത്തിൽ വിവിധ രാജ്യങ്ങളിൽ സ്ത്രീകൾ അവരുടെ അവകാശങ്ങൾക്കായി ഒന്നിച്ചു ചേർന്നതോടെയാണ് സാർവദേശീയ സ്ത്രീദിനാചരണത്തിനായി മാർച്ച് എട്ട് എന്ന തീയതി തെരഞ്ഞെടുക്കാൻ കാരണമായത്. 1975ലാണ് ഐക്യരാഷ്ട്ര സഭ മാർച്ച് എട്ട് അന്താരാഷ്ട്ര വനിതാദിനമായി പ്രഖ്യാപിച്ചത്.

> **1975ലാണ് ഐക്യരാഷ്ട്ര സഭ മാർച്ച് എട്ട് അന്താരാഷ്ട്ര വനിതാദിനമായി പ്രഖ്യാപിച്ചത്.**

ആധുനിക സമൂഹമായി ലോകത്തെ മാറ്റുക എന്ന ആശയത്തിന്റെ അടിസ്ഥാനത്തിലുണ്ടായ ഫ്രഞ്ച് വിപ്ലവം പോലും സ്ത്രീകൾ അവരുടെ അന്തസിനും തുല്യതയ്ക്കുമായി തെരുവിലിറങ്ങിയതോടെയാണ് ആരംഭിച്ചത് എന്നതും ഈ സമയത്ത് ഓർക്കേണ്ടതാണ്.

## വനിതാ ദിനവും സമകാലിക സ്ത്രീസമൂഹവും

സാർവദേശീയ വനിതാദിനം ഉയർത്തുന്ന മുദ്രാവാക്യങ്ങൾക്ക് നൂറ്റാണ്ടുകളുടെ പഴക്കമുണ്ടെങ്കിലും അവയുടെ അടിസ്ഥാനപരമായ അന്തസത്ത ഇന്ന് വ്യാപകമായി തിരിച്ചറിയുന്നുണ്ട്. മുഴുവൻ മനുഷ്യരാശിയുടെയും വിമോചനം സ്ത്രീ വിമോചനത്തിലൂടെ മാത്രമേ സാധ്യമാകൂ എന്നതാണ് വനിതാദിനം ഉയർത്തുന്ന പ്രധാന ആശയം. സ്ത്രീ പുരുഷ സമത്വം എന്ന ആശയത്തിനാണ് അവർ എക്കാലവും ഊന്നൽ നൽകിയത്. അത് ഇന്നും പ്രസക്തമാണ് എന്നാണ് സമീപകാല സംഭവങ്ങൾ തെളിയിക്കുന്നത്.

യൂറോപ്പിലും അമേരിക്കൻ ഐക്യനാടുകളിലും മറ്റ് പാശ്ചാത്യ രാജ്യങ്ങളിലുമെല്ലാം വർഷങ്ങൾ നീണ്ട സമരങ്ങളുടെ ഫലമായാണ് സ്ത്രീകൾക്ക് വോട്ടവകാശം പോലും ലഭിച്ചത്. ഏറ്റവും ഒടുവിൽ സ്ത്രീകൾക്ക് വോട്ടവകാശം ലഭിച്ചത് ഫ്രാൻസിലാണ്. ഫ്രഞ്ച് വിപ്ലവം നടന്ന സ്ഥലത്താണ് സ്ത്രീകൾ വോട്ടവകാശത്തിനായി ഇത്രയും കാത്തിരിക്കേണ്ടിവന്നത് എന്നതും മറ്റൊരു വിരോധാഭാസമാണ്.

ഇന്ത്യൻ പാർലമെന്റിൽ സ്ത്രീകൾക്ക് 33 ശതമാനം സംവരണം വേണമെന്ന് പറയാൻ തുടങ്ങിയിട്ട് വർഷങ്ങളായി. ഇതുവരെയും അത് പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല. ഈ വർഷത്തെ വനിതാദിനം പ്രതിജ്ഞകളിൽ മാത്രം ഒതുങ്ങാതെ നല്ലൊരു സാമൂഹിക സൃഷ്ടിക്കായുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാനുള്ളതാകണം. ലോകത്ത് സ്ത്രീകൾ നടത്തിയ മുന്നേറ്റങ്ങൾക്ക് വലിയ ചരിത്രമുണ്ടെങ്കിലും പലതരം സന്ദേഹങ്ങളിലും ഭയത്തിലുമാണ് സ്ത്രീ സമൂഹം ഇന്നു ജീവിക്കുന്നത്. അതുകൊണ്ട് ലിംഗസമത്വത്തിന്റേതായ പുതിയ ലോകത്തിനായി സമൂഹം ഒറ്റക്കെട്ടായി അണിനിരക്കണമെന്ന സന്ദേശമാണ് സാർവദേശീയ വനിതാദിനത്തിലൂടെ ഉയർന്നു വരേണ്ടത്. ■



ഡോ.ചിന്ത.എസ്

# മഹാമാരി
# ഒരു വർഷം പിന്നിടുമ്പോൾ



**കോവിഡ് 19 ഒരു മഹാമാരിയായി ലോകാരോഗ്യ സംഘടന പ്രഖ്യാപിച്ചിട്ട് ഈ മാർച്ച് 11 ന് ഒരു വർഷം തികയുന്നു. ഒരു പകർച്ചവ്യാധി ജീവിതത്തിന്റെ സമസ്ത മേഖലകളെയും പ്രതികൂലമായി ബാധിക്കുന്ന കാഴ്ചയാണ് നമ്മൾ കണ്ടത്.**

കോവിഡ് 19 എന്ന പകർച്ചവ്യാധിയെ ഒരു മഹാമാരിയായി ലോകാരോഗ്യ സംഘടന പ്രഖ്യാപിച്ചിട്ട് ഈ മാർച്ച് 11 ന് ഒരു വർഷം തികയുന്നു. 2020 ൽ ഈ പ്രഖ്യാപനം നടത്തുമ്പോൾ ലോകമാകെ 114 രാജ്യങ്ങളിലായി 118,000 കേസുകളും 4291 മരണങ്ങളുമായിരുന്നു റിപ്പോർട്ട് ചെയ്തിരുന്നത്.

ഒരു പകർച്ചവ്യാധി പൊതുജനാരോഗ്യ പ്രശ്നത്തിനപ്പുറം നമ്മുടെ സാമൂഹിക സാമ്പത്തിക, വ്യവസ്ഥയെ ആകെ തകിടം മറിച്ചുകൊണ്ട് ജോലി, വിദ്യാഭ്യാസം, കച്ചവടം, കൃഷി, വ്യവസായം, കല, മറ്റ് സാമൂഹിക വ്യവഹാരങ്ങൾ തുടങ്ങി സമസ്ത മേഖലകളെയും പ്രതികൂലമായി ബാധിക്കുന്ന കാഴ്ചയാണ് പിന്നീട് നമ്മൾ കണ്ടത്. രോഗനിയന്ത്രണത്തിലൂന്നികൊണ്ട് മുഴുവൻ ഭരണസംവിധാനങ്ങളും പൊതു സമൂഹവും ഈ മഹാമാരിയുടെ പ്രത്യാഘാതങ്ങൾ കുറയ്ക്കുവാനായി സമഗ്രമായ ഇടപെടലുകൾ നടത്തുന്നതും നമ്മൾ കണ്ടു.

ഒരു വർഷം പിന്നിട്ട് 2021 മാർച്ച് 11 ൽ എത്തി നിൽക്കുമ്പോൾ ലോകമാകെ 117 മില്ല്യൻ കേസുകളും 2.61 മില്ല്യൻ മരണങ്ങളും റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഇന്ത്യയിൽ 11.3 മില്ല്യൻ കേസുകളും 158000 മരണങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു. ഏറെ കാത്തിരിപ്പുകൾക്കൊടുവിൽ ശാസ്ത്രലോകം ഈ പുതിയ വൈറസ്സിന് എതിരെ ഒരു വർഷത്തിനുള്ളിൽ തന്നെ വാക്സിനുകൾ കണ്ടെത്തി വിതരണവും ആരംഭിച്ചിരിക്കുന്നു. ലോകമാകെ 30 കോടിയിലധികം വാക്സിൻ ഡോസുകൾ നൽകിയിരിക്കുന്നു. ഇന്ത്യയിൽ അരക്കോടിയിലധികം വാക്സിൻ ഡോസുകൾ നൽകിക്കൊണ്ട് അതിവേഗം പ്രായമായവരെയും അനുബന്ധ രോഗങ്ങൾ ഉള്ളവരെയും മുൻനിര പോരാളികളെയും വൈറസ്ബാധക്കെതിരെ സംരക്ഷിക്കുകയാണ് നമ്മൾ. ജനുവരി ആദ്യവാരത്തോടു കൂടി വാക്സിനുകൾ വിതരണം തുടങ്ങിയ ആശ്വാസം ഒട്ടുമിക്ക രാജ്യങ്ങളിലും ഉണ്ടായെങ്കിലും ഡിസംബറോടു കൂടി ആരംഭിച്ച രണ്ടാം തരംഗം മിക്ക പ്രദേശങ്ങളേയും ആശങ്കയിലാക്കി. പലരാജ്യങ്ങളും വീണ്ടും ലോക്ഡൗണിനു മുതിരുകയായി. വൈറസ്സിൽ ജനിതകമാറ്റം കാരണം ഉണ്ടായ പുതിയ വകഭേദം നമ്മുടെ താത്ക്കാലികമായ വ്യാപന ശമനത്തെ പ്രതികൂലമായി ബാധിക്കുകയും വാക്സിനുകളുടെ ഫലപ്രാപ്തിയെക്കുറിച്ച് സംശയങ്ങൾ ഉണ്ടാക്കുകയും ചെയ്തു. യു.കെ വകഭേദം അതിവേഗം പടർന്നുപിടിക്കുന്ന സ്വഭാവം പ്രദർശിപ്പിക്കുകയും കേസുകൾ ക്രമാതീതമായി കൂടുകയും ചെയ്തു. ബ്രസീൽ, സൗത്ത് ആഫ്രിക്ക എന്നിവിടങ്ങളിൽ റിപ്പോർട്ട് ചെയ്തുകൊണ്ടിരിക്കുന്ന വകഭേദങ്ങളും നമ്മുടെ രോഗനിരീക്ഷണ സംവിധാനത്തെ വീണ്ടും ഊർജ്ജിതപ്പെടുത്തേണ്ടതിന്റേയും പ്രതിരോധ പ്രവർത്തനങ്ങൾ തളരാതെ ശക്തിപ്പെടുത്തേണ്ടതിന്റേയും ആവശ്യകത കൂട്ടിയിരിക്കുന്നു.

> **സാമൂഹിക അകലം, മാസ്ക് ഉപയോഗം, സാനിറ്റൈസിങ് ഇവ തുടർന്ന് പാലിക്കേണ്ടതുമാണ്. ജാഗ്രത കൈവിടേണ്ട സമയം ആയിട്ടില്ല. പുതിയ വകഭേദങ്ങൾ കാരണം തീവ്ര രോഗവ്യാപനത്തിന്റെ സാധ്യത തള്ളിക്കളയാനാകില്ല.**

ജനുവരി പകുതിയോടു കൂടി ലോകത്തിലെ മുഴുവൻ കേസുകളുടെ എണ്ണം അതിന്റെ പാരമ്യത്തിലെത്തുകയും അതിനുശേഷം കേസുകളുടെ എണ്ണം കുറഞ്ഞുവരുന്ന ഒരു രീതിയാണ് കാണിച്ചത്. പുതിയ വകഭേദങ്ങളും പ്രതിരോധ പ്രവർത്തനങ്ങളിലെ അലംഭാവം, സ്കൂളുകളും സ്ഥാപനങ്ങളും മറ്റ് പ്രവർത്തനങ്ങളും പുനരാരംഭിച്ചതിന്റെ പ്രത്യാഘാതം, ഇവയൊക്കെ വർധിത അളവിലെ



രണ്ടാം തരംഗത്തിന് കാരണമായി. വാക്സിനേഷൻ നിരക്ക് കൂടുതലായ രാജ്യങ്ങളിൽ കേസുകൾ കുറഞ്ഞു തുടങ്ങിയതിന്റെ സൂചനകൾ വന്നുതുടങ്ങിയിട്ടുണ്ട്.

ഇന്ത്യയിലാകട്ടെ സെപ്റ്റംബർ പകുതിയോടുകൂടി പാരമ്യത്തിലെത്തിയ കേസ്സുകളുടെ എണ്ണം (97,894, കേസുകൾ സെപ്റ്റംബർ 16) പിന്നീട് കുറയുന്നതും നമ്മൾ കണ്ടു. 80,000–90,000 ദൈനംദിന കേസ്സുകളും 1000 മരണങ്ങളും എന്ന നിരക്കിൽ നിന്ന് താഴ്ന്ന് നിരന്തരമായി കുറഞ്ഞ് ജനുവരി അവസാനത്തോടുകൂടി 18,000 കേസ്സുകളും 160 മരണങ്ങളും എന്ന നിരക്കിൽ എത്തി.

ജനുവരി 16 നോട് കൂടി ആരോഗ്യപ്രവർത്തകർക്കും മുൻനിര പോരാളികൾക്കും കുത്തിവയ്പ്പ് ആരംഭിക്കുകയും മാർച്ച് ഒന്നോടു കൂടി മുതിർന്നവർക്കും, 50 വയസ്സിന് മുകളിൽ അനുബന്ധ രോഗങ്ങൾ ഉള്ളവർക്കും കൂടി വാക്സിനേഷൻ വ്യാപിപ്പിക്കുകയും ചെയ്തുവെങ്കിലും ഫെബ്രുവരി പകുതിയോടുകൂടി മഹാരാഷ്ട്ര, പഞ്ചാബ്, ഗുജറാത്ത് തുടങ്ങിയ പല സംസ്ഥാനങ്ങളിലും കേസ്സുകൾ വീണ്ടും കൂടുന്ന പ്രവണത കണ്ടുതുടങ്ങിയിരിക്കുന്നു. ദൈനം ദിന പുതിയ കേസ്സുകൾ വീണ്ടും 20,000 ത്തിന് പുറത്തേയ്ക്കുയർന്നിരിക്കുന്നു.

കേരളത്തിൽ മാർച്ച് രണ്ടാം വാരം അവസാനിക്കുമ്പോഴേയ്ക്കും നമ്മൾ 12,73,856 ആളുകളെ അതായത് 3.48 ശതമാനം ജനങ്ങളെ വാക്സിനേറ്റ് ചെയ്തിരിക്കുന്നു. 10 ലക്ഷത്തിലധികം കേസ്സുകളും 4000 ത്തിലധികം മരണങ്ങളുമാണ് ഈ ഒരു വർഷകാലയളവിനുള്ളിൽ കേരളത്തിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഈ ഒരു സാഹചര്യത്തിൽ രോഗം വന്നാൽ അപകട സാധ്യത കൂടുതലുള്ളവർ എല്ലാം തന്നെ വാക്സിനേഷന് സന്നദ്ധരായി കുത്തിവയ്പ്പ് എടുക്കേണ്ടതാണ്.

സാമൂഹിക അകലം, മാസ്ക് ഉപയോഗം, സാനിറ്റൈസിങ് ഇവ തുടർന്ന് പാലിക്കേണ്ടതുമാണ്. ജാഗ്രത കൈവിടേണ്ട സമയം ആയിട്ടില്ല. പുതിയ വകഭേദങ്ങൾ കാരണം തീവ്ര രോഗവ്യാപനത്തിന്റെ സാധ്യത തള്ളിക്കളയുവാനാകില്ല. പൂർവ്വസ്ഥിതി പ്രാപിക്കാൻ ഇനിയും സമയം എടുക്കുമെന്ന സൂചനയാണ് ലോകത്തിലെ മറ്റു പ്രദേശങ്ങളിൽ നിന്ന് ലഭിക്കുന്നത്. ഇത്രയും നാൾ പാലിച്ച ജാഗ്രത തുടർന്നും കോവിഡ് പ്രോട്ടോകോൾ പാലിച്ചും രോഗവ്യാപനം പരമാവധി നിയന്ത്രിച്ചും ഈ പുതിയ മാനദണ്ഡങ്ങൾ അവലംബിച്ചു കൊണ്ട് നമുക്ക് മുന്നോട്ടുപോകാം. ■

**തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം അസോസിയേറ്റ് പ്രൊഫസറാണ് ലേഖിക.**



ശ്രീജാറാണി എസ്.എൻ

# വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കാവ്യലോകം




വര: ദീപക് മൗത്താട്ടിൽ


**പ്രകൃതിയെ പൂജിക്കാതെ മർത്ത്യപൂജ അസാധ്യമാണെന്ന് കവിതകളിലൂടെ ഉദ്ബോധിപ്പിച്ച, പാരമ്പര്യത്തെയും ആധുനികതയെയും സമന്വയിപ്പിച്ച കവിയായിരുന്നു വിഷ്ണുനാരായണൻ നമ്പൂതിരി. ഭാരതത്തിന്റെ ദാർശനികമായ സമനിലയെ ഒഴിവാക്കാതെ തന്നെ പുതിയ ഭംഗികളും ക്ഷോഭങ്ങളും ആകാംക്ഷകളും ചാർത്തുന്ന മുദ്രകൾ അംഗീകരിച്ചുകൊണ്ടുള്ളതായിരുന്നു അദ്ദേഹത്തിന്റെ കവിതകൾ.**

പ്രണയം, സ്വാതന്ത്ര്യം, ഭൂമി ഇവയുടെ ഗീതങ്ങൾ മലയാളത്തിന് സമ്മാനിച്ച ധന്യകവിയാണ് വിഷ്ണുനാരായണൻ നമ്പൂതിരി. സ്വന്തം കവിതകളെ വിലയിരുത്താൻ എൻ.വി കൃഷ്ണവാര്യരെപ്പോലെ ഒരാളെ കൊണ്ട് സാധിച്ച വരിഷ്ഠ കവിയാണദ്ദേഹം. അദ്ദേഹത്തിന്റെ കവിതകൾ ഇരുപതാം നൂറ്റാണ്ടിന്റെ എഴാം ദശാബ്ദത്തിന്റെ അവസാനത്തിൽ തുടങ്ങി ഇരുപത്തി ഒന്നാം നൂറ്റാണ്ടിന്റെ രണ്ട് ദശാബ്ദങ്ങൾ പിന്നിടുമ്പോഴും അതേ കരുത്തോടെ നിലനിൽക്കുന്നു എന്നത് മലയാള സാഹിത്യത്തിൽ അദ്ദേഹത്തിനുള്ള പ്രാധാന്യത്തെ കുറിക്കുന്നതാണ്. പ്രകൃതിയെ പൂജിക്കാതെ മർത്ത്യപൂജ അസാധ്യമാണെന്ന് കവിതകളിലൂടെ ഉദ്ബോധിപ്പിച്ച, പാരമ്പര്യത്തെയും ആധുനികതയെയും സമന്വയിപ്പിച്ച കവിയായിരുന്നു വിഷ്ണുനാരായണൻ നമ്പൂതിരി. ഭാരതത്തിന്റെ ദാർശനികമായ സമനിലയെ ഒഴിവാക്കാതെ തന്നെ പുതിയ ഭംഗികളും ക്ഷോഭങ്ങളും ആകാംക്ഷകളും ചാർത്തുന്ന മുദ്രകൾ അംഗീകരിച്ചുകൊണ്ടുള്ളതായിരുന്നു അദ്ദേഹത്തിന്റെ കവിതകൾ. പാരമ്പര്യത്തെ തിരസ്കരിക്കാതെ വർത്തമാനകാലത്തെ സാമൂഹികാവസ്ഥ നിരീക്ഷിക്കുകയും അതിലൂടെ ഭാവികാല ചൈതന്യത്തെ രൂപപ്പെടുത്തുകയും ചെയ്തു. അത് കവിതയിലൂടെ സമൂഹത്തിലെത്തിക്കാൻ കഴിഞ്ഞ വിഷ്ണുനാരായണൻ നമ്പൂതിരിയുടെ മികവിനെപ്പറ്റി 'സ്വാതന്ത്ര്യത്തെക്കുറിച്ച്

ഒരു ഗീത'ത്തിലെ അവതാരിക യിൽ എൻ.വി കൃഷ്ണവാര്യർ പ്രശംസിക്കുന്നുണ്ട്.

മുത്തച്ഛനിൽ നിന്നും പ കർന്നുകിട്ടിയ കാവ്യപരിച യവും ഗുരുവായ പ്രൊഫ.ഷെ പ്പേർഡിൽ നിന്നും ലഭിച്ച പാശ്ചാത്യ കവിതാ താത്പ ര്യവും വിഷ്ണുനാരായണൻ നമ്പൂതിരിയിലെ കവിക്ക് വളർച്ച നൽകി. ഭാരതീയത യിലും വൈദികപാരമ്പര്യ ത്തിലും ആമഗ്നനായിരിക്കെ തന്നെ പാശ്ചാത്യ സംസ്കൃതിയും അദ്ദേഹം ഉൾകൊണ്ടിരുന്നു.




കാളിദാസനും ശങ്കരാചാ ര്യരും ടാഗോറും നാരായണഗു രുവും ആശാനും വള്ള ത്തോളും ഇടശ്ശേരിയും എൻ.വിയും ജിയും വൈലോ പ്പിള്ളിയും അദ്ദേഹത്തെ സ്വാധീനിച്ചതുപോലെ തന്നെ ഷേക്സ്പിയറും ഷെല്ലിയും കീറ്റ്സും അദ്ദേഹത്തിന് പ്രചോദനമായി. പഠിപ്പിക്കുന്ന അറിവുകൾക്കുപരി വേദം മൊഴിയുന്ന അനുഭൂതികളിലാ യിരുന്നു അദ്ദേഹത്തിന് താൽപര്യം. വിരക്തി അദ്ദേഹത്തെ ആകർഷിച്ചിരുന്നില്ല.

'ഭൂമി ഗീതങ്ങളോർക്കുമ്പോൾ
ഭൂമിയെന്നാലെനിക്കെന്റെ
കുല പൈതൃകമല്ലയോ'എന്ന കവി വചനത്തിലൂടെ ഭൂമിയിലെ ജീവിതത്തോടുള്ള കവിയുടെ അഗാധമായ മമതയെ മനസ്സിലാക്കാൻ സാധിക്കും. 'ഭൂമി ഗീതങ്ങൾ' എന്ന അദ്ദേഹത്തിന്റെ സമാഹാരത്തിൽ 'അഹോ, ഉദഗ്ര രണീയാ പൃഥിവീ'! എന്ന കാളിദാസ വാക്യം ചേർത്തിട്ടു ണ്ട്. കാളിദാസ കവിയുടെ സ്വാധീനം വിഷ്ണുനാരാ യണൻ നമ്പൂതിരിയിൽ കടന്നുവരുന്നതിന്റെ ഉദാഹരണങ്ങളാണ്. 'ഋതുസംഹാരം തർജ്ജമ', 'ഹേ, കാളിദാസാ', 'ഉജ്ജനിയിലെ രാപ്പകലുകൾ', 'ഹിമഗന്ധം' തുടങ്ങിയ കവിതകൾ ജീവിതത്തിലെ നന്മ തിന്മകളെ സന്ദർഭാനുസാരിയായി വിലയിരുത്താൻ കഴിയുന്ന മാനസിക വൈപുല്യം വിഷ്ണുനാരായണ നമ്പൂതിരിയിൽ ഉണ്ടായിരുന്നു. ജീവിതത്തെയും അതിന്റെ ചാരുതകളെയും അംഗീകരിക്കുന്ന കവിതകളാണ് 'ഉർവ്വശീ നൃത്തം', 'അഹല്യാമോക്ഷം', 'മിത്രാവതി' തുടങ്ങിയ ശക്തമായ സ്ത്രീപക്ഷ കവിതകൾ ആദവും ദൈവവും എന്ന കവിതയും ഇത്തരത്തിലുള്ളതാണ്.

ഓരോരോ കാലത്തെ രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക പ്രശ്നങ്ങളെ കവിതയിലൂടെ അഭിസം ബോധന ചെയ്യാൻ വിഷ്ണുനാരായണൻ നമ്പൂതിരിക്ക് കഴിഞ്ഞിട്ടുണ്ട്. യുദ്ധവും സാങ്കേതിക വിദ്യകളുടെ കുതിപ്പും നഗരവത്ക്കരണവും കവിയെ സന്ദേഹത്തിലാ ക്കുന്നുണ്ട്. 'നരബലിയും', 'ശവ രാഷ്ട്രീയവും' അദ്ദേ ഹത്തെ ആകുലനാക്കി തീർക്കുന്നു.


'പിൻതള്ളപ്പെടുകയില്ലെന്റെ
നാട് സംക്രാന്തി നാൾകളിൽ
അതിന്നു കഴിവുണ്ടല്ലോ
ശിപോതിയെ വരിക്കുവാൻ'
എന്ന ഇടശ്ശേരി വചനം ഉദ്ധരിക്കുന്ന 'ജയം'എന്ന കവിതയിൽ ഇന്ത്യയെന്ന വികാരം ജാഡ്യം വെടിഞ്ഞ് ഉണരുമെന്ന പ്രതീക്ഷയിൽ അന്ത:കരണ പുഷ്പത്താൽ കവി അർച്ചിക്കുന്നുണ്ട്. സ്വാതന്ത്ര്യത്തെയും സമത്വബോധ ത്തെയും സ്വാതന്ത്ര്യത്തിന്റെ ഭൗതീകവും ആത്മീയവുമായ വശങ്ങളെപ്പറ്റിയും കൃത്യമായ അറിവും ധാരണയും ഉള്ള കവിയായിരുന്നു വിഷ്ണുനാരായണൻ നമ്പൂതിരി. അദ്ദേഹത്തിന്റെ ആദ്യപ്രകാശിത കവിതാസമാഹാരമായ 'സ്വാതന്ത്ര്യത്തെക്കുറിച്ച് ഒരു ഗീതം', 'ആഗസ്റ്റ്15', 'കിറ്റി ന്ത്യാസ്മരണ', 'കന്നിപ്പത്ത്' തുടങ്ങിയ നിരവധി കവിതക ളിൽ രാഷ്ട്രീയമായ അസ്വാതന്ത്ര്യത്തെയും വ്യക്തിയെയും ജനതയെയും അതെങ്ങനെ ഞെരുങ്ങുന്നു എന്നതിനെ പ്പറ്റിയും അദ്ദേഹം സൂചിപ്പിക്കുന്നു.


'ഒരു സ്വകാര്യക്കത്ത്' എന്ന കവിതയിൽ രാഷ്ട്രീയ


**ഓരോരോ കാലത്തെ രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക പ്രശ്നങ്ങളെ കവിതയിലൂടെ അഭിസംബോധന ചെയ്യാൻ വിഷ്ണുനാരായണൻ നമ്പൂതിരിക്ക് കഴിഞ്ഞിട്ടുണ്ട്. യുദ്ധവും സാങ്കേതിക വിദ്യകളുടെ കുതിപ്പും നഗരവത്ക്കരണവും കവിയെ സന്ദേഹത്തിലാക്കുന്നുണ്ട്. 'നരബലിയും', 'ശവ രാഷ്ട്രീയവും' അദ്ദേഹത്തെ ആകുലനാക്കി തീർക്കുന്നു.**

മായി സ്വാതന്ത്ര്യം കിട്ടിയ തുകൊണ്ട് മാത്രം മനസ്സ് സ്വസ്ഥമാകുമോ എന്നും അദ്ദേഹം ചിന്തിക്കുന്നുണ്ട്.

'കുതിക്കുക സുഹൃത്തേ'എന്ന കവിതയിൽ അഭിപ്രായ സ്വാതന്ത്ര്യം നഷ്ട പ്പെട്ട അടിയന്തിരാവസ്ഥക്കാലത്ത് ഇടംവലം നോക്കാതെ ഇളവിന് കൊതിക്കാതെ മുന്നോട്ട് പോകു വാനാണ് അദ്ദേഹം ജനങ്ങളോട് ആഹ്വാനം ചെയ്യുന്നത്. രാഷ്ട്രീ യമായി ഉത്പതിഷ്ണുവായി രുന്നു അദ്ദേഹം. ഗാന്ധിജിയും നെഹ്റുവും അദ്ദേഹത്തിൽ സ്വാധീനം ചെലുത്തി. 'ഇന്ത്യ എന്ന വികാരം'എന്ന കവിതയിൽ ഈ സ്വാധീനം കാണാൻ കഴിയും. ഉപനിഷത്തുക്കൾ മുതൽ ഗാന്ധി ചിന്ത വരെ ഉൾക്കൊണ്ടതിൽ നിന്നുണ്ടായ ഇന്ത്യൻ ദർശനങ്ങളുടെ കേന്ദ്ര ത്തിലുള്ള നൈതിക ഭാവനയോ ടുള്ള ആദരവായിരുന്നു ഇത്.




യന്ത്രവത്കൃത ലോകത്ത് സ്വത്വം നഷ്ടമാകുന്ന മനുഷ്യന്റെ വ്യഥകളും സമ്മർദ്ദങ്ങളുമാണ് 'മുഖമെവിടെ', 'തൈത്തരീയം' എന്നീ കവിതകളിൽ പറയുന്നത് ആചാരത്തെ അന്ധമായി വിശ്വസിക്കുന്നവർക്ക് കീഴടങ്ങു ന്നത് ഭീരുത്വമാണെന്നാണ് 'ഒരു ദേശാടനത്തിന്റെ കഥ'എന്ന കവിതയിൽ കവി ആഹ്വാനം ചെയ്യുന്നത്. സ്വന്തം വിശുദ്ധി ക്കായി മനുഷ്യർ കെട്ടിപ്പെടു ക്കുന്ന മതിലുകൾ അതിരുകൾ നിശ്ചയിക്കാൻ പാടില്ല എന്ന താണ് അദ്ദേഹത്തിന്റെ കാഴ്ച പ്പാട്.

ശാസ്ത്രത്തിന്റെ വിജയത്തെ അത്ഭുതത്തോടെയും ആദരവോ ടെയും കണ്ട കവിയാണ് വിഷ്ണുനാരായണൻ നമ്പൂതിരി. ശാസ്ത്ര സാഹിത്യ പരിഷത്തുമായി ഗാഢബന്ധം അദ്ദേഹത്തിനുണ്ടായിരുന്നു.

'ഈടുറ്റ സാങ്കേതിക പരീക്ഷണാഗ്നി-
ചൂടേറ്റുയിർക്കും ചിറകാഞ്ഞു വീശി
ഗോളാന്തര വ്യാമതലം കടന്നു
പായും മനുഷ്യപ്രതിഭാ പ്രകർഷം'എന്ന് നാസയെ

വിഷ്ണുനാരായണൻ നമ്പൂതിരി വിശേഷിപ്പിക്കുന്നു. പുറമെയുള്ള ആകാശത്തെ കയ്യടക്കുമ്പോൾ മനുഷ്യൻ ഉള്ളിലുള്ള ആകാശത്തെ മറക്കുമോ എന്ന് കവി സന്ദേഹി ക്കുന്നുണ്ട്. ജനതയെ ഇല്ലാതാക്കുന്ന രാജ്യതന്ത്രവും അണുബോംബും മൂലം ശാസ്ത്രത്തിലെ തെറ്റായ വഴി കളെ പറ്റി അദ്ദേഹം ആശങ്കപ്പെടുന്നുണ്ട്. ദക്കാർത്തയുടെ ദർശനത്തിൽ അധിഷ്ഠിതമായ ഭൗതീകശാസ്ത്രാടിത്തറ യെപ്പറ്റി ഉയർത്തുന്ന ചോദ്യമാണ് 'പാതവിദ്യ'എന്ന കവിത. 'ഐൻസ്റ്റൈന്റെ അഥിതി'എന്ന കവിതയിൽ എക്സ്പാന്റിങ് യൂണിവേഴ്സ് എന്ന പരികല്പനയെ ബ്രഹ്മസത്യത്തോട് ചേർത്തു വായിക്കുന്നു. കാറൽ മാക്സിനെ ആരാധിക്കുന്ന വിഷ്ണു നാരായണൻ നമ്പൂതിരി ഒരു പ്ര ത്യയശാസ്ത്രത്തിന് നിസ്വരുടെ വേദന തുടച്ചുമാറ്റുവാൻ കഴിയില്ല എന്നും വിശ്വസിക്കുന്നുണ്ട്.

വിണ്ണിന് നേർക്ക് ചില്ലകൾ വീശുന്ന മരം ആത്മോപദേശമായി അദ്ദേഹത്തിന് അനുഭവപ്പെടുന്നു. അദ്ദേഹത്തിന്റെ നിരവധി ഹിമാലയൻ യാത്രകൾക്ക് ശേഷം പ്രകൃതിയോടുള്ള സമീപനത്തിൽ മാറ്റങ്ങളുണ്ടാകുന്നു. 'അണക്കെട്ടുക ളും തേഹരിയും', 'ഉത്തരായണത്തിലെ കവിതകൾ' എന്നിവയിൽ ഇത് കണ്ടെത്താൻ കഴിയും. വികസ്വരമായ പാരസ്ഥിതികാവബോധം പുതിയ ആരണ്യസംസ്കാരത്തിന്റെ പ്രസക്തി അദ്ദേഹത്തിൽ വളർത്തുന്നു. 'മരമുത്ത ച്ഛന്മാർ', 'ഉപ്പുമരം' എന്നീ കവിതകൾ ഉദാഹരണങ്ങളാണ്. ആത്മതപ:ശക്തി കൾ ഉൾക്കൊള്ളുമ്പോഴും പ്ര ണയത്തെ അദ്ദേഹം വാഴ്ത്തുന്നുണ്ട്. തന്റെ ആത്മീയതയെ ഒരു മതത്തിലും രാഷ്ട്രീയത്തിലും അദ്ദേഹം തളച്ചി ട്ടില്ല. മനുഷ്യവംശത്തിനായുള്ള മംഗള ഗീതമാണ് അദ്ദേഹം എഴുതുന്നത്. ജനാതിപത്യം പണത്തിലധിഷ്ഠിതമാ കുന്നു എന്ന ചിന്ത പങ്കുവയ്ക്കുന്ന കവിതയാണ് 'ഒരു സ്വകാര്യക്കത്ത്'. സ്വാതന്ത്ര്യം സുരക്ഷിതമായാൽ എല്ലാമായി എന്ന് പറയാനാവില്ല. നിസ്വരായ മനുഷ്യർക്കൊപ്പം നിൽക്കുന്ന കവിയുടെ ഇത്തരത്തി ലുള്ള ആശയങ്ങളടങ്ങിയ കവിത യാണ് 'കുറേ റഷ്യൻ കവികളോട്'. ആർത്ഥിക സമത്വഭാവത്തിന് നേരെ യുള്ള അതിശക്തമായ കവിതയാണ് 'ശോണമിത്രൻ'.

പ്രകൃതി വിഷ്ണുനാരായണൻ നമ്പൂതിരിയെ സംബന്ധിച്ചിടത്തോളം വൈകാരികമായ ആവേശം മാത്രമായി രുന്നില്ല അത് അദ്ദേഹത്തിന്റെ ഹൃദയത്തുടിപ്പായിരുന്നു. 'സാക്ഷാത്ക്കാരം' എന്ന കവിതയിൽ അദ്ദേഹം ഇതിനെ പ്പറ്റി പറയുന്നുണ്ട്. കതിരിനേയും കിളിയേയും അമ്മയുടെ വരായുധമായി കവി കാണുന്നു. മണ്ണിൽ ഉറച്ചു നിന്ന് ഇന്നത്തെ കാലത്ത് മനുഷ്യ സംസ്കാരത്തിന്റെ ചില സുകൃതങ്ങളിലേക്ക് മനുഷ്യരെ സ്വാഗതം ചെയ്യുന്ന കാവ്യലോകമാണ് വിഷ്ണുനാരായണൻ നമ്പൂതിരിയു ടേത്. 1939 മുതൽ 2021 വരെയുള്ള അദ്ദേഹത്തിന്റെ ധന്യമായ ജീവിതത്തിൽ
പത്മശ്രീ, സാഹിത്യ അക്കാദമി പുരസ്കാരം, മാതൃഭൂമി സാഹിത്യപുരസ്കാരം, വയലാർ അവാർഡ്, വള്ളത്തോൾ പുരസ്കാരം ഉൾപ്പെടെ ബഹുമതികൾ നേടാനായി. ■

**(ലേഖിക നിലമേൽ എൻ.എസ്.എസ് കോളേജ് മലയാള വിഭാഗത്തിൽ ഗവേഷകയാണ്)**

രാജേഷ് കെ. എരുമേലി


# സാധ്യ–അസാധ്യ ഇടങ്ങളുടെ കണ്ടെടുക്കൽ

**സക്കറിയ ഉയർത്തിയ പല വിഷയങ്ങളും വലിയ സംവാദവും വിവാദവുമായി കേരളീയ സമൂഹം ഏറ്റെടുത്തു. എല്ലാത്തരം അധീശബോധങ്ങളെയും ചോദ്യം ചെയ്യുന്നതും മാനവികതയെ ഉയർത്തിപ്പിടിക്കുന്നതുമാണ് സക്കറിയയുടെ നിലപാടുകൾ. എഴുത്തച്ഛൻ പുരസ്കാരം ലഭിച്ച സക്കറിയയുടെ കഥകളെക്കുറിച്ചുള്ള പഠനം.**

രണ്ടായിരത്തിന് ശേഷം മലയാള ചെറുകഥ മാറ്റത്തിന്റെ അനുഭവങ്ങളെയാണ് ആവിഷ്കരിക്കുന്നത്. ആദിവാസികൾ, ദലിതർ, സ്ത്രീകൾ, എൽ.ജി.ബി.റ്റി സമൂഹങ്ങൾ തുടങ്ങി മനുഷ്യനെ തന്നെ വ്യത്യസ്ത തലങ്ങളിൽനിന്നു വിശകലനം ചെയ്യുന്നു എന്നതാണ് മാറുന്ന കഥയുടെ പ്രത്യേകത. മനുഷ്യനും പരിസ്ഥിതിയും തമ്മിലെ ഇടപെടലിലെ യഥാർത്ഥ അധീശത്വം ആരിൽനിന്നും സംഭവിക്കുന്നു. മനുഷ്യരും മൃഗങ്ങളുമായുള്ള കൊടുക്കൽ വാങ്ങലിൽ സംഭവിക്കുന്ന തിരുത്തലുകൾ. ഇത്തരം ചോദ്യങ്ങളെ മുന്നിൽ നിർത്തിയാണ് പുതുകാല ചെറുകഥ ആഖ്യാനത്തിലും പ്രമേയതിരഞ്ഞെടുപ്പിലുമെല്ലാം സൂക്ഷ്മത പുലർത്തുന്നത്. ആധുനികതാ കാലത്തെ ചെറുകഥയെ ചോദ്യം ചെയ്യുന്നതിനും പുതുക്കിപ്പണിയുന്നതിനും ചിലപ്പോഴൊക്കെ പാടെ റദ്ദ് ചെയ്യുന്നതിനും ആധുനികാനന്തര ചെറുകഥ തയാറാകുന്നുണ്ട്. ആധുനികത ചെറുകഥയിൽ നിർമ്മിച്ച ആൺ അധികാരഘടനയും സ്വത്വത്തെക്കു



വര: ദീപക് മൗത്താട്ടിൽ








റിച്ചുള്ള ആകുലതകളും ഉത്തരാധുനിക കഥയിൽ വലിയ പ്രശ്നമായിമാറുന്നില്ല. കാരണം സ്ത്രീ സ്വത്വത്തെ പൂർണമായും ചേർത്തുനിർത്തുന്നതും അപര സ്വത്വങ്ങളെ സ്ഥാപിച്ചെടുക്കാനും പുതുകാല ചെറുകഥ ശ്രമിച്ചു കൊണ്ടിരിക്കുകയാണ്.

## ചരിത്രത്തിലേക്കുള്ള പിൻനടത്തം

സക്കറിയ തന്റെ എഴുത്തിലൂടെയും പ്രഭാഷണങ്ങളിലൂടെയും ഇടപെടലുകളിലൂടെയും നിരന്തരം സാമൂഹിക വിമർശനം ശക്തമായി നടത്തിക്കൊണ്ടിരിക്കുന്ന എഴുത്തുകാരനാണ്. സക്കറിയ ഉയർത്തിയ പല വിഷയങ്ങളും വലിയ സംവാദവും വിവാദവുമായി കേരളീയ സമൂഹം ഏറ്റെടുത്തു. എല്ലാത്തരം അധീശബോധങ്ങളെയും ചോദ്യം ചെയ്യുന്നതും മാനവികതയെ ഉയർത്തിപ്പിടിക്കുന്നതുമാണ് സക്കറിയുടെ നിലപാടുകൾ. മനുഷ്യന്റെ സ്വാതന്ത്ര്യത്തെക്കുറിച്ചാണ് സക്കറിയ നിരന്തരം പറഞ്ഞുകൊണ്ടിരിക്കുന്നത്. 1964ൽ പ്രസിദ്ധീകരിച്ച ആദ്യ ചെറുകഥയായ 'ഉണ്ണി എന്ന കുട്ടി' യിൽനിന്നും 2016ൽ 'തേൻ' വരെ എത്തി നിൽക്കുമ്പോൾ സക്കറിയയുടെ കഥ ആഖ്യാനപരമായി വലിയ മാറ്റങ്ങൾക്ക് വിധേയമാകുന്നുണ്ട്. മാറുന്ന ദേശ, കാല അവസ്ഥകളാണ് ഇതിന് കാരണമാകുന്നത്. എഴുത്തിൽ സംഭവിച്ച പരിണാമങ്ങൾ വളരെ വേഗത്തിൽ സ്വാധീനിച്ചത് ചെറുകഥയെയാണ്. അതുകൊണ്ട് സക്കറിയ തന്റെ എഴുത്തിനെ നിരന്തരം പരിഷ്കരിക്കുകയാണ്. മനുഷ്യബന്ധങ്ങളുടെ ആഴം തേടുന്നതാണ് സക്കറിയയുടെ കഥകൾ. ബൈബിളിനെയും യേശുവിനെയും മുൻനിർത്തി നിരവധി കഥകൾ സക്കറിയ എഴുതിയിട്ടുണ്ട്. 'ഒരു നസ്രാണി യുവാവും ഗൗളി ശാസ്ത്രവും'(1980), 'കണ്ണാടി കാൺമോളവും' (1997) എന്നീ കഥകൾ അതിൽ പ്രധാനമാണ്. യേശുവിന്റെ സ്വത്വത്തെ സംബന്ധിച്ചുള്ള പ്രശ്നവത്കരണമാണ് കണ്ണാടി കാൺമോളവും എന്ന കഥയിലൂടെ സക്കറിയ നടത്തുന്നത്. യേശുവിനെ




മനുഷ്യനായി കണ്ടുകൊണ്ടുള്ള രചനയാണിത്.

ഭാഷാ അടിസ്ഥാനത്തിൽ കേരളം രൂപപ്പെട്ടതിന് ശേഷം ആധുനിക കേരള നിർമ്മിതിക്കായുള്ള നിരവധി പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്.

സ്വാതന്ത്ര്യാനന്തര ഇന്ത്യൻ ഭരണകൂടം മുന്നോട്ടുവെച്ച നെഹ്റുവിയൻ മോഡൽ ഭരണപരിഷ്കാരങ്ങൾ സജീവമാകുന്നത് അറുപതുകളോടെയാണ്. ഇത്തരമൊരു രാഷ്ട്രീയ പശ്ചാത്തലം കേരളത്തിൽ സാഹിത്യത്തെയും മറ്റിതര കലകളെയും സ്വാധീനിക്കുന്നുണ്ട്. ഇത്തരമൊരു സന്ദർഭത്തിലാണ് സക്കറിയ എഴുത്തിലേക്കും പ്രവേശിക്കുന്നത്. അറുപതുകളിലുടെ കേരളീയ രാഷ്ട്രീയ സാമൂഹിക പരിസരം അതുകൊണ്ട് സക്കറിയയുടെ കഥകളുടെ സൂക്ഷ്മ വായനയിൽ കണ്ടെത്താനാകും. എഴുപതുകളിലെ കേരളീയ മധ്യവത്കരണവും തീവ്ര രാഷ്ട്രീയ കാഴ്പ്പാടുകളും അക്കാലത്തെ എഴുത്തുകാരിൽ ആഴത്തിൽ സ്വാധീനിക്കുന്നുണ്ട്. ബോധപൂർവ്വവും അല്ലാതെയും പുരോഗമന സാഹിത്യകാഴ്ചപ്പാടുകൾ തിരഞ്ഞെടുത്തവരെ മാറിയ സാഹചര്യങ്ങൾ സ്വാധീനിക്കുന്നുണ്ട്. സക്കറിയ എന്നാൽ അതിൽനിന്നും മാറി തന്റേതായ വഴി തിരഞ്ഞെടുക്കുന്നുണ്ട്. ഭാഷയിലും ആഖ്യാനത്തിലും ആ സൂക്ഷ്മത പുലർത്താൻ സക്കറിയയുടെ എഴുത്തുകൾക്ക് സാധിക്കുന്നുണ്ട്.

കഥകളുടെ സാമൂഹിക പരിസരം ഏതൊരു എഴുത്തുകാരന്റെയും സാമൂഹിക പരിസരമാണ് തന്റെ എഴുത്തിൽ സ്വാംശീകരിക്കപ്പെടുന്നത്. ബൈബിൾ ഭാഷയുടെ സ്വാധീനം അതിനാൽ സക്കറിയയുടെ കഥകളിലും മറ്റ് സർഗാത്മക ആവിഷ്കാരങ്ങളിലും കാണാനാകും. എൺപതുകളിൽ കേരളീയ സമൂഹം വീണ്ടും മാറ്റങ്ങളിലൂടെ നീങ്ങുന്നത് കാണാനാകും. അതുവരെ ഇല്ലാതിരുന്ന മൂല്യബോധങ്ങളെ ഉയർത്തിക്കാട്ടുന്ന രീതികൾ ഈ കാലഘട്ടത്തിന്റെ പ്രത്യേകതയായി മാറുന്നു. കുടുംബബന്ധങ്ങൾ, സൗഹൃദം എന്നിവയിലെല്ലാം പുതിയ ചില സദാചാര സംഹിതകൾ കടന്നു വരുന്നുണ്ട്. 'ആർക്കറിയാം' തുടങ്ങിയ കഥകൾ രൂപപ്പെടുന്നത് ഇത്തരമൊരു പശ്ചാത്തലത്തിലാണ് എന്ന് പറയാൻ കഴിയും.

തൊണ്ണൂറുകളിലെ ആഗോളവത്കരണ കാഴ്ചപ്പാടുകൾ സാഹിത്യത്തെ മാത്രമല്ല ജീവിതത്തെ തന്നെ മാറ്റിത്തീർക്കുന്നതായിരുന്നു. അറുപതുകളിൽ ഫ്യൂഡൽ ബോധങ്ങളോട് മുഖം തിരിച്ചു നിന്ന കേരളീയ സമൂഹത്തിൽ അത്തരം കാഴ്ചപ്പാടുകൾ മുഖംമൂടി അണിഞ്ഞുകൊണ്ട് കടന്നു വരുന്നുണ്ട്. കൂട്ടുകുടുംബത്തിൽനിന്നും അണുകുടുംബത്തിലേക്ക് സമൂഹം കൂടുതൽ വികസിക്കുന്നത് ഈ ഘട്ടത്തിലാണെങ്കിലും പഴയ മൂല്യങ്ങളെ മറ്റൊരു രീതിയിൽ ആവിഷ്കരിക്കാൻ ശ്രമം നടക്കുന്നുണ്ട്. സക്കറിയ പുരോഗമനപരമായ നിലപാടിൽ നിന്നു കൊണ്ടാണ് എല്ലാക്കാലവും തന്റെ എഴുത്തിനെ നടത്തിക്കുന്നത്. എന്നാൽ ക്രാഫ്റ്റിൽ പുതുമ സൃഷ്ടിക്കാനും ശ്രമിക്കുന്നു.

പുതുകാലത്തിന്റെ കാഴ്ചകൾ രണ്ടായിരത്തോടെ സാഹിത്യത്തിലും സാമൂഹിക ജീവിതത്തെ സംബന്ധിച്ച വിശകലനങ്ങളിലെല്ലാം പുതിയ കാഴ്ചപ്പാട് കടന്നു വരുന്നതോടെ സക്കറിയയുടെ എഴുത്തും അത്തരം മാറ്റങ്ങളോടൊപ്പം സഞ്ചരിക്കുന്നത് കാണാനാകും. തന്റെ എഴുത്തിനെയും കാഴ്ചപ്പാടിനെയും സക്കറിയ പുതുക്കുന്നതായി കാണാനാകും. 'ടെകീല' എന്ന കഥയിലൂടെയാണ് അത് സംഭവിക്കുന്നത്. 2016ൽ പുറത്തിറങ്ങിയ 'തേൻ' എന്ന കഥാസമാഹാരത്തിൽ സക്കറിയയുടെ ആഖ്യാനത്തിന്റെ മാറ്റം തിരിച്ചറിയാനാകും. മനുഷ്യനും മറ്റ് ചരാചരങ്ങളുമായുള്ള ബന്ധത്തിന്റെ സൂക്ഷ്മതയിലേക്കാണ് തേൻ പോലുള്ള കഥകൾ സംഭവിക്കുന്നത്. നിർമ്മിത ബുദ്ധി പൗരത്വത്തിലേക്ക് പ്രവേശിച്ച ഈ ഘട്ടത്തിൽ ദീർഘവീക്ഷണത്തോടെ സക്കറിയ എഴുതിയ കഥയായി ഇത് മാറുന്നു. മനുഷ്യനും കരടിയും തമ്മിലെ കേവലമായ ബന്ധത്തിനപ്പുറം കാടിന്റെ സവിശേഷതകളും ഈ കഥയിൽ സക്കറിയ വർണിക്കുന്നുണ്ട്. കാട്ടിലെ വലിയ മരങ്ങൾക്കൊപ്പം ചെറിയ ചെടികളുണ്ടെന്നും നിരന്തരം കാണുന്ന ജീവികളെക്കാളധികം ചെറു ജീവികൾ അവിടെയുണ്ടെന്നും സക്കറിയ കഥയിൽ പറയുകയാണ്. തന്റെ പരിസരത്തെ ഇത്രയും സൂക്ഷ്മായി അവതരിപ്പിക്കാൻ സക്കറിയ നടത്തുന്ന ശ്രമം പുതിയ കാലത്തെ കഥയുടെ പ്രധാന സവിശേഷതയാണ് കാട്ടിത്തരുന്നത്. സൂക്ഷ്മ ആഖ്യാനങ്ങളാണ് ആധുനികാനന്തര കാലത്തെ എഴുത്ത് എന്നതിന്റെ ഉദാഹരണം കൂടിയായി മാറുന്നു തേൻ എന്ന സമാഹാരത്തിലെ ഓരോ കഥകളും. പരിസ്ഥിതിയെ സംബന്ധിച്ച കാഴ്ചപ്പാടുകളെ അട്ടിമറിക്കുന്ന തരത്തിലുള്ള കണ്ടെത്തലുകളും തേൻ എന്ന കഥയിലൂടെ സക്കറിയ മുന്നോട്ട് വെയ്ക്കുന്നുണ്ട്, മറ്റൊരു സമൂഹത്തിന്റെ ജീവിതത്തെ പുറത്തുനിന്നു കാണുന്നവർ അവതരിപ്പിക്കുമ്പോഴുണ്ടാകാവുന്ന പാകപ്പിഴകളെ പരിഹരിക്കാനും സക്കറിയയ്ക്ക് സാധിക്കുന്നുണ്ട്.

'റാണി' എന്ന കഥയും സമകാലിക ജീവിതത്തിന്റെ ആവിഷ്കാരമാണ്. സക്കറിയ തന്റെ രാഷ്ട്രീയ കാഴ്ചപ്പാടുകളെ എത്രസൂക്ഷ്മായാണ് അവതരിപ്പിക്കുന്നത് എന്നതിന്റെ ഉദാഹരണമാണ് റാണി എന്ന കഥ. സ്ത്രീകൾ അവരുടെ കർതൃത്വത്തെ എത്രമാത്രം ഉയർത്തിപ്പിടിക്കുന്നു എന്നതാണ് റാണിയുടെ വായനയെ നവീകരിക്കുന്നത്. എൺപതുകളിലെ ഒരു മധ്യവർത്തി/ജനകീയ സിനിമയെയും അതിലെ ഗാനത്തെയും മുൻനിർത്തി എഴുതിയ സിനിമാക്കമ്പം എന്ന കഥയും ലളിതമായി പുതിയ കാലത്തോട് സംവദിക്കുന്ന തരത്തിലാണ് അവതരിപ്പിക്കുന്നത്. സാധാരണ മനുഷ്യരുടെ അതി സങ്കീർണമായ ജീവിത പരിസരങ്ങളെയാണ് സക്കറിയയുടെ കഥകൾ നിരന്തരം ആവിഷ്കരിക്കുന്നത് എന്നാണ് കുഞ്ഞുദിവസം, മദ്യശാല, അൽഫോൻസാമ്മയുടെ മരണവും ശവസംസ്കാരവും ഉൾപ്പെടെ കഥകൾ വായിക്കുമ്പോൾ ബോധ്യമാകുന്നത്. ഒരേ സമയവും ചരിത്രത്തിലേക്ക് സഞ്ചരിക്കുകയും വർത്തമാനത്തോട് ഏറ്റുമുട്ടുകയും ഭാവിയെ മുൻകൂട്ടി കാണാനുള്ള ശ്രമങ്ങളുമാണ് സക്കറിയയുടെ കഥകൾ നടത്തുന്നത്. അത് അതിവൈകാരികമല്ല. രാഷ്ട്രീയ പ്രസംഗങ്ങളല്ല. ആഖ്യാനത്തിലെ സൂക്ഷ്മതയാണ്. ഭാഷയുടെ പുതുക്കിപ്പണിയലാണ്. ■

> **സാധാരണ മനുഷ്യരുടെ അതി സങ്കീർണമായ ജീവിത പരിസരങ്ങളെയാണ് സക്കറിയയുടെ കഥകൾ നിരന്തരം ആവിഷ്കരിക്കുന്നത് എന്നാണ് കുഞ്ഞുദിവസം, മദ്യശാല, അൽഫോൻസാമ്മയുടെ മരണവും ശവസംസ്കാരവും ഉൾപ്പെടെ കഥകൾ വായിക്കുമ്പോൾ ബോധ്യമാകുന്നത്.**

**STATEMENT ABOUT OWNERSHIP AND OTHER PARTICULARS OF SAMAKALIKA JANAPADHAM MONTHLY**

| | | |
|---|---|---|
| 1. Place of Publication | : | Thiruvananthapuram |
| 2. Periodicity of Publication | : | Monthly |
| 3. Printers Name | : | S. Harikishore IAS |
| Whether citizen of India | : | Yes |
| Address | : | Director,<br>Information Public Relations<br>Department, Govt.Secretariat,<br>Thiruvananthapuram |
| 4. Publisher's Name | : | S. Harikishore IAS |
| Whether citizen of India | : | Yes |
| Address | : | Director,<br>Information Public Relations<br>Department, Govt.Secretariat,<br>Thiruvananthapuram |
| 5. Editors name | : | S. Harikishore IAS |
| Whether Citizen of India | : | Yes |
| Address | : | Director,<br>Information Public Relations<br>Department, Govt.Secretariat,<br>Thiruvananthapuram |
| 6. Name and Address of Individual who own the newspaper | : | Government of Kerala. |

I, S.Harikishore IAS declare that the particulars given above are true to the best of my knowledge and belief.

Sd/

Thiruvananthapuram
01-03-2021

S.Harikishore IAS
publisher



# നാളികേരകൃഷി അറിയേണ്ടതെല്ലാം

ഡോ. എൻ.വി. രാധാകൃഷ്ണൻ (പ്രൊഫസ്സർ &ഹെഡ്)
ഡോ. കെ. പ്രതാപൻ (പ്രൊഫസ്സർ)
കവിത.ജി.വി (അസി. പ്രൊഫസ്സർ)
നാളികേര ഗവേഷണകേന്ദ്രം,
കേരള കാർഷിക സർവകലാശാല, ബാലരാമപുരം

കേരളത്തിലെ എല്ലാ ജില്ലകളിലും വ്യാപകമായി കൃഷി ചെയ്തു വരുന്ന വിളയാണ് തെങ്ങ്. നെല്ല്, റബ്ബർ മുതലായ വിളകളുടെ ഉത്പാദനത്തിലും, ഉത്പാദനക്ഷമതയിലും ഉണ്ടായ വർധനവ് നിർഭാഗ്യവശാൽ കല്പവൃക്ഷത്തിന്റെ കാര്യത്തിൽ കേരളത്തിൽ സാധ്യമായിട്ടില്ല. ജനിതകമായി വിളവ് കുറഞ്ഞ തെങ്ങുകളുടെ കൃഷി, അശാസ്ത്രീയ കൃഷിരീതികൾ മുതലായ ഘടകങ്ങൾ ഇതിനു കാരണമായി ചൂണ്ടിക്കാണിക്കാവുന്നതാണ്. ശാസ്ത്രീയ കൃഷിരീതികൾ അവലംബിക്കുന്നതു വഴി വിളവ് നാലിരട്ടി വരെ വർധിപ്പിക്കാൻ സാധിക്കുമെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു.

തെങ്ങ് ഒരു ദീർഘകാല വിള ആയതിനാൽ, ഇനങ്ങൾ തിരഞ്ഞെടുക്കുമ്പോൾ അതീവ ശ്രദ്ധ വേണ്ടതാണ്.

## ഇനങ്ങൾ

തെങ്ങിനങ്ങളെ മൂന്നായി തരംതിരിക്കാം - നെടിയ ഇനങ്ങൾ, കുറിയ ഇനങ്ങൾ, സങ്കരയിനങ്ങൾ

## നെടിയ ഇനങ്ങൾ

നാളികേരത്തിനായി വ്യാപകമായി കൃഷി ചെയ്യുന്നത് നെടിയ ഇനങ്ങളെയാണ്. 80-90 വർഷം വരെ ജീവിക്കുകയും എല്ലാ വർഷവും കൃത്യമായി കായ്ക്കുകയും ചെയ്യുന്ന ഇവയുടെ കാമ്പുകൾ ഭക്ഷ്യാവശ്യത്തിന് ഉന്നത ഗുണനിലവാരമുള്ളതാണ്. ജലസേചനമുണ്ടെങ്കിൽ നാല്-അഞ്ച് വർഷം കൊണ്ടും ഇല്ലെങ്കിൽ ഏഴ്-എട്ട് വർഷം കൊണ്ടും ഇവ കായ്ക്കും.

### പ്രധാന നെടിയ ഇനങ്ങൾ

പശ്ചിമതീര നെടിയൻ (ഡബ്ല്യു.സി.ടി)
ലക്ഷദ്വീപ് ഓർഡിനറി
ആൻഡമാൻ ഓർഡിനറി
കാപ്പാടം

## കുറിയ ഇനങ്ങൾ

അഞ്ച് മുതൽ ആറ് മീറ്റർ വരെ ഉയരം വയ്ക്കുന്ന ഇവ കടുംപച്ച, ഓറഞ്ച്, മഞ്ഞ, ചുവപ്പ് നിറങ്ങളിൽ കാണപ്പെടുന്നതു കൊണ്ട് അലങ്കാരത്തിനും വളർത്താം. നട്ടു മൂന്നാം വർഷം മുതൽ കായ്ച്ചു തുടങ്ങുന്ന ഇവയുടെ കായ്ക്കുന്ന കാലം 50 വർഷത്തിനു താഴെയായിരിക്കും.

### പ്രധാന കുറിയ ഇനങ്ങൾ

ചാവക്കാട് ഗ്രീൻ ഡ്വാർഫ്
ചാവക്കാട് ഓറഞ്ച്ഡ്വാർഫ് (ഇളനീരിന് ഉത്തമ ഇനം ചെന്തെങ്ങ്)
മലയൻ യെല്ലോഡ്വാർഫ്
ഗംഗാബോന്ദം

## സങ്കരയിനം തെങ്ങുകൾ

നെടിയ ഇനങ്ങളുടെയും കുറിയ ഇനങ്ങളുടെയും നല്ല ഗുണങ്ങൾ, കൃത്രിമ പരാഗണം നടത്തി, ഒരു തെങ്ങിൽ സ്വരൂപിപ്പിക്കുകയാണ് സങ്കരയിനങ്ങൾ വഴി സാധ്യമാകുന്നത്.



### പ്രധാന സങ്കരയിനങ്ങൾ

കേരസങ്കര (ഡബ്ല്യു.സി.ടി x ചാവക്കാട് ഓറഞ്ച്ഡ്വാർഫ്)
കേരശ്രീ (ഡബ്ല്യു.സി.ടി x മലയൻ യെല്ലോഡ്വാർഫ്)
കേരഗംഗ(ഡബ്ല്യു.സി.ടി x ഗംഗബോന്ദം)
അനന്തഗംഗ (ആൻഡമാൻ ഓർഡിനറി x ഗംഗബോന്ദം)
ലക്ഷഗംഗ(ലക്ഷദ്വീപ് ഓർഡിനറി x ഗംഗബോന്ദം)
ചന്ദ്രസങ്കര (ചാവക്കാട് ഓറഞ്ച് x ഡ്വാർഫ് x ഡബ്ല്യു.സി.ടി)
ചന്ദ്രലക്ഷ (ലക്ഷദ്വീപ് ഓർഡിനറി x ഗംഗബോന്ദം)

പ്രത്യേകമായ പരിചരണം സാധ്യമല്ലാത്ത സാഹചര്യങ്ങളിൽ നാടൻ തെങ്ങിനങ്ങൾ തന്നെയാണ് നമ്മുടെ നാടിന് യോജിച്ചത്.

## തെങ്ങിൻതൈ തിരഞ്ഞെടുക്കൽ

- 9 മുതൽ 12 മാസം പ്രായമുള്ള തൈകൾ തിരഞ്ഞെടുക്കണം.
- നേരത്തെ മുളച്ചതും കരുത്തുറ്റതും നല്ല വളർച്ചയുമുള്ള തൈകളായിരിക്കണം.
- 10-12 മാസം പ്രായമുള്ള തൈകൾക്ക് ആറ് മുതൽ എട്ട് വരെ ഓലകൾ ഉണ്ടായിരിക്കണം. ഒൻപത് മാസം പ്രായമുള്ള തൈകൾക്ക് കുറഞ്ഞത് നാല് ഓലയെങ്കിലും വേണം.
- കണ്ണാടിക്കനം (കടവണ്ണം) 10-12 സെ.മീ ആയിരിക്കണം.
- ഓലക്കാലുകൾ നേരത്തെ വിടരണം.

## നടുന്നതിനുള്ള സ്ഥലം തിരഞ്ഞെടുക്കൽ

വെട്ടുക്കൽ, തീരദേശമണൽ, എക്കൽ, ചതുപ്പ് നികത്തിയ സ്ഥലങ്ങൾ എന്നിങ്ങനെ വിവിധ തരത്തിലുള്ള



മണ്ണിൽ തെങ്ങ്കൃഷി ചെയ്യാം. ഒന്നരമീറ്റർ ആഴമുള്ളതും നീർവാർച്ചയുള്ള മണ്ണാണ് തെങ്ങ് കൃഷിക്കായി തിരഞ്ഞെടുക്കേണ്ടത്. കളിമൺ പ്രദേശങ്ങളും, വെള്ളംകെട്ടി നിൽക്കുന്നതും അടിയിൽ പാറയുള്ളതുമായ സ്ഥലങ്ങൾ ഒഴിവാക്കണം.

## നിലമൊരുക്കൽ

താഴ്ന്ന പ്രദേശങ്ങളിലും നെൽപ്പാടങ്ങളിലും കൂനകൾ കൂട്ടിവേണം തൈകൾ നടേണ്ടത്. നെൽപ്പാടങ്ങളിൽ ജലനിരപ്പിന് മുകളിൽ ഒരു മീറ്ററെങ്കിലും ഉയരത്തിൽ വേണം കൂനകൾ കൂട്ടാൻ. കായൽ നികത്തിയ ഇടങ്ങളിൽ വരമ്പുകളെടുത്തും മറ്റ് സ്ഥലങ്ങളിൽ കുഴികൾ എടുത്തും നിശ്ചിത അകലത്തിൽ തൈകൾ നടാം.

നടീൽ അകലം - 7.5 X 7.5 മീറ്റർ

തെങ്ങിന്റെ വളർച്ചയ്ക്ക് ആവശ്യമായ പ്രകൃതി വിഭവങ്ങളായ സൂര്യപ്രകാശം, വായു, ജലം, മണ്ണ് എന്നിവ പരമാവധി ഉപയോഗിക്കാനും, മത്സരം ഒഴിവാക്കാനും ഈ അകലം പാലിക്കണം.



## കുഴിയുടെവലുപ്പം

1 X1 X1 മീറ്റർ (നല്ല നീർവാർച്ചയുള്ള മണ്ണിൽ)
0.75 X 0.75 X0.75 മീറ്റർ (മണൽ പ്രദേശങ്ങളിൽ)
1.2 X1.2 X1.2 മീറ്റർ (വെട്ടുകൽ പ്രദേശങ്ങളിൽ)

## നടീൽ സമയം

കേരളത്തിന്റെ കാലാവസ്ഥയിൽ തെങ്ങിൻതൈ നടുന്നതിന് ഏറ്റവും അനുയോജ്യമായ സമയം മെയ് മാസമാണ്. താഴ്ന്ന പ്രദേശങ്ങളിൽ കനത്ത മഴ അവസാനിച്ചതിനു ശേഷം സെപ്റ്റംബറിൽ തൈകൾ നടാവുന്നതാണ്. ജലസേചന സൗകര്യം ഉറപ്പുള്ള സ്ഥലങ്ങളിൽ ഏപ്രിൽ മാസത്തിലും തൈകൾ നടാം.

## തൈ നടുന്ന രീതി

ഓരോ കുഴിയിലും 60 സെന്റീമീറ്റർ ഉയരത്തിൽ മേൽമണ്ണ് നിറച്ച ശേഷം, നടുവിലായി ഒരു ചെറുകുഴി (40 സെന്റീമീറ്റർ വ്യാസം) എടുക്കുക. ഇതിൽ മണലും വേപ്പിൻ പിണ്ണാക്കും തുല്യഅളവിൽ ചേർത്ത് തൈകൾ നടാം. കുഴിയുടെ അടിഭാഗത്തായി രണ്ട് തട്ടുകളായി തൊണ്ട് മലർത്തി അടുക്കുന്നത് ജലാംശം നിലനിർത്താൻ സഹായിക്കും. തൈ നടുമ്പോൾ തേങ്ങയുടെ മേൽഭാഗം മാത്രം അരയിഞ്ച് പുറത്ത് കാണത്തക്കവിധം നടുക.

## തണൽ നൽകൽ

തൈകൾ നട്ട ശേഷം ആദ്യത്തെ രണ്ടു വർഷങ്ങളിൽ വേനൽക്കാലത്ത് തെക്കുപടിഞ്ഞാറൻ ദിശയിൽ നിന്ന് തണൽ നൽകുക. സാധാരണ ഉണങ്ങിയ തെങ്ങോലക്കുറ്റികൾ ഉപയോഗിച്ച് തണൽ നൽകാറുണ്ട്.

## വളപ്രയോഗം

ജലസേചന കൃഷിയിൽ 3-4 ഗഡുക്കളായി വളം നൽകാവുന്നതാണ്.

രാസവളങ്ങളിടുന്നതിന് രണ്ടാഴ്ച്ച മുൻപ് ഏപ്രിൽ - മെയ്മാസത്തിൽ കുമ്മായമോ, ഡോളമൈറ്റോ ഒരു തെങ്ങിന് 1 കിലോഗ്രാം എന്ന തോതിൽ നൽകണം. മേൽപ്പറഞ്ഞ വളങ്ങളോടൊപ്പം തെങ്ങൊന്നിന് 500 ഗ്രാം മഗ്നീഷ്യം സൾഫേറ്റ് സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിൽ നൽകുന്നത് മഞ്ഞളിപ്പ് ഉണ്ടാകുന്നത് കുറയ്ക്കും.

തെങ്ങിന്റെ വെള്ളവും വളവും വലിച്ചെടുക്കുന്ന വേരുകൾ കാണുന്നത് കടഭാഗത്തു നിന്നും 2 മീറ്ററിനുള്ളിലും 1 അടിതാഴ്ചയിലുമായതിനാൽ, രണ്ടു മീറ്റർ അർധവ്യാസവും 1 അടി ആഴവുമുള്ള തടം തുറന്ന് വളപ്രയോഗം നടത്തുന്നതാണ് ഉത്തമം.

## ജൈവവളപ്രയോഗം

ജൈവവളത്തിന്റെ ഉപയോഗം മണ്ണിന്റെ ഫലപുഷ്ഠിയും ഉത്പാദനക്ഷമതയും ജൈവാംശവും ജലസംഭരണശേഷിയും വർധിപ്പിക്കും. 25 കി.ഗ്രാം ജൈവവളം, ഉണക്കിപ്പൊടിച്ച ചാണകമായോ, കമ്പോസ്റ്റായോ തെങ്ങൊന്നിന് നൽകണം.

പച്ചിലവളച്ചെടികളായ പയർ, കൊലിഞ്ഞി, ഡെയ്ഞ്ച തുടങ്ങിയവയുടെ വിത്ത് തെങ്ങിൻ തടത്തിൽ

| തെങ്ങിന്റെ പ്രായം | തെങ്ങൊന്നിന് നൽകേണ്ട വളത്തിന്റെ കണക്ക് | | | | | |
|---|---|---|---|---|---|---|
| | ഏപ്രിൽ - ജൂൺ | | | സെപ്റ്റംബർ - ഒക്ടോബർ | | |
| | യൂറിയ (ഗ്രാം) | റോക്ക് ഫോസ്ഫേറ്റ് (ഗ്രാം) | മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് (ഗ്രാം) | യൂറിയ (ഗ്രാം) | റോക്ക് ഫോസ്ഫേറ്റ് (ഗ്രാം) | മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് (ഗ്രാം) |
| തൈ നട്ട് ആദ്യ വർഷം | 82 | 94 | 126 | 164 | 188 | 252 |
| തൈ നട്ട് രണ്ടാം വർഷം | 164 | 188 | 252 | 328 | 376 | 504 |
| തൈ നട്ട് മൂന്നാം വർഷവും തുടർന്നും | 246 | 282 | 378 | 492 | 564 | 756 |
| കായ്ഫലമുള്ളതെങ്ങ് | | | | | | |
| (എ)ശരാശരി പരിപാലനം | 369 | 425 | 568 | 369 | 425 | 568 |
| (ബി) നല്ല പരിപാലനം | 543 | 800 | 1000 | 543 | 800 | 1000 |
| കായ്ഫലമുള്ള അത്യുത്പാദന ശേഷിയുള്ള തെങ്ങ് | | | | | | |
| (എ) ജലസേചന കൃഷി | 1085 | 1250 | 1670 | 1085 | 1250 | 1670 |
| (ബി) മഴയെ ആശ്രയിച്ചുള്ള കൃഷി | 543 | 800 | 1000 | 543 | 800 | 1000 |

ഏപ്രിൽ-മെയ് മാസത്തിൽ വിതറുക. ഇവ പൂക്കുന്നതിനു തൊട്ട് മുൻപ് ആഗസ്റ്റ് - സെപ്റ്റംബർ മാസത്തിൽ പിഴുത് മണ്ണിൽ ചേർക്കുക.

## കള നിയന്ത്രണം

മെയ് - ജൂൺ, സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിൽ തോട്ടം കിളക്കുകയോ, ഉഴുകയോ ചെയ്ത് കളകളെ നിയന്ത്രിക്കാം.

## തെങ്ങിൻ തോപ്പിലെ വരൾച്ചാ നിയന്ത്രണം

കേരളത്തിലെ ഏകദേശം 85% തെങ്ങുകളും ജലസേചനമില്ലാതെ വളർത്തുന്നതാണ്. ജലാംശത്തിന്റെ പോരായ്മ തെങ്ങിന്റെ വളർച്ച മുരടിക്കുന്നതിനും, ഓലകൾ ഒടിഞ്ഞു തൂങ്ങുന്നതിനും, മച്ചിങ്ങ പൊഴിച്ചിലിനും, വിളവ് കുറയുന്നതിനും കാരണമാകും. ആയതിനാൽ മണ്ണിലെ ജലാംശം നിലനിർത്താൻ താഴെ പറയുന്ന രീതികൾ അനുവർത്തിക്കേണ്ടതാണ്.

## തൊണ്ട് കുഴിച്ചിടുക

തെങ്ങിന്റെ ചുവട്ടിൽ നിന്ന് മൂന്ന് മീറ്റർ അകലത്തിൽ വരികൾക്കിടയിൽ ചാലു കീറി ഉൾഭാഗം മുകളിലേക്ക് വരുന്ന വിധത്തിൽ തൊണ്ട് നിരത്തിയ ശേഷം മണ്ണിട്ട് മൂടാം. ഇപ്രകാരം ചെയ്യുന്നതിന്റെ ഗുണം അഞ്ച്-ഏഴ് വർഷം നിലനിൽക്കും.





## പുതയിടൽ

തുലാവർഷം അവസാനിക്കുന്ന സമയത്ത് (ഒക്ടോബർ - നവംബർ) തെങ്ങിൻ തടങ്ങളിൽ പച്ചയോ ഉണങ്ങിയതോ ആയ ഇലകൾ കൊണ്ടോ, തെങ്ങോലകൾ കൊണ്ടോ പുതയിടണം.

## തെങ്ങിന്റെ മൂത്ത ഓലകൾ വെട്ടിയെടുക്കൽ

ഓലകളിൽ കൂടിയുള്ള സ്വേദന നഷ്ടം കുറയ്ക്കാൻ, തെങ്ങിന്റെ ഏറ്റവും മൂപ്പെത്തിയ രണ്ട്-മൂന്ന് പച്ചയോലകൾ വേനലിനു തൊട്ട് മുൻപ് വെട്ടിക്കൊടുക്കുന്നത് സഹായകമാകും.

## ജലസേചനം

**തടം നനയ്ക്കൽ**

വലിയ തെങ്ങുകൾ : 15 ദിവസം ഇടവിട്ട് തെങ്ങൊന്നിന് 500 ലിറ്റർ വെള്ളം

ചെറിയ തെങ്ങുകൾ: നാല് ദിവസത്തിൽ ഒരിക്കൽ 70-80 ലിറ്റർ

**കണിക ജലസേചനം**

ജലനഷ്ടം കുറച്ച് കാര്യക്ഷമമായി ജലം ഉപയോഗിക്കുന്നതിനും തെങ്ങിന്റെ ഉത്പാദനവും, ഉത്പാദനക്ഷമതയും വർധിപ്പിക്കുന്നതിനും കണിക ജലസേചനം സഹായിക്കുന്നു. കുറഞ്ഞ ഊർജവും മനുഷ്യപ്രയത്നവും മതിയാകും തുള്ളി നനയ്ക്ക്.

- വലിയ തെങ്ങിന് 40-50 ലിറ്റർ വെള്ളം.

ഒരിക്കൽ ജലസേചനം ആരംഭിച്ചാൽ ചിട്ടയായും സ്ഥിരമായും അതു തുടരണം.

## ഇടവിളകൃഷിയും സമ്മിശ്രകൃഷിയും

തെങ്ങുകളുടെ പ്രായം, തെങ്ങിൻ തോപ്പിലെ തണലിന്റെ അളവ് എന്നിവ കണക്കിലെടുത്ത് വേണം ഇവ നടപ്പിലാക്കേണ്ടത്. ധാന്യങ്ങളായ നെല്ല്, ചോളം, ചെറുധാന്യമായ കൂവരഗ്, കിഴങ്ങ് വർഗ വിളകളായ ചേന, ചേമ്പ്,




പൊട്ടാസ്യം


കാൽസ്യം


മഗ്നീഷ്യം

മരിച്ചീനി, മധുരക്കിഴങ്ങ്, ഫലവർഗവിളകളായ വാഴ, കൈതച്ചക്ക, പപ്പായ, പച്ചക്കറി വിളകളായ വെണ്ട, ചീര, വഴുതിന, മുളക്, മത്തൻ, വിവിധ തീറ്റപ്പുല്ല് വിളകൾ, സുഗന്ധദ്രവ്യ വിളകളായ ഇഞ്ചി, മഞ്ഞൾ, കുരുമുളക്, കറുവപ്പട്ട, ജാതി, ഗ്രാമ്പൂ, പയർവർഗവിളകളായ നിലക്കടല, മുതിര മുതലായവ തെങ്ങിൻ തോപ്പുകളിൽ വിജയകരമായി കൃഷി ചെയ്യാവുന്നതാണ്. ഇടവിള കൃഷി ചെയ്യുമ്പോൾ ആ വിളകൾക്ക് ശുപാർശ ചെയ്യപ്പെട്ടിട്ടുള്ള അളവിൽ വളങ്ങൾ നൽകാൻ പ്രത്യേകം ശ്രദ്ധിക്കണം. പശു, ആട്, കോഴി, താറാവ്, മത്സ്യം, തേനീച്ച എന്നിവ വളർത്തി കൃഷിയുമായി സമന്വയിപ്പിക്കാവുന്നതാണ്. വരുമാനത്തിനോടൊപ്പം ഭക്ഷ്യസുരക്ഷയും പോഷക സുരക്ഷയും ഇത് ഉറപ്പാക്കുന്നു.

## മൂലകങ്ങളുടെ അഭാവം – ലക്ഷണം, നിയന്ത്രണം

തെങ്ങിന് ആവശ്യമായ വിവിധ മൂലകങ്ങളിൽ, പ്രധാന മൂലകമായ പൊട്ടാസ്യം, ഉപപ്രധാന മൂലകങ്ങളായ കാൽസ്യം, മഗ്നീഷ്യം സൂക്ഷ്മ മൂലകമായ ബോറോൺ എന്നിവയുടെ അഭാവം കേരളത്തിലെ കൃഷിയിടങ്ങളിൽ സാധാരണയായി കണ്ടു വരുന്നു.

### 1. പൊട്ടാസ്യം

**ലക്ഷണങ്ങൾ**

- മൂപ്പെത്തിയ ഓലകളുടെ അഗ്രഭാഗത്ത് ഓറഞ്ച് നിറം കലർന്ന മഞ്ഞളിപ്പ്
- ക്രമേണ ഓല കരിഞ്ഞുണങ്ങുന്നു.
- ഈർക്കിൽ ഭാഗം മാത്രം പച്ച നിറത്തിൽ നിൽക്കുന്നു.
- തെങ്ങിന്റെ വളർച്ച മുരടിക്കുകയും, തടി ശോഷിക്കുകയും മടൽ ചെറുതാവുകയും ചെയ്യുന്നു.

**നിയന്ത്രണം**

- തോട്ടത്തിൽ ചകിരി അടുക്കി കൊടുക്കുക.
- ശുപാർശ പ്രകാരമുള്ള പൊട്ടാഷ് വളങ്ങൾ നൽകുക.

### 2. കാൽസ്യം

**ലക്ഷണങ്ങൾ**

- കൂമ്പോലകളിൽ നേർത്ത വെള്ള വരകളായി തുടങ്ങി ഹരിതകം ക്രമേണ കുറഞ്ഞ് ഇളം പച്ച നിറത്തിലും, മഞ്ഞളിച്ചും കാണുന്നു.

**നിയന്ത്രണം**

- കുമ്മായം / ഡോളമൈറ്റ് ഒരു തെങ്ങിന് ഒരു കൊല്ലം ഒരു കിലോഗ്രാം വീതം നൽകുക.

### 3. മഗ്നീഷ്യം

**ലക്ഷണങ്ങൾ**

- മൂപ്പെത്തിയ ഓലകളുടെ ഈർക്കിൽ ഒഴികെയുള്ള ഭാഗങ്ങൾ മഞ്ഞളിക്കുന്നു.
- സൂര്യപ്രകാശം നേരിട്ട് പതിക്കുന്ന ഓലകളിൽ മഞ്ഞളിപ്പ് പ്രകടമായിരിക്കും.

**നിയന്ത്രണം**

- ഡോളമൈറ്റ് (ഒരു കിലോഗ്രാം ഒരു തെങ്ങിന് ഒരു കൊല്ലം) നൽകുക.
- മഗ്നീഷ്യം സൾഫേറ്റ് 500 ഗ്രാം തെങ്ങൊന്നിന് നൽകുക. (സെപ്റ്റംബർ – ഒക്ടോബർ)

### 3. ബോറോൺ

**ലക്ഷണങ്ങൾ**

- കൂമ്പോല വിരിയാതെ പോകുന്നു.
- പൂങ്കുല കരിച്ചിൽ.
- മച്ചിങ്ങ കൊഴിച്ചിൽ.
- കാമ്പിന്റെ കട്ടി കുറയുന്നു.
- ചിരട്ട വിണ്ടു പൊട്ടുന്നു.
- പടു തേങ്ങ ഉണ്ടാകുന്നു

**നിയന്ത്രണം**

- തെങ്ങൊന്നിന് 50 ഗ്രാം ബൊറാക്സ് ഒരു മാസം ഇടവിട്ട് രണ്ടു തവണ തടത്തിൽ ഇട്ടു കൊടുക്കുക.
- ശുപാർശ പ്രകാരമുള്ള ജൈവവളം കൃത്യസമയങ്ങളിൽ നൽകുക

## കീടരോഗബാധ

തെങ്ങിന്റെ ഉത്പാദനക്ഷമത വർധിപ്പിക്കുന്നതിൽ പ്രധാന തടസ്സമായി നിൽക്കുന്നവയാണ് കീടരോഗബാധ കൾ.

# കീടങ്ങൾ

### 1. കൊമ്പൻ ചെല്ലി

**ആക്രമണ ലക്ഷണങ്ങൾ**

കുരുത്തോലയും പൂങ്കുലയും തുരന്നു നശിപ്പിക്കുന്നു.

- വിരിഞ്ഞു വരുന്ന ഓലകൾ ത്രികോണാകൃതിയിൽ വെട്ടിയിരിക്കുന്നതു കാണാം.
- മടലിൽ ദ്വാരങ്ങൾ കാണുന്നു



കൊമ്പൻചെല്ലി



ചെമ്പൻചെല്ലി



പൂങ്കുലച്ചാഴി

**നിയന്ത്രണം**

- തോട്ടം വൃത്തിയായി സൂക്ഷിക്കുക.
- ചെല്ലിക്കോൽ ഉപയോഗിച്ച് ചെല്ലിയെ കുത്തിയെടുക്കുക.
- 250 ഗ്രാം വേപ്പിൻപിണ്ണാക്ക് 250 ഗ്രാം മണലുമായി ചേർത്ത് ഏറ്റവും മുകൾ ഭാഗത്തുള്ള രണ്ട്-മൂന്ന് ഓലക്കവിളുകളിൽ ഇടുക (വർഷത്തിൽ രണ്ടു പ്രാവശ്യം ഏപ്രിൽ മേയ്, സെപ്റ്റംബർ - ഒക്ടോബർ).
- ക്ലോറാൻട്രിനിലിപ്രോൾ തൈകളിൽ തിരിനാമ്പിനു ചുറ്റുമുള്ള മൂന്ന്-നാല് ഓലക്കവിളുകളിൽ പാറ്റാഗുളിക വെച്ച് മണലിട്ട് മൂടുക.
- ക്ലോറാൻട്രിനിലിപ്രോൾ അടങ്ങിയ പച്ച ലേബലിലുള്ള കീടനാശിനി മൂന്ന് ഗ്രാം സുഷിരങ്ങളിട്ട ചെറിയ പാക്കറ്റുകളിലാക്കി ഓലകൾക്കിടയിൽ വയ്ക്കുക.

## 2. ചെമ്പൻചെല്ലി

**ലക്ഷണങ്ങൾ**

- തെങ്ങിൻ തടിയിൽ ദ്വാരങ്ങൾ ഉണ്ടാവുകയും അതിലൂടെ തവിട്ടു നിറത്തിലുള്ള ദ്രാവകവും ചെല്ലി ചവച്ച നാരുകളും പുറത്തേയ്ക്ക് വരികയും ചെയ്യുന്നു.
- ആരോഗ്യമുള്ള പച്ച ഓലകൾ മഞ്ഞളിച്ച് വാടുന്നു.
- യഥാസമയം നിയന്ത്രണമാർഗങ്ങൾ അവലംബിച്ചില്ലെങ്കിൽ മണ്ട മറിയുന്നു.

**നിയന്ത്രണം**

- മുൻകരുതൽ എന്ന രീതിയിൽ തെങ്ങിന്റെ മണ്ട വർഷത്തിലൊരിക്കൽ വൃത്തിയാക്കുക.
- തടിയിൽ മുറിവുണ്ടാക്കുന്നത് ഒഴിവാക്കുക.
- ചെല്ലിബാധ വന്ന് നശിച്ച തെങ്ങുകൾ വെട്ടിക്കീറി തീയിട്ട് നശിപ്പിക്കുക.
- ഇമിഡാക്ലോപ്രിഡ് 17.8 എസ്.എൽ, ഒരു മി.ലി ഒരു ലിറ്റർ വെള്ളത്തിൽ കലർത്തി കീടബാധയേറ്റ ഭാഗത്ത് കൂടി ഒഴിച്ചു കൊടുക്കണം.

## 3. പൂങ്കുലച്ചാഴി

**ലക്ഷണങ്ങൾ**

- മച്ചിങ്ങപൊഴിച്ചിൽ അധികരിച്ചും, തേങ്ങകൾ കുരുടിച്ചും കാണുന്നു.
- പൊഴിഞ്ഞ മച്ചിങ്ങകളുടെ തോടിനുള്ളിൽ ആഴത്തിലുള്ള കുത്തിയ പാടുകൾ കാണുന്നു.
- കുരുടിച്ച തേങ്ങ വലുപ്പം കുറയുന്നതിനോടൊപ്പം തൊണ്ട് മുറുകിപ്പോകുന്നു.

**നിയന്ത്രണം**

- വൃത്തിയാക്കി വേപ്പെണ്ണ - സോപ്പ് എമൾഷൻ / ക്ലോറാൻട്രിനിലിപ്രോൾ 18.5 എസ്.സി (0.3 മി.ലി/ലിറ്റർ) എന്നിവയിൽ ഏതെങ്കിലും ഒന്ന് പരാഗണം കഴിഞ്ഞ കുലകളിൽ തളിയ്ക്കുക.

## 4. വെള്ളീച്ച

**ലക്ഷണങ്ങൾ**

- തെങ്ങോലയുടെ അടിയിലിരുന്ന് കൂട്ടമായി നീരൂറ്റിക്കുടിക്കുന്നു.
- ഓലകളുടെ മുകളിൽ കറുത്ത പൂപ്പൽ, താഴെയുള്ള വിളകളിലും ഈ പൂപ്പൽ കാണപ്പെടുന്നു.

**നിയന്ത്രണം**

- കീടബാധ രൂക്ഷമാണെങ്കിൽ വേപ്പെണ്ണ എമൾഷൻ തളിച്ചു കൊടുക്കാം.
- കറുത്ത പൂപ്പലിനെതിരെ കഞ്ഞിവെള്ളം തളിക്കാം



വെള്ളീച്ച



മണ്ഡരി



കൂമ്പുചീയൽ



കാറ്റുവീഴ്ച



ഓലചീയൽ



തേങ്ങാപൊഴിച്ചിൽ

### 5. മണ്ഡരി

**ലക്ഷണം**

- മച്ചിങ്ങകളുടെ തൊപ്പിക്ക് താഴെ ഇളം മഞ്ഞ നിറത്തിൽ ത്രികോണാകൃതിയിലുള്ള പാടുകൾ കാണാം.
- തേങ്ങ വലുതാകുമ്പോൾ പരുപരുത്ത തവിട്ടു പാടുകൾ വ്യാപിക്കുന്നു.

**നിയന്ത്രണം**

- ഏപ്രിൽ - മെയ്, ആഗസ്റ്റ് - സെപ്റ്റംബർ, ഡിസംബർ-ജനുവരി എന്നീ മാസങ്ങളിൽ ഡൈക്കോഫോൾ 18.5 ഇസി(അഞ്ച് മി.ലി ഒരു ലിറ്റർ വെള്ളത്തിൽ) / വീര്യമുള്ള വേപ്പെണ്ണ - വെളുത്തുള്ളി മിശ്രിതം / വെറ്റബിൾ സൾഫർ (നാല് ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ) എന്നിവ മാറി മാറി തളിച്ചു കൊടുക്കുക.
- ശുപാർശ ചെയ്യപ്പെട്ടിട്ടുള്ള വളപ്രയോഗവും, ജലസേചനവും നൽകുക

## രോഗങ്ങൾ

### 1. കൂമ്പുചീയൽ

തെങ്ങിൻ തൈകളിൽ കൂടുതലായി  കാണപ്പെടുന്ന രോഗമാണിത്

**ലക്ഷണങ്ങൾ**

- രോഗം ബാധിച്ച തെങ്ങിന്റെ നാമ്പോലയ്ക്ക് ചുറ്റുമുള്ള രണ്ട്-മൂന്ന് ഓലകൾ വാടുകയും മഞ്ഞളിച്ച് തൂങ്ങിക്കിടക്കുകയും ചെയ്യുന്നു.
- നാമ്പഴുകി ഊരിവരുകയും ദുർഗന്ധം വമിക്കുകയും ചെയ്യുന്നു.
- അടിഭാഗത്തെ ഓലകൾ മാത്രം അവശേഷിച്ച് വളർച്ച നിലച്ച് തെങ്ങ് നശിക്കുന്നു.

**നിയന്ത്രണം**

- കാലവർഷം തുടങ്ങുന്നതിന് തൊട്ടുമുമ്പായി തെങ്ങിന്റെ മണ്ട വൃത്തിയാക്കണം. ഒരു ശതമാനം ബോർഡോ മിശ്രിതം നാമ്പോലയിലും ചുറ്റുമുള്ള ഓലകളിലും നല്ലതുപോലെ തളിക്കണം.
- രോഗം ബാധിച്ച ഭാഗങ്ങൾ  നീക്കം ചെയ്യുക. ബോർഡോ കുഴമ്പ് പുരട്ടിയ ശേഷം നാമ്പ് മൂടി സംരക്ഷിക്കുക.
- രണ്ട് ഗ്രാം മാങ്കോസെബ് ഒരു തുണിയിൽ കെട്ടി ഏറ്റവും മുകളിലത്തെ മടൽ കവിളിൽ വയ്ക്കുക./ ഹെക്സാകൊണാസോൾ അഞ്ച് ശതമാനം ഇ.സി. രണ്ട് മി.ലി ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഒഴിക്കുക.

### 2. കാറ്റുവീഴ്ച

**ലക്ഷണങ്ങൾ**

- വാരിയെല്ലുകൾ പോലെ വളഞ്ഞ ഓലക്കാലുകൾ.
- ഓലകൾ മഞ്ഞളിക്കുകയും ഓലക്കാലുകളുടെ അരികും അഗ്രവും കരിഞ്ഞുണങ്ങുകയും ചെയ്യുന്നു.
- ഓലകളുടെ എണ്ണവും, വലുപ്പവും കുറഞ്ഞു വരുന്നതിനോടൊപ്പം മണ്ട നേർത്ത് ചെറുതാകുന്നു.

**നിയന്ത്രണം**

- ജൈവവളങ്ങൾക്ക് പ്രാധാന്യം നൽകിയുള്ള വളപ്രയോഗ രീതി സ്വീകരിക്കുക.
- ഒരു തെങ്ങിന് ഒരു വർഷം 50 കി.ഗ്രാം ജൈവവളം, 1.1 കി.ഗ്രാം യൂറിയ, 1.5 കി.ഗ്രാം റോക്ക് ഫോസ്ഫേറ്റ്, 1.7 കി.ഗ്രാം പൊട്ടാഷ് നൽകുക. രാസവളങ്ങൾ രണ്ട്-നാല് തവണകളായി പ്രയോഗിക്കാൻ ശ്രദ്ധിക്കുക.
- 500 ഗ്രാം മഗ്നീഷ്യം സൾഫേറ്റ് ഒരു തെങ്ങിന് എന്ന തോതിൽ സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിൽ നൽകുക.
- പച്ചിലവളങ്ങൾ തടത്തിൽ ചേർത്ത് കൊടുക്കുക.
- ജലസേചനം, നീർവാർച്ച എന്നിവ ഉറപ്പാക്കുക.

### 3. ഓലചീയൽ

**ലക്ഷണങ്ങൾ**

- നാമ്പോലയിൽ തവിട്ടു നിറത്തിൽ വെള്ള നനഞ്ഞതുപോലുള്ള പാടുകൾ, ഇവ ക്രമേണ വലുതായി ഒന്നിച്ചു ചേർന്ന് ഓല ചീയുന്നു.
- ഓല വിരിയുമ്പോൾ ചീഞ്ഞ ഭാഗങ്ങൾ ഉണങ്ങി കാറ്റിൽ പറന്നു പോയി ഈർക്കിൽ മാത്രം അവശേഷിക്കുന്നു.

**നിയന്ത്രണം**

- മണ്ട വൃത്തിയാക്കി, രോഗം ബാധിച്ച ഭാഗങ്ങൾ തീയിടുക / കുഴിച്ചു മൂടുക.
- ഹെക്സാകൊണാസോൾ അഞ്ച് ഇ.സി രണ്ട് മി.ലി ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഓലകളിൽ തളിക്കുക.

### 4. തേങ്ങാ പൊഴിച്ചിൽ

മച്ചിങ്ങാ പൊഴിച്ചിലിന് വിവിധകാരണങ്ങൾ കാണുന്നു

**നിയന്ത്രണം**

- തോടിന്റെ ഭാഗം തവിട്ടു നിറത്തിൽ അഴുകിയിരിക്കുന്നെങ്കിൽ കാർബെൻഡാസിം 50% ഡബ്ല്യു.പി എന്ന കുമിൾനാശിനി 1 ഗ്രാം1 ലിറ്റർ വെള്ളത്തിൽ കലർത്തി രോഗം ബാധിച്ച കുലകളിൽ തളിക്കുക.
- തേങ്ങയിൽ തിളച്ച വെള്ളംവീണ് പൊള്ളലേറ്റതുപോലുള്ള  പാടുകൾ കാണുന്നുവെങ്കിൽ 1% വീര്യമുള്ള ബോർഡോ മിശ്രിതം കുലകളിൽ തളിക്കുക.

തോട്ടം വൃത്തിയായി സൂക്ഷിക്കുന്നതിലൂടെ രോഗകീടങ്ങളിൽ നിന്ന് ഒരു പരിധി വരെ തെങ്ങിനെ സംരക്ഷിക്കാം. ഇപ്രകാരം ശാസ്ത്രീയ കൃഷിരീതികൾ അവലംബിക്കുന്നതിലൂടെ തെങ്ങുകൃഷി ആദായകരമാക്കാൻ തീർച്ചയായും സാധിക്കും. ■

ഷിഹാബ് കോട്ടൂർ



# പച്ചക്കറികൃഷിക്ക് ഒരു ആമുഖം

**വിഷമുക്തമായ പച്ചക്കറിയുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് വീട്ടുവളപ്പിലും മട്ടുപ്പാവിലും പച്ചക്കറികൃഷി ചെയ്യുന്നവന്നരുടെ എണ്ണം ഇന്ന് ഏറെയാണ്. എന്നാൽ മികച്ച വിളവു ലഭിക്കണമെങ്കിൽ പരിചരണത്തെ കുറിച്ച് വ്യക്തമായ ധാരണ അത്യാവശ്യമാണ്.**

കേരളീയരുടെ ജീവിതത്തിൽ ഒഴിച്ചുകൂടാനാകാത്ത ഒന്നാണ് പച്ചക്കറികൾ. ജീവകങ്ങളും ധാതുലവണങ്ങളും ധാരാളം അടങ്ങിയിട്ടുള്ള ഇവയുടെ കേരളത്തിലെ ഉത്പാദനം ഇനിയും വർധിക്കേണ്ടതുണ്ട്. വിഷമുക്തമായ പച്ചക്കറികൾ ഉത്പാദിപ്പിക്കേണ്ടത് ഒരാവശ്യകതയായി മാറിയിരിക്കുന്നു. കാർഷിക വിളകൾ ഗുണമേന്മയോടെ വളർത്തിയെടുക്കുന്നതിനുള്ള അടിസ്ഥാന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

## ചീര

കേരളത്തിലെ ഏറ്റവും പ്രചാരമേറിയ ഇലക്കറി വിളയാണ് ചീര. എല്ലാകാലത്തും ചീര കൃഷി ചെയ്യാമെങ്കിലും വേനലാണ് ഏറ്റവും അനുയോജ്യം.

**ഇനം: അരുൺ.** സീസൺ: ജൂൺ-ജൂലൈ, ഒക്ടോബർ-നവംബർ. പ്രത്യേകതകൾ: ചുവന്ന നിറത്തിലുള്ള ചെടികൾ, അനേകം തവണ വിളവെടുക്കാം. കാലാവധി 54 – 140 ദിവസം ശരാശരി വിളവ്: 70-100 കി.ഗ്രാം/സെന്റ്.

ഇനം: കണ്ണാറ ലോക്കൽ, പ്രത്യേകതകൾ: കടും ചുവന്ന ഇലകൾ. പലതവണ വിളവെടുക്കാം. നവംബർ-ഡിസംബർ മാസങ്ങളിൽ പൂക്കുന്നു.

**ഇനം. സിഒ1.**

പ്രത്യേകതകൾ: പച്ച ഇലകൾ ഇലപ്പുള്ളി രോഗം ചെറുക്കും.

**ഇനം: മോഹിനി.** പ്രത്യേകതകൾ: പച്ചച്ചീര. വേനൽ കൃഷിക്ക് ഉത്തമം.

**ഇനം: കൃഷ്ണ ശ്രീ, രേണുശ്രി.** പ്രത്യേകതകൾ: ചുവപ്പും പച്ചയും ഇടകലർന്നത്. വിത്തിന്റെ തോത്. ഒരു സെന്റ് സ്ഥലത്തേക്ക് 4ഗ്രാം പറിച്ചു നടുമ്പോഴും, 10 ഗ്രാം നേരിട്ട് വിതക്കുമ്പോഴും. നടീൽ രീതി: നേരിട്ടുള്ള വിതയും, പറിച്ചു നടീലും.

**നിലമൊരുക്കലും നടീലും:** നിലം ഉഴുതോ കിളച്ചോ നിരപ്പാക്കുക, 30-35 സെന്റീ മീറ്റർ വീതിയിൽ ആഴം കുറഞ്ഞ ചാലുകൾ ഒരടി അകലത്തിൽ എടുക്കുക. സെന്റിന് 2കിലോഗ്രാം എന്നതോതിൽ കുമ്മായം ചേർത്ത് കൊടുക്കുക. തുടർന്ന് 15 ദിവസത്തിനു ശേഷം അടിവളമായി ഉണക്കിപ്പൊടിച്ച ചാണകം/ നല്ലവണ്ണം പാകപ്പെട്ട ജൈവവളം ഒരു സെന്റിന് 200 കിലോ എന്ന അളവിൽ അടിവളമായി ചേർത്ത് കൊടുക്കാം. സെന്റിന് 1000 തൈകൾ നടാനാകും. പുളിപ്പിച്ച കടലപിണ്ണാക്ക്, ബയോഗ്യാസ് സ്ലറി, ഗോമൂത്രം ഇവ നേർപ്പിച്ച് മേൽവളമായി നൽകാം. ജീവാമൃതം പത്തുദിവസത്തിൽ ഒരിക്കൽ നൽകാം. ചുവപ്പും പച്ചയും ഇനങ്ങൾ ഇടകലർത്തി നട്ടാൽ രോഗബാധ കുറയും. വെള്ളം ഒഴിക്കുമ്പോൾ ഇലകളിൽ വീഴാതിരിക്കാൻ ശ്രദ്ധിക്കണം. രോഗം പകരാതിരിക്കാനുള്ള മുൻകരുതലാണ് ഇത്. നട്ട് ഒരു മാസമായാൽ വിളവെടുത്തു തുടങ്ങാം.

**സസ്യസംരക്ഷണം:** കൂടുകെട്ടിപ്പുഴുവിനെയും ഇലചുരുട്ടിപ്പുഴുവിനെയും ശേഖരിച്ചു നശിപ്പിക്കുക. കൂടുകെട്ടിപ്പുഴുവിനെ നശിപ്പിക്കാൻ ജീവാണു കീടനാശിനിയായ ഡയപാൽ അല്ലെങ്കിൽ ഹാൾട്ട് (0.7 മിലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. വേപ്പധിഷ്ഠിത കീടനാശിനി (4ml./lit) സോപ്പ് ലായനി



യുമായി ചേർത്ത് തളിക്കുക.

**രോഗങ്ങൾ:** മഴക്കാല രോഗങ്ങളിൽ പ്രധാനപ്പെട്ടത് ഇലപ്പുള്ളി രോഗമാണ്. ഇത് സംയോജിത നിയന്ത്രണ മാർഗങ്ങൾ അവലംബിച്ച് നിയന്ത്രിക്കാം. 1. ഇലപ്പുള്ളി രോഗത്തിനെതിരെ പ്രതിരോധ ശേഷിയുള്ള സി.ഒ.1 തിരഞ്ഞെടുക്കാം. 2 സ്യൂഡോമോണാസ് കൾച്ചർ എട്ടു ഗ്രാം, ഒരുകിലോ ഗ്രാം വിത്തിന് എന്നതോതിൽ വിത്ത് പരിചരണം നടത്തുക, ട്രൈക്കോഡർമ- വേപ്പിൻ പിണ്ണാക്ക് ചേർത്ത ചാണകം ചേർത്തുകൊടുക്കുക, എട്ടു ഗ്രാം അപ്പക്കാരം, 32 ഗ്രാം മഞ്ഞൾപ്പൊടി എന്നിവ 10 ലിറ്റർ വെള്ളത്തിൽ കലക്കി 40 ഗ്രാം പാൽക്കായം ചേർത്ത് തളിക്കുക. ഇലയുടെ രണ്ടുവശത്തും വീഴാൻ ശ്രദ്ധിക്കുക.

## വെണ്ട

ജനുവരി-ഫെബ്രുവരി, മെയ്-ജൂൺ, സെപ്റ്റംബർ-ഒക്ടോബർ എന്നീ സമയങ്ങളിൽ വെണ്ട കൃഷി ചെയ്യാം. ഇനങ്ങൾ: പുസസവാനി, കിരൺ, സൽകീർത്തി, സുസ്ഥിര, ആർക്കാഅനാമിക. ചുവന്ന കായ്കൾ: സി.ഒ. 1, അരുണ. മൊസൈക് രോഗത്തിനെ പ്രതിരോധിക്കുന്നവ: അർക്ക അനാമിക അർക്കഅഭയ്, സുസ്ഥിര  പി7, വർഷ ഉപഹാർ(കായ്കൾ പച്ച നിറമാണ്). വിത്തിന്റെ തോത്: ഒരു സെന്റ് സ്ഥലത്തേക്ക് 30-35 ഗ്രാം വിത്ത് വേണം. വേനൽക്കാല വിളയ്ക്ക് ജനുവരി, ഫെബ്രുവരി മാസങ്ങളിലാണ് വിത്തുകൾ നടേണ്ടത്. വെണ്ട സാധാരണ ഗതിയിൽ പറിച്ചുനടുന്ന വിളയല്ല. കൃഷിസ്ഥലം ഉഴുതോ കിളച്ചോ തയ്യാറാക്കി കളകൾ, കല്ല് ,കുറ്റി എന്നിവ നീക്കി വിത്ത് വിതക്കുന്നതിനു 15 ദിവസം മുൻപ് മണ്ണിന്റെ പുളിരസം കുറക്കുന്നതിനു സെന്റൊന്നിനു 2 കിലോ എന്നതോതിൽ കുമ്മായം ചേർത്ത് കൊടുക്കാം. 80-100 കിലോ ജൈവവളം ചേർത്ത് നിരത്തുക. 60 സെന്റീ മീറ്റർ അകലത്തിലും 40 സെന്റി മീറ്റർ ഉയരത്തിലും വരമ്പുകൾ എടുക്കുക. ഓരോ വരമ്പിലും 40 സെന്റി മീറ്റർ അകലത്തിൽ ചെറിയ തടം തയ്യാറാക്കി വെണ്ട വിത്ത് പാകാം. പാകുന്നതിനുമുമ്പ് വെണ്ട വിത്ത് തലേ ദിവസം രാത്രി 12 മണിക്കൂർ വെള്ളത്തിൽ ഇടുക. സ്യൂടോമോണാസ് ചേർത്താൽ നല്ലതാണ്. വിത്ത് മുളച്ച് 4- 5 ഇല വന്നാൽ മേൽവളങ്ങൾ പത്തുദിവസത്തിലൊരിക്കൽ നൽകാം. ജീവാമൃതമോ, ബയോഗ്യാസ് സ്ലറിയോ, വെർമിവാഷോ, പുളിപ്പിച്ച പിണ്ണാക്കോ ഇതിലേക്ക് ഉപയോഗിക്കാം. ഇടക്കിടക്ക് മണ്ണ് കയറ്റികൊടുക്കണം. ഒരു മാസം കഴിഞ്ഞാൽ വിളവെടുക്കാം. ഒരു സെന്റിൽ നിന്നും 40-50 കിലോ വിളവ് ലഭിക്കും. ജൈവ രീതിയിലല്ലെങ്കിൽ അടിവളം നൽകിയ ശേഷം സെന്റൊന്നിനു നൈട്രജൻ 100 ഗ്രാം, ഫോസ്ഫറസ് 25 ഗ്രാം, പൊട്ടാഷ് 100 ഗ്രാം എന്ന തോതിൽ ചേർക്കണം. ഒരുമാസം കഴിഞ്ഞു വീണ്ടും 100 ഗ്രാം നൈട്രജൻ ചേർത്ത് കൊടുക്കണം.

**സസ്യസംരക്ഷണം:** കീടങ്ങൾ: ഇലച്ചാടി, തണ്ടുതുരപ്പൻ, കായതുരപ്പൻ, വേരിനെ ആക്രമിക്കുന്ന നിമാവിരകൾ എന്നിവയാണ് പ്രധാന കീടങ്ങൾ. ഇലച്ചാടിക്കെതിരെ വേപ്പെണ്ണ-വെളുത്തുള്ളി മിശ്രിതം (2%)/ നിംബിസിടിൻ 2ml / lt അല്ലെങ്കിൽ എക്കോ നീം 2ml/lt. തളിക്കുക. കായ്തുരപ്പനും തണ്ടുതുരപ്പനും: കീടബാധിതമായ കായും തണ്ടുകളും നശിപ്പിക്കുക., വേപ്പിൻകുരു മിശ്രിതം(5%), ഇഞ്ചി സസ്പെൻഷൻ (10%)/ വേപ്പില സത്ത് 4%) എന്നിവയിൽ ഏതെങ്കിലും ഒന്നോ, അസാഡിറക്ടിനോ (0.3% തളിച്ചു കൊടുക്കണം. ട്രൈക്കോഗ്രാം കാർഡുകൾ 5 സെന്റിന് ഒരു കാർഡ് സ്ഥാപിക്കുക. ബിവേറിയ ഉപയോഗിക്കുക.

**രോഗങ്ങൾ:** മൊസൈക് രോഗം: വെണ്ട കൃഷിയിൽ സാധാരണയുണ്ടാകുന്ന ഈ രോഗത്തിന്റെ ലക്ഷണം ഇല ഞരമ്പുകളിലെ പച്ചപ്പ് നഷ്ടപ്പെട്ട് മഞ്ഞ നിറമാകുകയും ഞരമ്പുകൾ തടിക്കുകയും ചെയ്യുന്നതാണ്. കായ്കൾ ചെറുതും മഞ്ഞകലർന്ന പച്ചനിറത്തോടു കൂടിയതുമായിരിക്കും. വെള്ളീച്ച , ഇലത്തുള്ളൻ എന്നിവയാണ് വൈറസ് രോഗ വാഹകർ. വേപ്പെണ്ണ-വെളുത്തുള്ളി മിശ്രിതം 2% വീര്യത്തിലോ, നിംബിസിടിൻ, എക്കോനിം എന്നീ കീടനാശിനികൾ 2m/lit എന്ന തോതിൽ തളിച്ചുകൊടുക്കണം. വൈറസ് വാഹകരായ മറ്റു കളകളെ നശിപ്പിക്കുക. രോഗ പ്രതിരോധ ശേഷിയുള്ള ഇനങ്ങൾ കൃഷിചെയ്യുന്നതാണ് ഉത്തമം.

## വഴുതന

തൈ ഉപയോഗിച്ച് പറിച്ചുനടുന്ന രീതിയാണ് വഴുതന കൃഷിയിൽ അനുവർത്തിക്കേണ്ടത്. തൈ ഉത്പാദിപ്പിക്കുവാൻ വിത്ത് തടത്തിലോ ചട്ടിയിലോ പാകാവുന്നതാണ്. ഇതിനായി തടത്തിലെ മണ്ണ് കട്ടകളുടച്ച് പൊടിപ്പരുവത്തിലാക്കി ജൈവവളം സമൃദ്ധമായി ചേർക്കണം. വിത്ത് പാകുന്നതിനു മുമ്പ് വിത്ത് ചികിത്സ നടത്തേണ്ടതാണ്. ഇതിനായി ഉപയോഗിക്കുന്ന വിത്ത് സ്യൂഡോമൊണാസ് എന്ന ജീവാണു വളവുമായി നല്ല പോലെ കൂട്ടിക്കലർത്തുക. ഇത് ചെടിയുടെ വളർച്ച ഉത്തേജിപ്പിക്കുന്നതിനു പുറമേ രോഗനിയന്ത്രണത്തിനും സഹായകമാണ്. വിത്ത് മണ്ണിൽ പാകിയ ശേഷം അത്



മൂടുന്ന രീതിയിൽ പൊടി മണ്ണിട്ട് മൂടി കരിയില കൊണ്ടു പുതയിടുക, വിത്ത് പാകിയ ഉടനെത്തന്നെ നേരിയ തോതിൽ നനയ്ക്കണം തൈകൾക്ക് നാലില പ്രായമാകുമ്പോൾ പറിച്ച് നടാവുന്നതാണ്. നടുന്നതിന് മുൻപ് ചെടിയുടെ വേരുകൾ സ്യൂഡോമോണാസിന്റെ കട്ടിയുള്ള ലായനിയിൽ 5 മിനിറ്റ് മുക്കിവച്ച ശേഷം വൈകുന്നേരം നടുക. ഇതിനായി 5 ടേബിൾ സ്പൂൺ സ്വഡോമോണാസ് ഒരു ഗ്ലാസ് വെള്ളത്തിൽ ചാലിക്കേണ്ടതാണ്.

**കൃഷി സ്ഥലം തയ്യാറാക്കുന്ന രീതി:** നടുന്നതിന് 15 ദിവസം മുമ്പ് മണ്ണിൽ കുമ്മായം ചേർക്കേണ്ടതാണ്. ഇത് മണ്ണിലെ അമ്ലം ക്രമീകരിക്കാനും മണ്ണിന്റെ വാട്ടരോഗം വരുത്തുന്ന ബാക്ടീരിയകളുടെ ആക്രമണം ലഘൂകരിക്കാനും സഹായിക്കുന്നു. ഇതിനായി ഒരു സെന്റ് സ്ഥലത്തേക്ക് രണ്ട് കിലോ കുമ്മായം ആവശ്യമാണ്. ശേഷം മണ്ണ് നല്ല പോലെ ഇളക്കി കട്ട ഉടക്കണം, തുടർന്ന് ജൈവ വളം ചേർക്കണം. ഇതിലേക്ക് ഉണക്കി പൊടിച്ച ചാണകം, കമ്പോസ്റ്റ്, മണ്ണിര കമ്പോസ്റ്റ് തുടങ്ങിയവ ഉപയോഗിക്കാവുന്നതാണ്. 60 സെന്റി മീറ്റർ അകലം പാലിച്ചു വേണം തൈകൾ നടുവാൻ. നട്ടശേഷം തൈകൾ പിടിച്ചു വരുന്നത് വരെ തണൽ നൽകുക.

**സസ്യ സംരക്ഷണം**

**രോഗങ്ങൾ:** ബാക്ടീരിയ വാട്ടരോഗം: ചെടികൾ പെട്ടെന്ന് വാടി നശിച്ചു പോകുന്നു. തണ്ടിന്റെ ഉൾഭാഗത്ത് കറുത്ത നിറം കാണപ്പെടുന്നു. രോഗം കണ്ടെത്താൻ ഊസ് ടെസ്റ്റ് നടത്തണം. നിയന്ത്രണം: സൂര്യ, ശ്വേത ഹരിത, നീലിമ എന്നീ ഇനങ്ങൾ ഉപയോഗിക്കാം. 20ഗ്രാം സ്യുഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് ഉണ്ടാക്കിയ ലായനി ഉപയോഗിച്ചു നനക്കുകയും, മണ്ണിലും ഇലയിലും തളിക്കുകയും വേണം.

## പയർ

വർഷം മുഴുവൻ പയർ കൃഷി ചെയ്യാം. മഴക്കാല വിളയായി ജൂൺ ആരംഭത്തിലും നനച്ചു വളർത്തുന്ന രീതിയിൽ സെപ്റ്റംബർ- ഒക്ടോബറിലും വേനൽ കാല വിളയായി ജനുവരി- ഫെബ്രുവരിയിലും നടാവുന്നതാണ്.



നടുന്നതിന് 15 ദിവസം മുമ്പ് മണ്ണിൽ കുമ്മായം ചേർക്കേതാണ്. ഇത് മണ്ണിലെ അമ്ലത്വം ക്രമീകരിക്കുവാനും മണ്ണിന്റെ വാട്ടരോഗം വരുത്തുന്ന ബാക്ടീരിയ കളുടെ ആക്രമണം ലഘൂകരിക്കാനും സഹായിക്കുന്നു. ഇതിനായി ഒരു സെന്റ് സ്ഥലത്ത് 2 കിലോ കുമ്മായം ആവശ്യമാണ്. കുമ്മായം ചേർത്ത ശേഷം മണ്ണ് നല്ലപോലെ ഇളക്കി കട്ട ഉടക്കണം. തുടർന്ന് ജൈവവളം ചേർക്കണം. ഇതിലേക്ക് ഉണക്കി പൊടിച്ച ചാണകം, കമ്പോസ്റ്റ്, മണ്ണിര കമ്പോസ്റ്റ് തുടങ്ങിയവ ഉപ യോഗിക്കാവുന്നതാണ്. വള്ളിപ്പയറിന് 2മീറ്റർ അകലത്തിൽ ചാലുകളോ വരമ്പുകളോ എടുക്കുക. ഇതിൽ വള്ളിപ്പയറിന് 1.5 മീറ്റർ അകലത്തിലും പയറുകൾക്ക് 75 സെന്റിമീറ്റർ അകല ത്തിലുമാണ് വിത്ത് നടുന്നത്. ഒരു സ്ഥലത്ത് 2-3 വിത്തുകൾ നടേണ്ടതാണ്. 2 ആഴ്ച പ്ര ായമാകുമ്പോൾ ഒരു ചുവട്ടിൽ 2 തൈകൾ മാത്രം നിർത്തി ബാക്കിയുള്ള പറിച്ചുകളയുക. ഇതിലേക്ക് ആവശ്യമായ ജൈവ വളക്കൂട്ടു തയ്യാർ ചെയ്ത് 1 ചുവട്ടിൽ 2 ചിരട്ട എന്ന കണക്കിൽ ഒരു ആഴ്ച്ച ഇടവേളയിൽ മണ്ണുമായി ചേർക്കുക. തുടർന്ന് ചാരവും ചേർക്കണം. പടരുന്ന ഇനങ്ങൾക്ക്



കയർ കെട്ടി പടരുവാൻ സൗകര്യപ്പെടുത്തുക. മണ്ണ് ഉണങ്ങാത്ത രീതിയിൽ നന ക്രമീകരിക്കുക.

## സസ്യ സംരക്ഷണം

**രോഗങ്ങൾ**

കരിവള്ളി: ഇലകളിലും തണ്ടുകളിലും, കായ്കളിലും കറുത്ത് കരിഞ്ഞ പാടുകൾ ഉണ്ടായി വള്ളി ക്രമേണ ഉണങ്ങുന്നു. മഴക്കാലത്താണ് ഇതിന്റെ ആക്രമണം കൂടുതലായും കാണുന്നത്.

നിയന്ത്രണം: വിത്ത് നടുന്നതിന് മുമ്പ് വളം ചേർക്കുന്നതിനോടൊപ്പം ട്രൈക്കോഡർമ്മ ചാണകപ്പൊടി എന്നിവ വേപ്പിൻ പിണ്ണാക്കിൽ കലർത്തി മണ്ണിൽ ഇട്ടുകൊടുക്കുക ഒരു ചുവട്ടിൽ 2 ചിരട്ട ഇട്ടുകൊടുക്കുക.

മൊസൈക് രോഗം: രോഗം ബാധിച്ച ഇലകൾ ചെറുതാകുന്നു. ഇലയിൽ പച്ചയും മഞ്ഞയും കലർന്ന നിറം കാണുന്നു. ഈ രോഗം പടർത്തുന്നത് മുഞ്ഞയും വെള്ളീച്ചകളുമാണ്.

നിയന്ത്രണം: രോഗം ബാധിച്ച ചെടികളെ ആദ്യദശയിൽ തന്നെ നശിപ്പിക്കുക.

നിരൂറ്റിക്കുടിക്കുന്ന പ്രാണികളെ നശിപ്പിക്കുക, ഇതിലേയ്ക്കായി ഇനിപ്പറയുന്ന മാർഗങ്ങൾ സ്വീകരിക്കാം. 1. മഞ്ഞക്കെണി സ്ഥാപിക്കുക 2. ആവണക്കെണ്ണ, വേപ്പെണ്ണ എമൽഷൻ വെളുത്തുള്ളി മിശ്രിതം വെള്ളത്തിൽ നേർപ്പിച്ച് തളിക്കുക. തുടർന്ന് 20 ഗ്രാം വെർട്ടിസിലിയം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ലായനി തയ്യാർ ചെയ്ത് തളിക്കുക.

കീടങ്ങൾ: ചാഴി: ചാഴികൾ

പയർമണികളിൽ നിന്നും നിരൂറ്റിക്കുടിക്കുന്നു. ഇതിന്റെ ഫലമായി ചെടികൾ ചുക്കിച്ചുളിയുന്നു.

നിയന്ത്രണം: സന്ധ്യ മയങ്ങുമ്പോൾ ചെടികളിൽ 1–2 മീറ്റർ അകലത്തിൽ പന്തം കൊളുത്തിവച്ച് പ്രാണികളെ ആകർഷിച്ച് നശിപ്പിക്കുക, ബിവേറിയ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക.

കായ്തുരപ്പൻ പുഴു: ഇവ കായ് തുരന്ന് മണികൾ തിന്നു നശിപ്പിക്കുന്നു. നിയന്ത്രണം: കേടുവന്ന കായ്കളും പൂക്കളും എടുത്തു നശിപ്പിക്കുക 2% വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം തളിച്ചു കൊടുക്കുക.

## മുളക്

പറിച്ചു നടുന്ന വിളയാണ് മുളക്. വിത്തുകൾ തവാരണകളിൽ പാകി മുളപ്പിച്ച് ഒരു മാസം പ്രായമായ തൈകൾ പറിച്ചു നടുമ്പോൾ മണ്ണിൽ ഈർപ്പമുണ്ടോ എന്ന് ശ്രദ്ധിക്കണം. തൈ ഉത്പാദിപ്പിക്കുവാൻ വിത്ത് തടത്തിലോ ചട്ടിയിലോ പാകാവുന്നതാണ്. ഇതിനായി തടത്തിലെ മണ്ണ് കട്ടകളഞ്ഞു പൊടി പരുവത്തിലാക്കി ജൈവവളം സമൃദ്ധമായി ചേർക്കണം. വിത്ത് മണ്ണിൽ പാകിയശേഷം അത് മൂടുന്ന രീതിയിൽ പൊടി മണ്ണിട്ട് മൂടി കരിയില കൊണ്ടു പുതയിടുക, വിത്ത് പാകിയ ഉടനെത്തന്നെ നേരിയ തോതിൽ നനയ്ക്കണം. വിത്ത് സാധാരണയായി ഉറുമ്പ് അരിച്ചു കാണാറുണ്ട്. ഇത് ഒഴിവാക്കാൻ മഞ്ഞൾ പൊടിയും കായപ്പൊടിയും 2:1 എന്ന തോതിൽ ഉണ്ടാക്കിയ മിശ്രിതം തടത്തിൽ വിതറുക. തൈകൾ 4 ഇല പ്രായമാകുമ്പോൾ പറിച്ചു നടാവുന്നതാണ്.

**കൃഷിസ്ഥലം തയ്യാറാക്കുന്ന രീതി:** നടുന്നതിന് 15 ദിവസം മുമ്പ് മണ്ണിൽ കുമ്മായം ചേർക്കേണ്ടതാണ്. ഇത് മണ്ണിലെ അമ്ലത്വം ക്രമീകരിക്കുവാനും മണ്ണിന്റെ വാട്ടരോഗം വരുത്തുന്ന ബാക്ടീരിയകളുടെ ആക്രമണം ലഘൂകരിക്കാനും സഹായിക്കുന്നു. ഇതിനായി ഒരു സെന്റ് സ്ഥലത്തേക്ക് 2 കിലോ കുമ്മായം ആവശ്യമാണ്. കുമ്മായം ചേർത്ത ശേഷം മണ്ണ് നല്ലപോലെ ഇളക്കി കട്ട ഉടക്കണം. തുടർന്നു ജൈവവളം സമൃദ്ധമായി ചേർക്കണം. ഇതിലേക്ക് ഉണക്കി പൊടിച്ച ചാണകം, കമ്പോസ്റ്റ് , മണ്ണിര കമ്പോസ്റ്റ് തുടങ്ങിയവ ഉപയോഗിക്കാവുന്നതാണ്.

പരിപാലനം: ചെടികൾ നനയുമ്പോൾ പ്രത്യേകം ശ്രദ്ധിക്കേതാണ്. മണ്ണിൽ ഈർപ്പം ആവശ്യത്തിനു നിലനിർത്തുന്നതിനു വേണ്ട തോതിൽ മാത്രമേ നന യ്ക്കാവൂ. വെള്ളം കെട്ടി നിൽക്കാനോ, മണ്ണ് ഉണങ്ങാനോ അനുവദിക്കരുത്.

## സസ്യ സംരക്ഷണം

**രോഗങ്ങൾ. ബാക്ടീരിയ**

വാട്ട രോഗം: ചെടികൾ പെട്ടെന്ന് വാടി നശിച്ചു പോകുന്നു. തണ്ടിന്റെ ഉൾഭാഗത്ത് കറുത്ത നിറം കാണപ്പെടുന്നത് ബാക്ടീരിയ മൂലമാണ് എന്ന് തീർച്ചപ്പെടുത്താം. ഇതിനായി ഊസ് ടെസ്റ്റ് നടത്താവുന്നതാണ്. ഒരു ഗ്ലാസ്സിൽ ശുദ്ധ ജലം എടുക്കുക വാട്ടരോഗ ലക്ഷണം കണ്ട ചെടിയുടെ ഒരു തണ്ട് മുറിച്ച് മുറിപ്പാടുള്ള ഭാഗം വെള്ളത്തിൽ പകുതി മുങ്ങി നിൽക്കത്തക്ക വിധം പിടിക്കുക. ബാക്ടീരിയ രോഗം വന്ന ചെടിയാണെങ്കിൽ മുറിപ്പാടിൽ നിന്ന് ഒരു വെളുത്ത ദ്രാവകം ഒലിച്ചിറങ്ങുന്നത് കാണാം.

നിയന്ത്രണം: ഉജ്വല അനുഗ്രഹ, കെ.എ.യു കാസ്റ്റർ, വെള്ള കാന്താരി എന്നീ രോഗ പ്രതിരോധ ശക്തിയുള്ള ഇനങ്ങൾ കൃഷിക്കായി ഉപയോഗിക്കാം. 20 ഗ്രാം സ്യൂടോമോണസ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്തുണ്ടാക്കിയ ലായനി ചെടിയുടെ ചുവട്ടിൽ ഒഴിച്ചു നനക്കുകയും, തണ്ടിലും ഇലയിലും തളിക്കുകയും വേണം.

കീടങ്ങൾ: വെള്ളീച്ച: വെളുത്ത ചിറകുകളുള്ള ചെറു പ്രാണികളാണ് വെള്ളീച്ചകൾ. ഇവ അധികവും ഇലകളുടെ അടിവശത്താണ് കാണപ്പെടുന്നത്. നിയന്ത്രണം: 2% വീര്യത്തിൽ വേപ്പെണ്ണ എമൽഷൻ വെളുത്തുള്ളി മിശ്രിതം തയ്യാർ ചെയ്തു രാവിലെ തളിക്കുക തുടർന്ന് ഒരാഴ്ച കഴിഞ്ഞു വെർട്ടിസീലിയം 20ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ലായനി തയ്യാറാക്കി തളിക്കുക. ■

**ഐ.എഫ്.എഫ്.കെ.**

**സഞ്ജന സുനിൽ**




# അതിജീവനത്തിന്റെ ചലച്ചിത്രോത്സവം



കോവിഡ് മഹാമാരിക്കോ സ്ഥലകാല പരിമിതികൾക്കോ, യുദ്ധദുരന്തങ്ങൾക്കോ സിനിമയ്ക്ക് പരിധി നിശ്ചയിക്കാനാവില്ല എന്നതിന്റെ വിളംബരമായിരുന്നു ഐ.എഫ്.എഫ്.കെയുടെ രജതജൂബിലി പതിപ്പ്. ഫെബ്രുവരി 10 മുതൽ മാർച്ച് അഞ്ച് വരെ തിരുവനന്തപുരം, കൊച്ചി, പാലക്കാട്, തലശ്ശേരി എന്നീ നാല് മേഖലകളിലായി നടന്ന മേളയ്ക്ക് തിരുവനന്തപുരമായിരുന്നു ആദ്യ വേദി. കോവിഡ് പശ്ചാത്തലത്തിൽ ഒരുക്കിയിരുന്ന കർശനമായ ആരോഗ്യ മാനദണ്ഡങ്ങൾ പൂർണമായി പാലിച്ചുകൊണ്ടാണ് ചലച്ചിത്രാസ്വാദകർ എല്ലാ വേദികളിലും മേളയിൽ പങ്കുകൊണ്ടത്. മുന്നൊരുക്കത്തിന്റെ ഭാഗമായി ആന്റിജൻ ടെസ്റ്റിന് ശേഷമാണ് പാസുകൾ വിതരണം ചെയ്തത്. ദുരന്തങ്ങളെ താണ്ടി മുന്നോട്ടുകുതിക്കുന്ന മാനവരാശിയുടെ പ്രത്യാശയുടെ കാഴ്ചകളായിരുന്നു തിരശ്ശീലയിൽ തെളിഞ്ഞത്.

## ഓൺലൈൻ സാന്നിധ്യമായി ചലച്ചിത്രപ്രവർത്തകരും


രാജ്യാന്തര ചലച്ചിത്രമേളയിൽ അന്താരാഷ്ട്ര സംവിധായകരെയും ചലച്ചിത്രപ്രവർത്തകരെയും ഉൾപ്പെടുത്തിക്കൊണ്ട് ഓൺലൈൻ ഓപ്പൺ ഫോറങ്ങളും മീറ്റ് ദ ഡയറക്ടർ ചർച്ചകളും സംഘടിപ്പിച്ചിരുന്നു. ലോകമെമ്പാടുനിന്നുമുള്ള സംവിധായക സാന്നിധ്യം ഇതിലുണ്ടായിരുന്നു. മത്സര വിഭാഗ ചിത്രങ്ങളുടെ പ്രതിനിധികളായി എൽവിൻ അഡിഗോസൽ (ബിൽസുവർ), ആന്ദ്രേ മാർട്ടിനെസ് ക്രോതെർ (ബേഡ് വാച്ചിങ്) അക്ഷയ് ഇന്ദിക്കർ (സ്ഥൽ പുരാൺ), മരിയ ക്ലാര എസ്കോബാർ (ഡെസ്റ്ററോ), ഹിലാൽ ബെയ്ദാരോവ് (ഇൻ ബിറ്റ് വീൻ ഡൈയിംഗ്), മോഹിത് പ്രിയദർശി (കൊസ്സ), ജോ പൗലോ മിറാൻഡ മരിയ (മെമ്മറി ഹൗസ്), അലഹാൻഡ്രോ ടെലിമാക്കോ ടാർറാഫ് (പിയേഡ്ര





സോള) ട്രാൻ തൻ ഹുയ് (റോം), ബഹ്മാൻ താവൂസി (ദ നെയിംസ് ഓഫ് ദ ഫൽവേഴ്സ്) എന്നിവർ മേളയിൽ സാന്നിധ്യം അറിയിച്ചു. 'ഇന്ത്യൻ സിനിമ ഇന്ന്' എന്ന വിഭാഗത്തിൽ നിന്ന് പൃഥ്വി കോണനൂർ (പിങ്കി എല്ലി), പുഷ്പേന്ദ്ര സിങ് (ലൈല ഔർ സാത്ത് ഗീത്), ബിശ്വജിത് ബോറ (ഗോഡ് ഓൺ ദ ബാൽക്കണി), 'കലൈഡോസ്കോപ്പ്' വിഭാഗത്തിൽ നിന്ന് ഇന്ദ്രാനിൽ റോയ് ചൗധരി (ഡെബ്രി ഓഫ് ഡിസയർ), ഗിരീഷ് കാസറവള്ളി (ഇല്ലിരലാരെ അല്ലിഗെ ഹൊഗാലാരെ), 'മലയാളം സിനിമ ഇന്ന്' എന്ന വിഭാഗത്തിൽ നിന്ന് സംവിധായകരായ മഹേഷ് നാരായണൻ, സനൽകുമാർ ശശിധരൻ, നടൻ ഫഹദ് ഫാസിൽ 'ലോകസിനിമാ' വിഭാഗത്തിൽ നിന്ന് ഉബൈർട്ടോ പസോളിനി (നോവെയർ സ്പെഷ്യൽ), അഹ്മദ് ബഹ്റാമി (ദ വേസ്റ്റ് ലാൻഡ്), ജാസ്മില അബാനിക് (ക്വോ വാഡിസ്, ഐഡ - ഉദ്ഘാടനചിത്രം), അമോസ് ഗിതായ് (ലൈല ഇൻ ഹൈഫ) എന്നിവരും ഓൺലൈനായി മേളയിൽ പങ്കെടുത്തു. ഇക്കൊല്ലത്തെ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് ജേതാവ് ജീൻ ലൂക്ക് ഗൊദാർദുമായി പ്രശസ്ത സിനിമാ നിരൂപകൻ ഡോ. സി എസ് വെങ്കിടേശ്വരൻ നടത്തിയ പ്രത്യേക അഭിമുഖവും മേളയിൽ പ്രദർശിപ്പിച്ചു.

## മേളയിൽ 80 ചിത്രങ്ങൾ; അതിജീവനത്തിന്റെ കഥയുമായി 33 ചിത്രങ്ങൾ

വിവിധ വിഭാഗങ്ങളിലായി ആകെ 80 ചിത്രങ്ങളാണ് മേളയിൽ പ്രദർശിപ്പിച്ചത്. കോവിഡ് പ്രതിസന്ധിയുടെ കാലഘട്ടത്തിൽ, പരിമിതമായ സാഹചര്യങ്ങളിലും നിയന്ത്രിതമായ ചുറ്റുപാടുകളിലും ചിത്രീകരിക്കപ്പെട്ട 33 ചിത്രങ്ങളും 25 -ാമത് രാജ്യാന്തര ചലച്ചിത്ര മേളയുടെ സവിശേഷതയായിരുന്നു. ഭാഗികമായും പൂർണമായും കോവിഡ് കാലഘട്ടത്തിൽ നിർമിക്കപ്പെട്ട ചിത്രങ്ങളാണ് വിവിധ വിഭാഗങ്ങളിലായി ഇത്തവണ പ്രദർശിപ്പിക്കപ്പെട്ടത്. മലയാളത്തിൽ നിന്ന് ലവ്, സീ യൂ സൂൺ, സന്തോഷത്തിന്റെ ഒന്നാം രഹസ്യം, മ്യൂസിക്കൽ ചെയർ തുടങ്ങി വിവിധ വിഭാഗങ്ങളിലായി പ്രദർശിപ്പിച്ച 6 ചിത്രങ്ങൾ കോവിഡ് മഹാമാരിയുടെ അതിജീവനത്തെ അടയാളപ്പെടുത്തുന്നു. മത്സര വിഭാഗത്തിൽ പ്രദർശിപ്പിച്ച 14 ചിത്രങ്ങളിലെ ദേർ ഈസ് നോ ഈവിൾ, ഇൻ ബിറ്റ്വീൻ ഡയിങ്, മെമ്മറി ഹൗസ്, കൊസ തുടങ്ങിയ 6 ചിത്രങ്ങൾ, ഇന്ത്യൻ സിനിമ ഇന്നിലെ 5 ചിത്രങ്ങൾ, കാലിഡോസ്കോപ്പിലെ 2 ചിത്രങ്ങൾ, ലോക സിനിമയിലെ 15 ചിത്രങ്ങൾ, മലയാള സിനിമ ഇന്നിലെ 4 ചിത്രങ്ങൾ ഉദ്ഘാടനചിത്രം തുടങ്ങി 33 സിനിമകളാണ് കോവിഡ് അതിജീവനത്തിന്റെയും പോരാട്ടത്തിന്റെയും അടയാളപ്പെടുത്തലായി ഇത്തവണ അരങ്ങിലെത്തിയത്. ലോകം അസാധാരണമായ പ്രതിസന്ധികളിലൂടെ കടന്നു പോകുന്ന ഈ ഘട്ടത്തിൽ അതിജീവനത്തിന്റെ കഥകൾക്ക് മൂല്യമേറുകയാണ്. ഏതൊരു വെല്ലുവിളിയെയും നേരിടാൻ സിനിമാമേഖലയ്ക്ക് കഴിയുമെന്ന ഉറച്ച വിശ്വാസത്തിനാണ് ഇത്തവണത്തെ മേള അടിവരയിട്ടത്.





## മത്സരവിഭാഗത്തിൽ 14 ചിത്രങ്ങൾ

രാജ്യാന്തര ചലച്ചിത്രമേളയുടെ അന്താരാഷ്ട്ര മത്സര വിഭാഗത്തിൽ ഇക്കുറി 14 ചിത്രങ്ങളാണ് പ്രദർശനത്തിനെത്തിയത്. വിവിധ രാജ്യങ്ങളിൽ നിന്നുള്ള കരുത്തുറ്റ ചിത്രങ്ങൾക്കൊപ്പം 4 ഇന്ത്യൻ സിനിമകളും ഈ വിഭാഗത്തിൽ ഇടംനേടി. ഏഴ് ഇന്ത്യൻ പ്രീമിയറുകൾക്കൊപ്പം ഒരു അന്താരാഷ്ട്ര പ്രീമിയർ, ഏഷ്യൻ പ്രീമിയർ, ലോക പ്രീമിയർ എന്നിവ ഉൾപ്പെടുന്നു. മലയാളത്തിൽ നിന്നും മത്സര വിഭാഗത്തിൽ ലിജോ ജോസ് പെല്ലിശേരി സംവിധാനം ചെയ്ത 'ചുരുളി', ജയരാജ് സംവിധാനം ചെയ്ത 'ഹാസ്യം' എന്നീ ചിത്രങ്ങളും ഇന്ത്യൻ സിനിമയിലെ മറ്റ് ഭാഷകളിൽ നിന്നുള്ള രണ്ട് ചിത്രങ്ങളുമുണ്ടായിരുന്നു. മോഹിത് പ്രിയദർശി സംവിധാനം ചെയ്ത ഹിന്ദി ചിത്രമായ 'കോസ', അക്ഷയ് ഇന്ദിക്കർ സംവിധാനം ചെയ്ത മറാത്തി ചിത്രമായ 'സ്ഥൽ പുരാ' (Chronicle of Space)' എന്നിവയാണ് തിരഞ്ഞെടുക്കപ്പെട്ടത്.

2019-ലെ ബെർലിൻ ചലച്ചിത്രോത്സവത്തിൽ 'ഗോൾഡൻ ബെയർ' പുരസ്കാരം നേടിയ ഇറാനിയൻ സംവിധായകൻ മുഹമ്മദ് റസോൾഫിന്റെ 'ദേർ ഈസ് നോ ഈവിൾ'എന്ന ചിത്രവും ആഫ്രിക്കൻ സംവിധായകനായ ലെമോഹെങ് ജെറമിയ മോസസെയുടെ 'ദിസ് ഈസ് നോട്ട് എ ബറിയൽ ബട്ട് എ റിസറക്ഷൻ' എന്ന ഇറ്റാലിയൻ ചിത്രവും മത്സരത്തിലുണ്ടായിരുന്നു.






## സുവർണചകോരം ദിസ് ഈസ് നോട്ട് എ ബറിയൽ ബട്ട് എ റിസ്‌റക്ഷന്; പ്രേക്ഷകപുരസ്കാരം ചുരുളിക്ക്

25 -ാം രാജ്യാന്തര ചലച്ചിത്ര മേളയിൽ മികച്ച ചിത്രത്തിനുള്ള സുവർണചകോരം ലെമോഹാങ് ജെർമിയ മൊസെസെ സംവിധാനം ചെയ്ത ദിസ് ഈസ് നോട്ട് എ ബറിയൽ ബട്ട് എ റിസ്‌റക്ഷൻ നേടി. അതിജീവനത്തിനായി ഒരു ജനത നടത്തുന്ന ചെറുത്തുനിൽപ്പാണ് ചിത്രത്തിന്റെ പ്രമേയം. പ്രേക്ഷകപ്രീതി നേടിയ ചിത്രമായി ലിജോ ജോസ് പെല്ലിശ്ശേരി സംവിധാനം ചെയ്ത ചുരുളി തിരഞ്ഞെടുക്കപ്പെട്ടു. രാജ്യാന്തര മത്സര വിഭാഗത്തിൽ മികച്ച സംവിധായകനുള്ള ജൂറിയുടെ പ്രത്യേക പരാമർശത്തിനും ലിജോ ജോസ് പെല്ലിശ്ശേരി അർഹനായി . മികച്ച നവാഗത സംവിധായകനുള്ള രജതചകോരം ലോലി റോക്കിന്റെ സംവിധായകൻ അലഹാൻഡ്രോ റ്റെലമാക്കോ ടറാഫ് നേടി. മികച്ച സംവിധായകനുള്ള രജതചകോരം ദി നെയിംസ് ഓഫ് ദി ഫ്ളവേഴ്സിന്റെ സംവിധായകൻ ബാഹ്മാൻ തവോസിക്കാണ്. മേളയിലെ മികച്ച മലയാള ചിത്രത്തിനുള്ള നെറ്റ്പാക് പുരസ്കാരം വിപിൻ ആറ്റ്ലി സംവിധാനം ചെയ്ത മ്യൂസിക്കൽ ചെയർ നേടി.

മികച്ച ചിത്രത്തിനുള്ള ഫിപ്രസി രാജ്യാന്തര പുരസ്കാരത്തിന് ഹിലാൽ ബൈഡ്രോവ് സംവിധാനം ചെയ്ത അസർബൈജാൻ ചിത്രം ഇൻ ബിറ്റ് വീൻ ഡയിങ് നേടി. ഈ വിഭാഗത്തിലെ മികച്ച മലയാള ചിത്രമായി രതീഷ് ബാലകൃഷ്ണൻ പൊതുവാൾ സംവിധാനം ചെയ്ത ആൻഡ്രോയ്ഡ് കുഞ്ഞപ്പൻ തിരഞ്ഞെടുക്കപ്പെട്ടു. ഇന്ത്യയിലെ മികച്ച നവാഗത സംവിധായകനുള്ള എഫ്.എഫ്എസ്.എ. - കെ.ആർ മോഹനൻ പുരസ്കാരം അക്ഷയ് ഇൻഡിക്കറിനാണ് . (ചിത്രം സ്ഥൽ പുരാൻ ). മികച്ച ഏഷ്യൻ ചിത്രത്തിനുള്ള നെറ്റ്പാക് പുരസ്കാരവും ഈ ചിത്രത്തിനാണ് .

'ദ നെയിംസ് ഓഫ് ദ ഫ്ളവേഴ്സ്', 'ഇൻ ബിറ്റ്വീൻ ഡൈയിങ്', 'മെമ്മറി ഹൗസ്','ഡസ്റ്റഹോ', 'ബിലേസുവാർ', 'ബേർഡ് വാച്ചിങ്', 'റോം', 'പിദ്ര സൊല' എന്നിവയാണ് മത്സരവിഭാഗത്തിലുണ്ടായിരുന്ന മറ്റ് ചിത്രങ്ങൾ.

മലയാളം സിനിമ ടുഡേ വിഭാഗത്തിൽ 12 സിനിമകളാണുണ്ടായിരുന്നത്. ഗ്രാമവൃക്ഷത്തിലെ കുയിൽ (കെ പി കുമാരൻ), സീ യു സൂൺ (മഹേഷ് നാരായണൻ), സന്തോഷത്തിന്റെ ഒന്നാം രഹസ്യം (ഡോ പാലത്തറ), ലവ് (ഖാലിദ് റഹ്മാൻ), മ്യൂസിക്കൽ ചെയർ (വിപിൻ ആറ്റ്ലി), അറ്റൻഷൻ പ്ലീസ് (ജിതിൻ ഐസക് തോമസ്), വാങ്ക് (കാവ്യ പ്രകാശ്), പക: ദ് റിവർ ഓഫ് ബ്ലഡ് (നിതിൻ ലൂക്കോസ്), തിങ്കളാഴ്ച നിശ്ചയം (സെന്ന ഹെഗ്ഡെ), പാപം ചെയ്യാത്തവർ കല്ലെറിയട്ടെ (ശംഭു പുരുഷോത്തമൻ), ആൻഡ്രോയ്ഡ് കുഞ്ഞപ്പൻ (രതീഷ് ബാലകൃഷ്ണൻ പൊതുവാൾ), കയറ്റം (സനൽകുമാർ ശശിധരൻ) എന്നിവയാണ് തിരഞ്ഞെടുക്കപ്പെട്ടത്.

ഇന്ത്യൻ സിനിമ നൗ വിഭാഗത്തിലേക്ക് ഏഴ് സിനിമകൾ പ്രദർശിപ്പിച്ചു. മൈൽ സ്റ്റോ/ മീൽ പത്തർ (ഇവാൻ ഐർ; ഹിന്ദി, പഞ്ചാബി, കശ്മീരി), നാസിർ (അരു കാർത്തിക്; തമിഴ്), കുതിരവാൽ (മനോജ് ജാഹ്സ, ശ്യാം സുന്ദർ; ഹിന്ദി ), ദ ഡിസിപ്പ്ൾ (ചൈതന്യ തമ്ഹാനെ; മറാഠി, ഹിന്ദി, ഇംഗ്ലീഷ്, ബാംഗാളി), പിഗ്/ സേത്തുമാൻ (തമിഴ്), പിങ്കി എല്ലി (പ്രിഥി കൊനാനൂർ;കഡ), ലൈല ഔർ സാത്ത് ഗീത് (പുഷ്പേന്ദ്ര സിങ്; ഹിന്ദി) എന്നിവയാണിവ.




## ബോസ്നിയൻ വംശഹത്യയുടെ കഥപറഞ്ഞ് ഉദ്ഘാടനചിത്രം 'ക്വോ വാഡിസ്, ഐഡ'

പ്രമുഖ ബോസ്നിയൻ സിനിമാ സംവിധായികയും തിരക്കഥാകൃത്തുമായ ജാസ്മില സബാനിക്കിന്റെ 'ക്വോ വാഡിസ്, ഐഡ'യായിരുന്നു 25-ാമത് അന്താരാഷ്ട്ര ചലച്ചിത്രമേളയുടെ ഉദ്ഘാടന ചിത്രം. 1995 കാലഘട്ടത്തിൽ നടന്ന ബോസ്നിയൻ യുദ്ധവെറിയുടെ കഥയാണ് ചിത്രം പറയുന്നത്. ചരിത്രത്തിലെ ഏറ്റവും അക്രമാസക്തവും രക്തച്ചൊരിച്ചിലുമുള്ള യുദ്ധക്കുറ്റമാണ് 1995 ലെ സ്രെബ്രെനിക്ക കൂട്ടക്കൊല. ഈ യുദ്ധത്തിൽ ജനറൽ റാറ്റ്കോ മലാഡിക്കിന്റെ നേതൃത്വത്തിൽ ബോസ്നിയൻ സെർബ് സൈന്യം 8372 നിരപരാധികളായ സാധാരണക്കാരെയാണ് കൊലപ്പെടുത്തിയത്.യു എന്നിന്റെ വിവർത്തകയായ ഐഡ എന്ന കഥാപാത്രത്തിന്റെ ജീവിതത്തെ ചുറ്റിപ്പറ്റിയാണ് ചിത്രം മുന്നോട്ടു നീങ്ങുന്നത്. ബലാൽസംഗം, ശിരഛേദം തുടങ്ങിയ വംശഹത്യയുടെ അക്രമപ്രവർത്തനങ്ങൾ ഐഡയുടെ പരിഭ്രാന്തമായ കണ്ണുകളിലൂടെ ചിത്രം

തുറന്നു കാട്ടുന്നു.

ലോകം നേരിട്ട കോവിഡ് പ്രതിസന്ധി ഘട്ടത്തിലാണ് ഈ ചിത്രം നിർമിച്ചിരിക്കുന്നത്. 2020 സെപ്റ്റംബർ മൂന്നിന് റിലീസ് ചെയ്ത ചിത്രം അതേവർഷം തന്നെ സെപ്റ്റംബറിൽ നടന്ന 77-ാമത് വെനീസ് അന്താരാഷ്ട്ര ചലച്ചിത്രമേളയിലെ പ്രധാന മത്സര വിഭാഗത്തിലും ടൊറന്റോ അന്താരാഷ്ട്ര ചലച്ചിത്രമേളയിലും പ്രദർശിപ്പിച്ചു. 93-ാമത് അക്കാദമി അവാർഡുകളിൽ മികച്ച അന്താരാഷ്ട്ര ഫീച്ചർ ഫിലിമിനുള്ള ബോസ്നിയൻ എൻട്രിയായും ഈ ചിത്രം തിരഞ്ഞെടുക്കപ്പെട്ടിരുന്നു. ചിത്രത്തിന്റെ ഇന്ത്യയിലെ ആദ്യ പ്രദർശനമായിരുന്നു 25-ാമത് ചലച്ചിത്രമേളയിൽ നടന്നത്.

## ആകാംക്ഷയുണർത്തി ചുരുളിയും ഹാസ്യവും

ഏറെ ചർച്ചചെയ്യപ്പെട്ട ജെല്ലിക്കെട്ടിനു ശേഷം പുറത്തിറങ്ങുന്ന ലിജോ ജോസ് പെല്ലിശ്ശേരിയുടെ ഏറ്റവും പുതിയ ചിത്രമാണ് ചുരുളി. ചിത്രത്തിന്റെ തന്നെ ആദ്യ പ്രദർശനമായിരുന്നു മേളയിലേത്. സാംസ്കാരികവത്ക രിക്കപ്പെട്ട മനുഷ്യന്റെ മനസിലെ സമാന്തര ലോകത്തെപ്പറ്റിയായാണ് സിനിമ. അടിച്ചമർത്തപ്പെട്ട അടിസ്ഥാന ചേതനകൾക്ക് മുന്നിൽ വീണുപോകുന്ന മനുഷ്യരുടെ സമാന്തര ലോകമാണ് ചുരുളി എന്ന സാങ്കൽപ്പിക ഗ്രാമം. ആ ഗ്രാമത്തിലേക്ക് കടന്നുവരുന്ന രണ്ട് പോലീസ് ഉദ്യോഗസ്ഥരുടെ കഥയാണ് ചിത്രം. മധു നീലകണ്ഠന്റെ ക്യാമറ പ്രത്യേക ദൃശ്യാനുഭവം തന്നെയാണ് സിനിമക്ക് സമ്മാനിക്കുന്നത്. ദീപു ജോസഫിന്റെ എഡിറ്റിങ്ങും രംഗനാഥ് രവിയുടെ ശബ് ദമിശ്രണവും സിനിമയെ കൂടുതൽ മികവുറ്റതാക്കുന്നു. പ്രതീക്ഷകൾ തെറ്റിക്കാതെ പ്രേക്ഷക ഹൃദയം കീഴടക്കാൻ ചുരുളിക്ക് സാധിച്ചു.

ജയരാജിന്റെ നവരസ ചലച്ചിത്ര പരമ്പരയിലെ എട്ടാമത്തെ ചിത്രമാണ് ഹാസ്യം. മൃതദേഹങ്ങൾ മെഡിക്കൽ കോളേജുകൾക്ക് പഠനാവശ്യങ്ങൾക്കായി എത്തിച്ചുകൊടുക്കുന്ന ഒരു ഇടനിലക്കാരന്റെ ജീവിതത്തെ ചുറ്റിപ്പറ്റിയാണ് സിനിമ മുന്നോട്ടു പോകുന്നത്. തനിക്കു വേണ്ടപ്പെട്ടവരുടെ മരണം പോലും പണം സമ്പാദിക്കാനുള്ള അവസരമായി കണക്കാക്കുന്ന അയാൾ സ്വന്തം അച്ഛന്റെ മരണത്തിനായി കാത്തിരിക്കുന്നതാണ് ചിത്രം. നിരവധി രാജ്യാന്തര മേളകളിലെ പ്രദർശനത്തിന് ശേഷമാണ് ചിത്രം മേളയിലെത്തിയത്.

## കിം: മറയാത്ത സാന്നിദ്ധ്യം




സിനിമാലോകത്ത് നികത്താനാവാത്ത നഷ്ടമാണ് കിം കി ഡുക്ക് എന്ന വിഖ്യാത ദക്ഷിണകൊറിയൻ ചലച്ചിത്രകാരന്റേത്. കിമ്മിനെ അറിയാത്ത ഒരു ഫെസ്റ്റിവൽ പ്രേമിയുമില്ല. പതിനെട്ട് സിനിമകളാണ് ചലച്ചിത്രലോകത്തിന് കിം നൽകിയ സംഭാവന. ഇത്തവണ ഹോമേജ് വിഭാഗത്തിൽ പ്രദർശിപ്പിച്ച സ്പ്രിങ്, സമ്മർ, ഫാൾ, വിന്റർ ആൻഡ് സ്പ്രിങ് ഈ ചലച്ചിത്രകാരന്റെ ഓർമ പുതുക്കൽ കൂടിയാണ്. ഋതുക്കൾ എന്തെന്ന് പ്രേക്ഷകനെ അനുഭവിപ്പിക്കുന്ന കിം മാജിക്കിന്റെ ഉദാഹരണമാണ് ഈ ചിത്രം. നിരവധി ചലച്ചിത്രവേദികളിൽ പ്രദർശിപ്പിച്ചിട്ടുള്ള ഈ ചിത്രം മികച്ച ചിത്രത്തിനുള്ള ഗ്രാൻഡ് ബെൽ, ബ്ലൂ ഡ്രാഗൺ പുരസ്കാരങ്ങളടക്കം നിരവധി ബഹുമതികൾ സ്വന്തമാക്കിയിട്ടുണ്ട്. ■




## കാഴ്ചകളുടെ കാലിഡോസ്കോപ്പിൽ ബിരിയാണിയും വാസന്തിയും

മനുഷ്യാവസ്ഥയുടെ വ്യത്യസ്ത കാഴ്ചകളുമായിയെത്തുന്ന കാലിഡോസ്കോപ്പ് വിഭാഗത്തിൽ മലയാള ചിത്രങ്ങളായ ബിരിയാണി, വാസന്തി ,1956 മധ്യതിരുവതാംകൂർ എന്നിവയുൾപ്പടെ അഞ്ചു ചിത്രങ്ങൾ ഇടംനേടി. ഷിനോസ് റഹ്മാൻ , സജാസ് റഹ്മാൻ എന്നിവർ സംവിധാനം ചെയ്ത വാസന്തി കഴിഞ്ഞ വർഷത്തെ മികച്ച ചിത്രത്തിനുള്ള സംസ്ഥാന അവാർഡ് കരസ്ഥമാക്കിയിരുന്നു. ഒരു നാടകനടിയായ വാസന്തിയുടെ ജീവിതത്തിലൂടെയുള്ള സഞ്ചാരമാണ് ചിത്രം. സജിൻ ബാബു തിരക്കഥയെഴുതി സംവിധാനം ചെയ്ത ബിരിയാണി സിനിമയും നാടകവും ഇഴചേർന്ന കാഴ്ചാനുഭവം സമ്മാനിക്കുന്നു. വീടിന്റെ നാല് ചുവരുകൾക്കുള്ളിൽ നിന്നും പുറത്തുകടക്കാൻ ഖദീജ എന്ന സ്ത്രീ നടത്തുന്ന ശ്രമങ്ങളാണ് സിനിമയുടെ ഇതിവൃത്തം. കനി കുസൃതി ഈ ചിത്രത്തിലെ പ്രകടനത്തിലൂടെ മികച്ച നടിക്കുള്ള സംസ്ഥാന അവാർഡ് നേടി. ഭൂപരിഷ്കരണത്തിനു മുൻപുള്ള മധ്യ തിരുവതാംകൂറിന്റെ പശ്ചാത്തലത്തിൽ ഒരുക്കിയ സിനിമയാണ് ഡോൺ പാലാത്തറയുടെ 1956 മധ്യതിരുവിതാംകൂർ. പെട്ടെന്ന് പണമുണ്ടാക്കുവാൻ ആറ് യുവാക്കൾ നടത്തുന്ന ശ്രമങ്ങളും അതിൽ അവർക്ക് നേരിടേണ്ടി വരുന്ന വെല്ലുവിളികളുമാണ് ചിത്രം.

ഗിരീഷ് കാസറവള്ളി സംവിധാനം ചെയ്ത കന്നഡ ചിത്രം ഇല്ലിരലാരെ അല്ലിഗെ ഹൊഗാലാരെ, ഇന്ദ്രാനിൽ റോയ്ചൗദരി സംവിധാനം നിർവഹിച്ച ബംഗാളി ചിത്രം ഡെബ്രി ഓഫ് ഡിസൈർ എന്നിവയായിരുന്നു കാലിഡോസ്കോപ്പിലെ മറ്റു ചിത്രങ്ങൾ.

**സിനിമ** ജി. കൃഷ്ണസ്വാമി

# സ്മൃതിപഥത്തിലെ ചില ജീവചരിത്ര സിനിമകൾ

**1936ൽ ജീവചരിത്ര സംബന്ധമായ ഒരു സിനിമ മറാഠി സിനിമ ലോകത്തെ തൊട്ടുണർത്തി. താഴ്ന്ന ജാതിയിൽ പിറന്ന ഭക്ത കവി തുക്കാറാമിനെക്കുറിച്ചായിരുന്നു ആ ചിത്രം. 1937 ൽ വെനീസ് ചലച്ചിത്രോത്സവത്തിൽ ആ വർഷത്തെ ലോകത്തിലെ മൂന്നു മികച്ച ചലച്ചിത്രങ്ങളിലൊന്നായി ആ ചിത്രം തിരഞ്ഞെടുക്കുകയുണ്ടായി. രാജ്യാന്തര ചലച്ചിത്രമേളയിൽ ആ ഇന്ത്യൻ ജീവചരിത്ര സിനിമ ലോകശ്രദ്ധ പിടിച്ചു പറ്റി.**

ബയോ പിക്ചർ/ബയോപിക് എന്നൊക്കെ ചലച്ചിത്ര രംഗത്തു അറിയപ്പെടുന്ന ജീവചരിത്ര സിനിമകൾ, ചലച്ചിത്ര നിർമാണത്തിന്റെ പ്രാരംഭഘട്ടത്തിൽത്തന്നെ ഇടം കണ്ടെത്തിയിരുന്നു എന്നുവേണം കരുതാൻ. ആദ്യകാലത്ത് ശബ്ദമില്ലാത്ത ചിത്രങ്ങളും പിന്നീട് സംഭാഷണവും സംഗീതവും പശ്ചാത്തല സംഗീതവുമൊക്കെ ചേർന്ന സിനിമകളും നിർമിക്കപ്പെട്ടു. ഇന്ത്യയിലാദ്യമായൊരു സിനിമ നിർമിച്ചത് ഹിന്ദിയിലായിരുന്നു. (നിശബ്ദ ചിത്രങ്ങൾക്ക് ഭാഷ ഇല്ലാത്തതിനാൽ ഓരോ ഭാഷ സംസാരിക്കുന്ന ആളുകൾ നിർമിച്ച ചിത്രം അതാതുഭാഷാ ചിത്രമായി കണക്കാക്കപ്പെട്ടു.) ഭാരതീയ സിനിമയുടെ പിതാവായി പിന്നീട് യശസ്സ് ഉയർത്തപ്പെട്ട ദാദാസാഹിബ് ഫാൽക്കെയുടെ രാജാ ഹരിശ്ചന്ദ്ര എന്ന നിശബ്ദ ചിത്രമായിരുന്നു ആദ്യചിത്രം. 1913 മേയ് 3-ാം തീയതിയാണ് ചിത്രം പ്രദർശനത്തിനെത്തുന്നത്. ബോംബെ കോർണേഷൻ തിയേറ്ററിൽ ദിവസം നാലു ഷോ വീതം 23 ദിവസം കളിച്ചെന്നും അതിനുശേഷം 1937ൽ അദ്ദേഹം നിർമിച്ച ഗംഗാവതാരൺ എന്ന ടോക്കി ചിത്രം ബോംബെ ഓപ്പറാഹൗസിൽ പ്രദർശിപ്പിച്ച് സാമ്പത്തിക വിജയം നേടിയെന്നും ദാദാസാഹിബ് ഫാൽക്കെയുടെ മൂന്നാം തലമുറയിൽപ്പെട്ട അനന്തരവൾ ശരയൂ ഫാൽക്കേ സമ്മാൻവർ ഒരു ലേഖനത്തിൽ അടയാളപ്പെടുത്തുന്നു(മലയാളം വാരിക 2013 മേയ് 31).



1936ൽ ജീവചരിത്ര സംബന്ധമായ ഒരു സിനിമ മറാഠി സിനിമ ലോകത്തെ തൊട്ടുണർത്തി. താഴ്ന്ന ജാതിയിൽ പിറന്ന ഭക്ത കവി തുക്കാറാമിനെക്കുറിച്ചായിരുന്നു ആ ചിത്രം. 1937 ൽ വെനീസ് ചലച്ചിത്രോത്സവത്തിൽ ആ വർഷത്തെ ലോകത്തിലെ മൂന്നു മികച്ച ചലച്ചിത്രങ്ങളിലൊന്നായി ആ ചിത്രം തിരെഞ്ഞെടുക്കുകയുണ്ടായി. രാജ്യാന്തര ചലച്ചിത്രമേളയിൽ ആ ഇന്ത്യൻ ജീവചരിത്ര സിനിമ ലോകശ്രദ്ധ പിടിച്ചു പറ്റി.




നൂറുവർഷം തികഞ്ഞിട്ടില്ല മലയാള സിനിമയുടെ സമാരംഭം കുറിച്ചിട്ട്. 1928ൽ ജെ.സി.ഡാനിയലിന്റെ വിഗതകുമാരൻ എന്ന നിശബ്ദ ചിത്രമാണ് മലയാള സിനിമയിലെ കന്നിച്ചിത്രം. വളരെ ത്യാഗങ്ങളും കഷ്ടപ്പാടു

കളും സാമ്പത്തിക നഷ്ടങ്ങളും മാനസിക പീഡനങ്ങളും അനുഭവിച്ച് മലയാളത്തിൽ നിർമിച്ച ആ കഥാചിത്രത്തിന് തുടക്കത്തിൽത്തന്നെ നിരവധി എതിർപ്പുകൾ നേരിടേണ്ടി വന്നു.

1931ൽ പി.വിറാവു നിർമിച്ച മാർത്താണ്ഡവർമ്മയാണ് മലയാളത്തിലെ രണ്ടാമത്തെ ചിത്രം. ആ ചിത്രം തന്നെയാണ് മലയാളത്തിലെ ആദ്യത്തെ ബയോപിക് ചിത്രമായും കണക്കാക്കപ്പെടുന്നത്. അത് ശബ്ദരഹിതചിത്രമായിരുന്നു. എന്നാൽ ചിത്രം പുറത്തുവരുവാൻ സാധിക്കാത്തത്ര കോടതി ക്കേസുകളിൽ കുടുങ്ങിപ്പോയി. മലയാള ജീവചരിത്ര സിനിമയിലെ ചരിത്രത്തിലെ പ്രധാന കാൽവെയ്പായിരുന്ന ചിത്രം ഇരുട്ടറയിലാക്കപ്പെട്ടു. കേരളാ ഗവൺമെന്റിന്റെ പബ്ലിക് റിലേഷൻസ് വകുപ്പും കെഎസ്എഫ്ഡിസിയും ചേർന്ന് 1994ൽ കോഴിക്കോട്ടു വെച്ചു നടന്ന സംസ്ഥാനത്തെ പ്രഥമ ചലച്ചിത്രമേളയിൽ മാർത്താണ്ഡവർമ്മ ഉദ്ഘാടനച്ചിത്രമായി പ്രദർശിപ്പിച്ചു. ഈ ചിത്രം ഇപ്പോൾ നാഷണൽ ഫിലിം ആർക്കൈവ്സിൽ സൂക്ഷിച്ചിട്ടുണ്ട്.

**യഥാർഥ ജീവിതമാണ് ബയോപിക് സിനിമകളുടെ അടിസ്ഥാന ഘടകം. കാൽപനികതയ്ക്കു പ്രാധാന്യം കൊടുക്കേണ്ടതില്ല.**


നിശബ്ദച്ചിത്രങ്ങൾ ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ നിർമിച്ചുകൊണ്ടിരിക്കെത്തന്നെ ശബ്ദം സംക്രമിപ്പിക്കുവാനുള്ള സാങ്കേതിക വിദ്യ പരീക്ഷിച്ചു വരികയായിരുന്നു.

1938 ൽ ഇറങ്ങിയ ബാലൻ എന്ന കഥാചിത്രമാണ് മലയാളത്തിലെ പ്രഥമചിത്രം. അതോടെ മലയാളസിനിമ താരുണ്യത്തിലേയ്ക്ക് കാലെടുത്തുവയ്ക്കുകയായിരുന്നു. അന്നുതൊട്ടിന്നുവരെ എത്രയോ മനോഹരങ്ങളായ ചിത്രങ്ങളാണ് നിർമിക്കപ്പെട്ടത്. ആദ്യകാല മലയാള ചിത്രങ്ങൾ ബ്ലാക്ക് ആൻഡ് വൈറ്റ് ചിത്രങ്ങളായിരുന്നു. പിന്നെ വർണ്ണങ്ങളിലേക്ക് ചേക്കേറി. മലയാളത്തിലെ പ്രഥമ കളർച്ചിത്രം കണ്ടം ബെച്ച കോട്ട് ആയിരുന്നു.

ചലച്ചിത്രലോകത്തെ വർണഭംഗിയുള്ള വേദികളിൽ മലയാള സിനിമ, സിംഹാസന തുല്യമായ ഇരിപ്പിടങ്ങൾ കരസ്ഥമാക്കി. ദേശീയ അന്തർദേശീയ ഫെസ്റ്റിവൽ വേദികളിൽ അവാർഡുകൾ കരസ്ഥമാക്കുവാൻ കഴിഞ്ഞിട്ടുള്ളത്, മലയാള സിനിമയുടെ വളർച്ചയെയാണ് സൂചിപ്പിക്കുന്നത്.

ഇതിഹാസ, പുരാണ, ചരിത്രസംബന്ധമായ സിനിമകളും സാമൂഹ്യ




പ്രതിബദ്ധതയുള്ള കുടുംബചിത്രങ്ങളും കുറ്റാന്വേഷണ-ഹൊറാർ, മന:ശാസ്ത്ര പരമായ ചിത്രങ്ങളും മലയാളത്തിൽ നിരവധി ഉണ്ടാകുന്നുണ്ടെങ്കിലും ജീവ ചരിത്ര സിനിമകൾ വളരെ കുറച്ചുമാത്രമേ നിർമിക്കപ്പെടുന്നുള്ളൂ. മലയാളത്തിൽ എന്നുമാത്രമല്ല ഇന്ത്യ മൊത്തത്തിലെടുത്താലും അതുതന്നെയാണ് അവസ്ഥ.

ജീവ ചരിത്ര സിനിമകൾ ചിലത് ഒരു വ്യക്തിയുടെ വ്യക്തിവിശേഷത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നതും മറ്റു ചിലത് രാജ്യാന്തര ചരിത്രവുമായി ഇഴപിണഞ്ഞു നിൽക്കുന്നതുമാണ്. ബയോപിക് ജനുസ്സിലെ ചിത്രങ്ങൾ വ്യക്തികൾക്ക് പ്രാധാന്യം നൽകുന്നതായതിനാൽ ചിത്രത്തിനാധാരമാകുന്ന വ്യക്തിയുടെ സവിശേഷതകൾ, വ്യക്തി പ്രഭാവങ്ങൾ, ഫിസിക്കൽ അപ്പിയറൻസ്, നടത്തം, മാനറിസം, വസ്ത്രധാരണം, സമൂഹത്തിനു നൽകിയിട്ടുള്ള സേവനങ്ങൾ, സമൂഹത്തിൽ ഏതുവിധേന ശ്രദ്ധേയനായി എന്നുള്ളതിനെക്കുറിച്ചുള്ള വിവരങ്ങൾ, മറ്റ് ഉന്നതൻമാരുടെ അഭിപ്രായങ്ങൾ തുടങ്ങിയവയെക്കുറിച്ച് നല്ല അവബോധം ഫിലിംമേക്കർക്ക് ഉണ്ടായിരിക്കണം. ഉത്തമ ജീവചരിത്ര സിനിമകൾക്ക് ആധികാരികതയും വിശ്വസ്തതയും വർധിപ്പിക്കുവാൻ ഊഹാപോഹങ്ങളും ഭാവനകളും കഴിവതും ഒഴിവാക്കുന്നതു നന്നായിരിക്കും. എന്നാൽ ചില വ്യക്തികളെക്കുറിച്ച് പറയുമ്പോൾ ഐതീഹ്യങ്ങളേയും ഊഹാപോഹങ്ങളേയുമൊക്കെ തിരഞ്ഞുപിടിക്കേണ്ടി വരുന്നു. കുഞ്ചൻ നമ്പ്യാർ, എഴുത്തച്ഛൻ തുടങ്ങിയവരെക്കുറിച്ചു ചിത്രമെടുക്കുമ്പോൾ മേൽപറഞ്ഞ കാര്യങ്ങളെ ചലച്ചിത്രകാരൻമാർ ആശ്രയിക്കേണ്ടി വരും. കൃത്യമായ അടിസ്ഥാന രേഖകളോ പൂർണ്ണ ഗ്രന്ഥങ്ങളോ ഇല്ലാത്തതുകൊണ്ടാണ് അങ്ങനെ ചെയ്യേണ്ടി വരുന്നത്. എന്നാൽ നെഹ്റുവിനെക്കുറിച്ചോ, സ്വാമി വിവേകാനന്ദനെക്കുറിച്ചോ ചിത്രമെടുക്കുമ്പോൾ ഊഹാപോഹങ്ങളിലേക്കു പോകേണ്ടി വരുന്നില്ല. അവരെക്കുറിച്ചു കൃത്യമായ കാര്യങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള ഗ്രന്ഥങ്ങളെ ആശ്രയിച്ചാൽ മതി. യഥാർഥ ജീവിതമാണ് ബയോപിക് സിനിമകളുടെ അടിസ്ഥാന ഘടകം. കാൽപനികതയ്ക്കു പ്രാധാന്യം കൊടുക്കേണ്ടതില്ല.

1931ൽ എച്ച്.എം. റെഡ്ഢി എന്നയാൾ തമിഴിലും തെലുങ്കിലുമായി വിശ്വ കവി കാളിദാസനെക്കുറിച്ച് ഒരു ചിത്രം നിർമിച്ചു. ഐതീഹ്യ കഥയിലൂടെ അടിത്തറ ഉറപ്പിച്ചുകൊണ്ടുള്ള ആ സിനിമയിൽ പി.ജി. വെങ്കിടേഷ് കാളിദാസനായും, ടി.പി.രാജലക്ഷ്മി രാജകുമാരിയായ ഭാര്യയായും അഭിനയിച്ചു. എന്നാൽ പ്രസ്തുത ചിത്രത്തിനേക്കാൾ ശ്രദ്ധ പിടിച്ചു പറ്റിയ ചിത്രമായിരുന്നു 1966 ൽ ആർ.ആർ.ചന്ദ്രൻ തമിഴിൽ ചെയ്ത മഹാകവി കാളിദാസൻ. ശിവാജി ഗണേശൻ തകർത്തഭിനയിച്ച ചിത്രമായിരുന്നു അത്. 1955ൽ സ്വാമി വിവേകാനന്ദനെക്കുറിച്ച് ഒരു ചിത്രം അമർമുല്ലയെന്നയാൾ നിർമിച്ചെങ്കിലും ശ്രദ്ധ പിടിച്ചു പറ്റിയില്ല. എന്നാൽ അതേ വിഷയം 1998 ൽ ജി.വിഅയ്യർ ഇംഗ്ലീഷിലും ഹിന്ദിയിലും നിർമിച്ചു ഖ്യാതി നേടുകയുണ്ടായി.


**ജീവ ചരിത്ര സിനിമകൾ വളരെ കുറച്ചുമാത്രമേ നിർമിക്കപ്പെടുന്നുള്ളൂ. മലയാളത്തിൽ എന്നുമാത്രമല്ല ഇന്ത്യ മൊത്തത്തിലെടുത്താലും അതുതന്നെയാണ് അവസ്ഥ.**

1993 ൽ സർദാർ വല്ലഭായ് പട്ടേലിനെക്കുറിച്ച് ഹിന്ദിയിൽ ഒരു ചിത്രം വന്നു. കേദൻ മേത്ത സംവിധാനം ചെയ്ത ചിത്രത്തിൽ പാരിഷ്‌റവൽ എന്ന നടനാണ് സർദാർ പട്ടേലായി അഭിനയിച്ചത്.

അമൽ ബറോ സംവിധാനം ചെയ്ത ഇംഗ്ലീഷിലുള്ള ഗാന്ധി സിനിമ ജീവചരിത്ര സിനിമയുടെ കൂട്ടത്തിൽ ഒന്നാം സ്ഥാനത്തു നിലയുറപ്പിച്ചിരുന്നു. നിരവധി ഓസ്കാർ അവാർഡുകൾ കരസ്ഥമാക്കിയ അതിശയങ്ങളോ അത്ഭുതങ്ങളോ ഒന്നു ചേരാത്ത തികച്ചും ശുദ്ധമായ ചിത്രമായി ഇത് വിലയിരുത്തപ്പെടുന്നു. ഇതിൽ ഗാന്ധിയായി അഭിനയിച്ചത് ബെൻകിംഗ്സ്ലി ആയിരുന്നു. മികച്ച മറ്റൊരു ബയോപിക് ചിത്രമാണ് അംബേദ്കറെക്കുറിച്ചുള്ള ജബ്ബാർ പട്ടേൽ സംവിധാനം ചെയ്ത ചിത്രം. മമ്മൂട്ടിയാണ് അംബേദ്ക്കറായി അഭിനയിച്ചിരിക്കുന്നത്. ഈ ചിത്രം ചില നിസ്സാര കാര്യങ്ങൾ കൊണ്ട് ഇതുവരെ സെൻസർ ചെയ്ത് കിട്ടിയിട്ടില്ല.

മലയാളത്തിൽ പൊതുവേ ബയോപിക് ചിത്രങ്ങൾ കുറവാണ്. കഴിഞ്ഞ ഒരു ദശാബ്ദത്തിനുള്ളിൽ വിരലിലെണ്ണാവുന്ന ചിത്രങ്ങൾ മാത്രമാണ് നിർമിക്കപ്പെട്ടിട്ടുള്ളത്. അതിൽ ഒട്ടു മിക്കതും ഫിലിം മേക്കറുടെ അമിത സ്വാതന്ത്ര്യത്തിന്റെ വിരൽപ്പാടുകൾ നിഴലിച്ചു കാണുന്നതാണ്.




1962 ൽ ജി. വിശ്വനാഥ് സംവിധാനം ചെയ്ത വേലുത്തമ്പിദളവ വെള്ളിത്തിരയിലെത്തി. പി.കെ സത്യപാലാണ് ചിത്രം നിർമിച്ചത്. ജഗതി എൻകെ ആചാരിയുടേതായിരുന്നു തിരക്കഥ-സംഭാഷണം. പ്രധാന കഥാപാത്രമായ വേലുത്തമ്പിയെ കൊട്ടാരക്കര ശ്രീധരൻ നായർ മികവുറ്റതാക്കി. 1964ൽ കൊട്ടാരക്കരയുടെ തന്നെ മറ്റൊരു ചിത്രം ജനങ്ങൾക്കു കാണാൻ സാധിച്ചു. ഉദയായുടെ ബാനറിൽ കുഞ്ചാക്കോ സംവിധാനം ചെയ്ത പഴശ്ശിരാജ ആയിരുന്നു പ്രസ്തുത ചിത്രം. ബ്രിട്ടീഷ് ഭരണത്തിനെതിരെ ഒളിഞ്ഞും മറഞ്ഞും യുദ്ധം ചെയ്ത ധീരദേശാഭിമാനി പഴശ്ശിരാജയുടെ ചരിത്രം വടക്കേ മലബാറിന്റെ ചരിത്രം കൂടിയാണ്. വ്യക്തി ചരിത്രം രാജ്യ ചരിത്രവുമായി എങ്ങനെ ഇഴുകി ചേർന്നിരിക്കുന്നുവെന്ന് ഈ ചിത്രങ്ങൾ വ്യക്തമാക്കുന്നു. ചരിത്രത്തെ വളച്ചൊടിക്കാതെ ചിത്രത്തിനു വേണ്ട ചേരുവകൾ ചേർത്ത് പഴശ്ശിരാജയുടെ തിരക്കഥ-സംഭാഷണം രചിച്ചതു തിക്കൊടിയനാണ്.

1987ൽ സ്വാതി തിരുനാളിന്റെ ജീവചരിത്രം ലെനിൻ രാജേന്ദ്രൻ അഭ്രപാളിയിലാക്കി. സംവിധാനത്തോടൊപ്പം രചനയും അദ്ദേഹത്തിന്റേതായിരുന്നു. സ്വാതി തിരുനാളിന്റെ സംഗീതം, നൃത്തം പ്രണയം തുടങ്ങിയവയിലൂടെ ഒഴുകിപ്പോകുന്ന ചിത്രത്തിൽ കൊട്ടാരക്കെട്ടിന്റെ ദൃശ്യഭംഗിയും നൃത്തസംഗീതാദികളുടെ സമന്വയവും ആകർഷക ഘടകങ്ങളായിരുന്നു.

മലയാള സിനിമയുടെ ശൈശവം തൊട്ട് രംഗത്തു നിറസാന്നിദ്ധ്യമായി പ്രവൃത്തിച്ചു വന്ന ഫിലിംമേക്കറായിരുന്നു ഭാസ്ക്കരൻ മാഷ് എന്നു പരക്കെ അറിയപ്പെട്ടിരുന്ന പി. ഭാസ്ക്കരൻ. നിർമാതാവ്, സംവിധായകൻ, ഗാനരചയിതാവ് എന്നീ നിലയിലൊക്കെ അദ്ദേഹം പ്രവർത്തിച്ചിരുന്നു. ഗ്രാമീണ ശീലുകളുടെ ആകർഷക വലയത്തിൽ പി.ഭാസ്ക്കരന്റെ കവിതകളും ഗാനങ്ങളും വിഹാരം നടത്തി. സാധാരണക്കാരെ വളരെയധികം ആകർഷിച്ച ശീലുകൾ ആസ്വാദകർക്കു പുതിയൊരനുഭവമായിരുന്നു. 1956ൽ പി.ഭാസ്ക്കരൻ രാമുകാര്യാട്ടുമായിച്ചേർന്ന് നീലക്കുയിലിലൂടെ സംവിധായകന്റെ മേലങ്കി അണിഞ്ഞു. 1967ൽ അദ്ദേഹത്തിന്റെ ഇരുട്ടിന്റെ ആത്മാവിന് സാമൂഹ്യപ്രസക്തിയുള്ള ചിത്രത്തിനും തുടർന്ന്

തുറക്കാത്ത വാതിലിന് ദേശീയോദ്ഗ്രഥനത്തിനുമുള്ള ദേശീയ അവാർഡും ലഭിച്ചു. ഒരു ഇടവേളയ്ക്കു ശേഷം 1977ൽ ഒരു മികച്ച ബയോഫിക് ചിത്രവുമായി പി.ഭാസ്കരൻ രംഗത്തു വന്നു. ജഗദ്ഗുരു ആദിശങ്കരൻ എന്ന ആ ചിത്രത്തിന് അനവധി അവാർഡുകൾ ലഭിച്ചു. കാണികളുടെ ഹൃദയത്തിൽ ആത്മീയതയുടെ ഒളി ചിതറിയ ചിത്രം കൂടിയായിരുന്നു അത്. മുരളീ മോഹൻ എന്ന ചെറുപ്പക്കാരൻ ആദിശങ്കരന്റെ വേഷത്തിൽ തരക്കേടില്ലാത്ത പ്രകടനം കാഴ്ച വച്ചു. അദ്ദേഹത്തിന്റെ മാതാവ് ആര്യ അന്തർജ്ജനമായി വേഷമിട്ട കവിയൂർപൊന്നമ്മ മികച്ച അഭിനയം കൊണ്ട് മലയാളസിനിമയിലെ എക്കാലത്തെ അമ്മയായും തീർന്നു.


ഐതീഹ്യത്തിന്റെ പിൻബലത്തിൽ ആദിശങ്കരന്റെ ജീവിതവും കർമ്മമണ്ഡലവും മനോഹരവും സത്യസന്ധമായി ചിത്രീകരിച്ച പി.ഭാസ്ക്കരന്റെ പ്രയത്നം ശ്ലാഘിക്കപ്പെട്ടു.

പി.ഭാസ്ക്കരന്റെ സിനിമ വന്നശേഷം ശങ്കരാചാര്യരുടെ ജീവിതം സംസ്കൃതത്തിൽ ജി.വി. അയ്യർ സംവിധാനം ചെയ്തു പുറത്തിറക്കി. സർവ്വദമൻ ബാനർജി പ്രധാനകഥാപാത്രമായിട്ടെത്തിയ ചിത്രം 1983ൽ റിലീസ് ചെയ്തു. ഹിമാലയ സാനുക്കൾ, കേദാർനാഥ്, ബദരി, ഹരിദ്വാർ തുടങ്ങിയ പുണ്യഭൂമിയിലൂടെയുള്ള ചിത്രീകരണം, ആത്മീയതയുടെ നിറച്ചാർത്ത് ചിത്രത്തിന്റെ സ്ഥായീഭാവം വർധിപ്പിച്ചു. ഈ രണ്ടു ചിത്രങ്ങളും കൂടാതെ 2013 ൽ ജഗദ്ഗുരു ആദിശങ്കരൻ എന്ന പേരിൽ കൗശിക് ബാബുവിനെ നായകനാക്കി ടി.കെ.ഭാരതി ഒരു ചിത്രം തെലുങ്കിൽ നിർമിച്ചു.

1966ൽ കടമ്മറ്റത്തു കത്തനാർ വെള്ളിത്തിരയിലെത്തി. അദ്ദേഹത്തിന്റെ ജീവിതം തന്നെ മാന്ത്രികലോകവുമായി ബന്ധപ്പെട്ടതായിരുന്നതിനാൽ ഈ വിദ്യകളൊക്കെ ഒത്തിരി ഇഷ്ടപ്പെട്ടിരുന്ന ജനം ചിത്രത്തെ സ്വീകരിച്ചു.

ഉന്നതരുടെ പേരും പെരുമയും മറച്ചുവെച്ചുകൊണ്ട് അവരുടെ ജീവിതകഥയ്ക്ക് നിറവും കാൽപനിക ഭാവവും നൽകി മറ്റൊരു




പേരിൽ ചിത്രമെടുക്കുന്ന രീതി മറ്റു ഭാഷകളിലെന്നപോലെ മലയാളത്തിലുമുണ്ട്. മഹാകവി പി.കുഞ്ഞിരാമൻ നായരെക്കുറിച്ച് ഇവൻ മേഘരൂപൻ എന്ന പേരിൽ സിനിമ വന്നു. തുളസിപ്പൂവിന്റെ മണമുള്ള കവിതകൾ രചിച്ച പി.യുടെ ജീവിതത്തിലെ അടർത്തിയെടുക്കപ്പെട്ട ഭാഗങ്ങൾക്ക് തന്മയീഭാവവും കാൽപനികത്വവും നൽകിയപ്പോൾ ഇവൻ മേഘരൂപനായി. ഈ വിഭാഗത്തിൽപ്പെട്ട മറ്റൊരു ചിത്രമാണ് കമൽ സംവിധാനം നിർവഹിച്ച ആമി. മലയാളത്തിന്റെ പ്രിയ എഴുത്തുകാരി മാധവിക്കുട്ടിയുടെ ജീവിതമാണ് പ്രതിപാദ്യം. നടി മഞ്ജു വാര്യർ മാധവിക്കുട്ടിയെ ജീവസ്സുറ്റതാക്കി. കമലിന്റെ തന്നെ മറ്റൊരു ചിത്രമാണ് സെല്ലുലോയിഡ്. പ്രഥമ മലയാള ചലച്ചിത്രകാരനായ ജെ.സി.ഡാനിയേലിന്റെ ജീവിതമാണ് കഥാതന്തു. മലയാളത്തിന്റെ പ്രിയനടൻ കലാഭവൻ മണിയുടെ ജീവിതത്തിന്റെ പ്രധാന ഏടുകൾ അടർത്തിയെടുത്ത് അവതരിപ്പിച്ചതാണ് ചാലക്കുടിക്കാരൻ ചങ്ങാതി. പി.എ തോമസ്സിന്റെ ജീസസ്സ്, സൂര്യദേവയുടെ അയ്യങ്കാളി, സത്യൻ അഭിനയിച്ച കായംകുളം കൊച്ചുണ്ണി തുടങ്ങിയവയും ബയോപിക് ശേഖരത്തിൽ ഇടം നേടിയിട്ടുണ്ട്.

മലയാളത്തിൽ ഏറ്റവും കൂടുതൽ ജീവചരിത്ര സിനിമ നിർമിക്കപ്പെട്ടിട്ടുള്ളത് ശ്രീനാരായണ ഗുരുവിനെ വിഷയമാക്കിക്കൊണ്ടാണ്.

പി.എ.ബക്കർ സംവിധാനം ചെയ്ത ശ്രീനാരായണഗുരു, ജി.കൃഷ്ണസ്വാമി (ലേഖകൻ) സംവിധാനം ചെയ്ത സ്വാമി ശ്രീനാരായണഗുരു, ആർ സുകുമാരന്റെ യുഗപുരുഷൻ, ഉദയഭാനുവിന്റെ ഗുരുദേവൻ, വിജിഷ് മണിയുടെ വിശ്വഗുരു എന്നിവയാണ് ഗുരുവിനെ ആധാരമാക്കി ചിത്രീകരിച്ചിട്ടുള്ള സിനിമകൾ. 34 വർഷം മുമ്പാണ് ബക്കറും കൃഷ്ണസ്വാമിയും ഗുരുവിന്റെ ജീവിതകഥ ചലച്ചിത്രമാക്കുന്നത്. വിശ്വഗുരു എന്ന പേരിൽ വിജിഷ് മണിയുടെ ഒരു ഗുരുദേവ ചിത്രവുമുണ്ട്. ■

**മലയാള സിനിമയുടെ നിറസാന്നിദ്ധ്യമായിരുന്നു പി. ഭാസ്ക്കരൻ. 1967ൽ അദ്ദേഹത്തിന്റെ ഇരുട്ടിന്റെ ആത്മാവിന് സാമൂഹ്യപ്രസക്തിയുള്ള ചിത്രത്തിനും തുടർന്ന് തുറക്കാത്ത വാതിലിന് ദേശീയോദ്ഗ്രഥനത്തിനുള്ള ദേശീയ അവാർഡും ലഭിച്ചു.**

Registration No. KL/TV(N)660/2018-20
Licensed to post without pre-payment No.
KL/TV(N)/WPP/216/2018-20

Date of Publication: 01.03.2021
RNI No.2014/58028 Price: 12.00




Printed and Published by S. Harikishore IAS.Director, Information Public Relations Department on behalf of Government of Kerala and Printed at Orange Press Pvt. Ltd., Thiruvananthapuram, Kerala. Chief Editor: S. Harikishore IAS.